# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



ഫെബ്രുവരി 09 – തിരുബാലസഖ്യദിനം

Vol. LXX February 2020 No.2



കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനായി നിയമിതനായ

# അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്

പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ...



പാലക്കാട് രൂപതയുടെ നിയുക്ത സഹായമെത്രാൻ

# അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്

മാതൃരൂപതയുടെ പ്രാർത്ഥനാശംസകൾ...



മണ്ണയ്ക്കനാട് ഒ.എൽ.സി.ബധിര വിദ്യാലയത്തിന്റെ സിൽവർ ജൂബിലി സമാപനവും
സ്കൂൾ വാർഷികവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ
മഹനീയ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്യുന്നു.



അന്തർദേശീയ സീറോ മലബാർ മാതൃവേദി ജനറൽ ബോഡി യോഗവും ഇലക്ഷൻ ക്യാമ്പയിനും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



വിശ്വാസ പരിശീലന വാർഷിക ദിനാഘോഷത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

FEBRUARY 2020
Vol. LXX No. 2

# CONTENTS

ഇടയലേഖനം 63 ........................................................ 91

സർക്കുലർ -മാർസ്ലീവ മെഡിസിറ്റി.............................. 98

സർക്കുലർ - കെ.സി.ബി.സി. .................................... 103

സർക്കുലർ - സിനഡ് അനന്തര സർക്കുലർ............ 109

സർക്കുലർ - മാർപാപ്പയുടെ സന്ദേശം ..................... 117

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് ............................. 124

Prayer Day List ........................................... 126

വാർത്തകൾ ............................................................ 127

ആദരാഞ്ജലികൾ .................................................... 167

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ......................... 169

Bishops' Engagements ..................................176

**ഇടയലേഖനം - 63**

# നോമ്പ് : വിനയവും നിശബ്ദതയും ശീലമാക്കേണ്ട കാലം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**
**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരേ,

ഈശോയുടെ മരുഭൂമിയിലെ ഉപവാസത്തെ ഓർത്ത് വിശ്വാസികൾ പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും ഉപവാസത്തിലും ചിലവഴിക്കുന്ന ആദ്ധ്യാത്മിക ശിക്ഷണത്തിന്റെ സമയമായ വലിയ നോമ്പുകാലത്തേക്ക് നാം ഒരിക്കൽകൂടി പ്രവേശിക്കുകയാണ്. നോമ്പ് ആത്മാവിനെ വിശുദ്ധീകരിക്കുകയും രക്ഷാകരരഹസ്യത്തിൽ നിന്ന് മിശിഹായിലുള്ള ജീവിതത്തെ കൂടുതൽ അടുത്ത് അറിയുന്നതിന് നമ്മെ ഒരുക്കുകയും ചെയ്യുന്നു.

തന്റെ ദൗത്യത്തിന് ആരംഭം കുറിച്ചുകൊണ്ട് പ്രലോഭകനെതിരെ ഈശോ ഏർപ്പെട്ട വിജയകരമായ സമരത്തെക്കുറിച്ച് മനനം ചെയ്തുകൊണ്ടാണ് സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നത്. നമ്മുടെ ദുർബലതയെക്കുറിച്ച് നാം ബോധവാൻമാരാകണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതാണ് കർത്താവ് നേരിട്ട പ്രലോഭനങ്ങൾ. ക്രിസ്തീയ വിശ്വാസം ഒരു വലിയ സമരത്തെ ഉൾക്കൊള്ളുന്നുണ്ട്. പ്രലോഭ

കനെതിരെയുള്ള സമരമാണിത്. ഈശോയുടെ മാതൃക അനുകരിച്ചും ഈശോയോടുകൂടിയും നടത്തേണ്ട സമരമാണിത്. അന്ധകാര ലോകത്തിന്റെ അധിപൻമാർക്കെതിരെയുള്ള പടവെട്ടലാണിത് (എഫേ.6:12). കർത്താവിനോട് അടുക്കാൻ ആഗ്രഹിക്കുന്ന ആരെയും തിന്മയിലേക്ക് പ്രലോഭിപ്പിക്കുക എന്ന പ്രവൃത്തി ഒരിക്കലും മടുക്കാതെ ഇന്നും ദുഷ്ടാരൂപി തുടർന്നുകൊണ്ടാണിരിക്കുന്നത്. സാത്താൻ ഒരിക്കലും വിശ്രമിക്കുകയോ ഉറങ്ങുകയോ ചെയ്യുന്നില്ല. ഇവിടെ പ്രലോഭകനെതിരെയുള്ള ഈശോയുടെ വിജയം നമ്മുടെ ഹൃദയങ്ങളെ പ്രത്യാശയിലേക്ക് തുറക്കുകയും പ്രലോഭനങ്ങളെ കീഴടക്കുന്നതിന് അവൻ നമുക്ക് നായകനായി വരുമെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു. സഭയുടെ യാമപ്രാർത്ഥനയിൽ നാം ഇങ്ങനെ അപേക്ഷിക്കുന്നു: "ഉപവാസത്താൽ ഈ ഭൂമിയിൽ മനുഷ്യന് ശരണവും ആത്മാവിൽ വിജയവും നൽകിയ കർത്താവേ, നിന്റെ കൃപയെ ഞങ്ങൾ വാഴ്ത്തി നമിക്കുന്നു"(നോമ്പുകാലം, ഞായർ, ഓനീസാദ് സപ്രാ).

മരുഭൂമിയിൽ പ്രലോഭകനെ പരാജയപ്പെടുത്തിയവൻ മലമുകളിലേക്ക് യാത്ര ചെയ്യുന്നത് നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. ശ്ലീഹന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ട് ഈശോ ഒരു ഉയർന്ന മലയിലേക്ക് പോയി (മത്തായി 17:1). മലമുകളിലെ രൂപാന്തരീകരണ സമയത്ത് ഈശോയോടൊപ്പമുള്ള ശ്ലീഹന്മാർക്ക് കർത്താവിന്റെ മഹത്വം വെളിപ്പെടുകയും അവന്റെ ഉത്ഥാനത്തെക്കുറിച്ച് അറിവ് ലഭിക്കുകയും ചെയ്തു. അവിടെ പിതാവായ ദൈവത്തിൽ നിന്ന് മുഴുങ്ങിക്കേട്ട വചനം "ഇവന്റെ വാക്ക് ശ്രവിക്കുവിൻ" (മത്തായി 17:5) എന്നതായിരുന്നു. നോമ്പുകാലം പ്രലോഭകനെ പരാജയപ്പെടുത്തിയവനോടൊന്നിച്ച് അവന്റെ വാക്ക് ശ്രവിക്കുവാനും ധ്യാനിക്കുവാനും അനുദിന ജീവിതത്തിന്റെ ബഹളങ്ങളിൽ

നിന്ന് അകന്നു നിൽക്കാനുമുള്ള ക്ഷണമാണ്. പ്രാർത്ഥന യിലൂടെ നാമെല്ലാവരും മലമുകളിലായിരിക്കേണ്ട സമയമാണ് നോമ്പുകാലം. മലമുകളിലെ ഉപവാസവും പ്രാർത്ഥനയും ദൈവാനുഭവവും കൂടാതെ താഴ്വരകളിലെ ബാധകളെയും തിന്മകളെയും തോല്പിക്കാനാവില്ല. നന്മയെ തിന്മയിൽ നിന്ന് വിവേചിച്ചറിഞ്ഞ് കർത്താവിനെ പിഞ്ചെല്ലാനുള്ള നമ്മുടെ മനസ്സിന്റെ ഇംഗിതത്തെ ഈശോയുടെ വാക്ക് ശക്തിപ്പെടുത്തുന്നു. ഉത്ഥാനത്തിലുള്ള പ്രത്യാശ നമ്മിൽ രൂഢമൂലമാകാനും ഇത് സഹായിക്കുന്നു. ഉത്ഥാനത്തിന്റെ മഹത്വത്തിൽ സന്തോഷിക്കാൻ വേണ്ടിയാണ് നാം നോമ്പിലേക്ക് പ്രവേശിക്കുന്നത്.

ഈശോ ഏകരക്ഷകനാണ് എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ കാതൽ. ഈ വിശ്വാസത്തെ കൂടുതൽ ദൃഢതരവും ആഴമുള്ളതുമാക്കാൻ നാം അദ്ധ്വാനിക്കേണ്ട സമയമാണ് നോമ്പുകാലം. ജന്മനാ അന്ധനായ മനുഷ്യനോട് ഈശോ ചോദിക്കുന്ന "മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?" (യോഹ. 9:35) എന്ന ചോദ്യം നാം ഓരോരുത്തരോടുമാണ്. "കർത്താവേ, ഞാൻ വിശ്വസിക്കുന്നു"(യോഹ. 9:38) എന്ന് അവൻ സന്തോഷപൂർവ്വം ഉദ്ഘോഷിച്ചു. ആധുനികയുഗം നമുക്ക് സംലഭ്യമാക്കിയിരിക്കുന്ന സുഖസൗകര്യങ്ങളുടെയും അനന്തസാദ്ധ്യതകളുടെയും മുന്നിൽ ഏകരക്ഷകനായ ഈശോയിലുള്ള നമ്മുടെ വിശ്വാസം ക്ഷയിക്കുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതുണ്ട്. നമ്മുടെ ജീവിതത്തിൽ ഇരുട്ടിലുള്ളതിനെയെല്ലാം പ്രകാശിപ്പിക്കുന്നതും വെളിച്ചത്തിന്റെ മക്കളായി ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും ഈശോയാണെന്ന തിരിച്ചറിവ് നമ്മിൽ ആഴപ്പെടണം. അതിനാൽ ഈ നോമ്പുകാലം ലോകത്തിന്റെ പ്രകാശമായ മിശിഹായിലുള്ള വിശ്വാസത്തിൽ വളരുന്നതിനുള്ള ഒരവസരമാകണം. ഈശോയിലുള്ള നമ്മുടെ വിശ്വാസ

ത്തിന്റെ മാറ്റ് കുറയ്ക്കാൻ ഒരിക്കലും അവസരം കൊടുക്കരുത്. നോമ്പ് ഗുരുസാന്നിദ്ധ്യമാണ്, ഈശോയുടെ കൂട്ടത്തിൽ ആയിരിക്കുക എന്നതാണ്. ഉള്ളം തപിപ്പിക്കലാണ്. ശരിക്കും ഒരു അഗ്നിസ്നാനമാണ്. എല്ലാത്തരം ഇരുളിനെയും നീക്കം ചെയ്യുന്ന ഒരു ജീവിതക്രമമാണത്.

ഉത്ഥാനത്തിന്റെ ആഘോഷത്തിലൂടെ സന്തോഷത്തിലേക്ക് പ്രവേശിക്കാനുള്ള ആത്മീയ ശിക്ഷണത്തിന്റെ സമയമാണ് നോമ്പുകാലം. ഈശോ ചോദിക്കുന്നു: "ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇത് നീ വിശ്വാസിക്കുന്നുവോ?" (യോഹ. 11 :25 – 26). ഈ ചോദ്യത്തിലൂടെ നമ്മുടെ അസ്ഥിത്വത്തിന്റെ അത്യന്തിക രഹസ്യത്തെയാണ് നാം നേരിടുന്നത്. അതിനാൽ സർവ്വപ്രത്യാശയും നസ്രായനായ ഈശോയിൽ അർപ്പിച്ചുകൊണ്ട് നാം പറയണം: "ഉവ്വ്! കർത്താവേ, നീ ലോകത്തിലേക്ക് വരാനിരുന്ന ദൈവപുത്രനായ മിശിഹാ ആണെന്ന് ഞാൻ വിശ്വസിക്കുന്നു"(യോഹ. 11:27). നമ്മുടെ ഭൗമിക ജീവിതത്തിൽ ഈശോയുമായുള്ള സംസർഗ്ഗം മരണമെന്ന തടസ്സത്തെ അതിജീവിക്കാൻ നമ്മെ സജ്ജരാക്കുന്നു. അങ്ങനെയാണ് നാം നിത്യം ജീവിക്കുന്നവരാകുന്നത്. മരിച്ചവരുടെ ഉത്ഥാനത്തിലുള്ള വിശ്വാസവും നിത്യജീവിതത്തിലുള്ള പ്രത്യാശയും നമ്മുടെ അസ്ഥിത്വത്തിന്റെ ആത്യന്തിക രഹസ്യത്തിലേക്ക് നമ്മുടെ കണ്ണുകളെ തുറപ്പിക്കുന്നു. ദൈവം മനുഷ്യരെ സൃഷ്ടിച്ചത് ഉത്ഥാനത്തിനും ജീവനും വേണ്ടിയാണ്. നോമ്പിലേക്ക് പ്രവേശിക്കുന്നതിന് തൊട്ട് തലേ വെള്ളിയാഴ്ച നാം സകല മരിച്ചവരെയും ഓർക്കുന്നു. നോമ്പ് കഴിഞ്ഞ് വരുന്ന ഉയിർപ്പിലെ ആദ്യവെള്ളിയാഴ്ച സകല വിശുദ്ധരെയും നാം അനുസ്മരിക്കുന്നു. ഈ രണ്ട് ഓർമ്മ

കൾക്കിടയിലാണ് നോമ്പുകാലം. ഈ ക്രമീകരണത്തിലൂടെ മരണത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും ഓർക്കാനും നിത്യജീവന്റെ പ്രത്യാശയിൽ ജീവിക്കാനും നോമ്പുകാലത്ത് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് സഭ ഓർമ്മിപ്പിക്കുന്നു. വിശ്വാസം തിരികെ പിടിക്കുക എന്ന സന്ദേശമാണ് നോമ്പുകാലം നൽകുന്നത്. ഉത്ഥാനത്തിലുള്ള വിശ്വാസവും പ്രത്യാശയും നോമ്പ് കൂടുതൽ സജീവമായി അനുഷ്ഠിക്കാൻ നമ്മെ സഹായിക്കും. നോമ്പും ഉപവാസവും നമ്മുടെ ശരീരത്തിന്റെ ഭാരം കുറയ്ക്കുകയും ഉത്ഥാനത്തിനു വേണ്ടി നമ്മുടെ ശരീരങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നു. ആദിമ സഭയുടെ പണ്ഡിതനായ തെർത്തുല്യൻ പറയുന്നു: "ഭാരം മൂലം നമ്മുടെ ശരീരം ഒരു തടസ്സമായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഉപവാസവും നോമ്പും കൊണ്ട് ഭാരം കുറഞ്ഞ ഒരു ശരീരത്തെ ദൈവം വേഗം ഉയിർപ്പിക്കും". നോമ്പ് ഉത്ഥാനത്തെക്കുറിച്ച് ചിന്തിപ്പിക്കുന്നു, നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശ പകരുന്നു.

ദൈവത്തോടൊപ്പമായിരിക്കാനും വിശ്വാസത്തിൽ ആഴപ്പെടാനും ഉത്ഥാനത്തെപ്പറ്റിയുള്ള പ്രത്യാശയിൽ ജീവിക്കാനും നോമ്പുകാലത്ത് നാം പരിശ്രമിക്കുമ്പോൾ ദൈവമനുഷ്യബന്ധത്തിന് കൂടുതൽ ഉറപ്പ് കൈവരുന്നു. അതൊടൊപ്പം തന്നെ നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന സാഹചര്യങ്ങളിലേക്ക് കണ്ണു തുറക്കാനും നമുക്ക് കഴിയണം. ദൈവത്തോടൊപ്പം സഹോദരങ്ങളോടുള്ള ബന്ധത്തിലും നവീകരണം സാദ്ധ്യമാക്കാൻ നോമ്പനുഷ്ഠാനത്തിന് കഴിയണം. ഒരു നോമ്പു കഴിക്കുക ഒട്ടും നിസാരമല്ല. മാത്രമല്ല അതാണ് സാരം. ശ്രദ്ധയും അനുഷ്ഠാനവുമാണ് നോമ്പുകാലം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. നഷ്ടപ്പെട്ട പറുദീസായുടെ വീണ്ടെടുക്കലാണ് നോമ്പിലേക്ക് പ്രവേശിക്കുക എന്നത്. കരുണ കരകവിയുന്നതിനെയാണ് നോമ്പ് എന്ന്

വിളിക്കേണ്ടത്. വി. യോഹന്നാൻ നമുക്ക് താക്കീത് നല്കുന്നുണ്ട്: ''ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നുവെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും?''(1 യോഹ. 3:17). നല്ല സമരിയാക്കാരന്റെ ചൈതന്യം നാം സ്വീകരിക്കണം. മറ്റൊരാൾക്കുവേണ്ടി ചെയ്യുന്ന ആത്മത്യാഗ പ്രവൃത്തിയിലൂടെ, ആവശ്യത്തിലിരിക്കുന്ന സഹോദരനോ സഹോദരിയോ എനിക്കപരിചിതനല്ലെന്ന് ഞാൻ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. മത്സ്യമാംസാദികൾ വർജ്ജിച്ചു കൊണ്ടു നമുക്കു നോമ്പ് ആചരിക്കണം. മദ്യപാനത്തിൽ നിന്നും എല്ലാവരും മാറി നില്ക്കണം.

വീട്ടുമുറ്റത്ത് ഏറെ ദാരിദ്ര്യം അനുഭവിക്കുന്ന ലാസറുണ്ടെന്നും അവന്റെ ഉയിർത്തെഴുന്നേൽപ്പ് നമ്മുടെ വീടിന്റെ ആനന്ദകാരണമാണെന്നും അത് നമ്മുടെയും ഉയിർത്തെഴുന്നേൽപ്പ് ആണെന്നും നമ്മൾ തിരിച്ചറിയേണ്ട കാലമാണ് നോമ്പുകാലം. നമ്മുടെ വാക്കുകൾ മിശിഹായ്ക്ക് വഴി ഒരുക്കുന്നവയാകണം. സത്യത്തിന്റെ വാക്ക് നാവിൽ മുളക്കുംവരെ മരുഭൂമിയിൽ പാർക്കാൻ നമുക്കാവണം. ഹൃദയനിലം കിളയ്ക്കണം. തിന്മയിലേയ്ക്ക് ആഴപ്പെട്ടു നിൽക്കുന്ന വേരുകൾ അറക്കണം. കേവലം മൺപാത്രങ്ങളാകുന്ന നമ്മൾ ദൈവാരൂപിയാൽ തിളയ്ക്കണം. സംഭാഷണത്തിൽ മിതത്വം പാലിച്ച് മൗനം ശീലമാക്കണം. മൗനത്തിലും നിശബ്ദതയിലും നിന്നുള്ള വാക്കുകൾക്ക് തനിമയും ശോഭയും ഏറും. അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു എന്നു പറയുന്നതിന് ദീർഘനാൾ മൗനത്തിലും പ്രാർത്ഥനയിലും ആയിരിക്കണം. കൊട്ടാരംവിട്ട് ഇറങ്ങിപോവുകയും പല തവണ മലമുകൾ കയറി ഇറങ്ങു

കയും നാല്പത്വത്സരങ്ങൾ മരുഭൂമിയിൽകൂടി നടക്കുകയും ചെയ്തപ്പോഴാണ് മോശയുടെ ജീവിതത്തിന് ചിട്ടക്രമവും തിളക്കവും ലഭിച്ചത്. നമ്മുടെ ചിന്തകളുടെ അപഥസഞ്ചാരങ്ങളെ തടഞ്ഞുനിർത്താനുള്ള സമയമാണ് നോമ്പുകാലം.

വി. അപ്രേമിന്റെ നോമ്പുകാല പ്രാർത്ഥന നമ്മുടെ നോമ്പനുഷ്ഠാനങ്ങൾക്ക് ചാലകശക്തിയാകട്ടെ.

"നിന്റെ ദാസനായ എനിക്ക് ശുദ്ധതയും എളിമയും ക്ഷമാശീലവും സ്നേഹവും നൽകണമെ. നാഥാ, എന്റെ തെറ്റുകൾ കാണാൻ എന്റെ കണ്ണുകൾ തുറപ്പിക്കണമെ. എന്റെ അയൽക്കാരനെ വിധിക്കാതിരിക്കാനുള്ള കഴിവും നൽകണമെ."

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28.01.2020

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ചകളിൽ വി. കുർബാനയുള്ള എല്ലാ മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ 262

## മാർസ്ലീവാ മെഡിസിറ്റി ചേർപ്പുങ്കൽ, പാലാ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, മറ്റ് സഹോദരങ്ങളേ,

നമ്മുടെ രൂപതയുടെ ആരംഭകാലം മുതൽ രൂപതയ്ക്ക് ശക്തമായ ഒരടിത്തറ പാകുവാനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും സ്ഥാപനങ്ങൾ തുടങ്ങുവാനും അജപാലനപരമായ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും രൂപികരിച്ച് നമ്മുടെ രൂപതയെ ഇന്നത്തെ നിലയിലെത്തിക്കുവാനും ബഹു. വൈദികരും, സമർപ്പിതരും ഇടവക ജനങ്ങളും ചെയ്ത പരിശ്രമങ്ങൾ വിലമതിക്കാനാവാത്തതാണ്. നമ്മുടെ ഒരുമയും കൂട്ടായ സഹകരണങ്ങളും പരിശ്രമങ്ങളുമാണ് എന്നും നമ്മുടെ വളർച്ചയ്ക്ക് ഇടയാക്കിയത്. അത് ഇന്ന് നമ്മളിലൂടെ തുടരുന്നതിൽ നമുക്ക് അഭിമാനിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യാം. പള്ളികൾ, കോളേജുകൾ, പള്ളിക്കൂടങ്ങൾ, പള്ളിമുറികൾ, പാരീഷ് ഹാളുകൾ തുടങ്ങി ഇന്ന് നമുക്കുള്ളവയെല്ലാം നമ്മുടെ കൂട്ടായ അദ്ധ്വാനഫലമാണ്. ദൈവം അവയെ ഫലം ചൂടിച്ചു.

നമ്മുടെ എല്ലാം അഭിമാനവും സ്വപ്നവുമായ മാർസ്ലീവാ മെഡിസിറ്റിയുടെ വെഞ്ചെരിപ്പ് 2019 സെപ്റ്റംബർ 14 ന് നടത്തുകയും തുടർന്നുള്ള ദിവസങ്ങളിൽ പലരും ആശുപത്രി സന്ദർശിക്കുകയും സൗകര്യങ്ങളും സംവിധാനങ്ങളും കണ്ടു മനസ്സിലാക്കുകയും ചെയ്തിട്ടുള്ളതാണല്ലോ. നവംബർ 01 നാണ് ഔദ്യോഗികമായി ആശുപത്രിയിൽ ഒ.പി. വിഭാഗം പ്രവർത്തനം ആരംഭിച്ചത്. അതൊടൊപ്പം ആയുർവേദം, ഹോമിയോ ചികിത്സകളും പാലിയേറ്റീവ് കെയറും തുടങ്ങി. അന്നേദിവസം തന്നേ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിൽ ഇപ്പോൾ ദിവസവും 30-35 ഡയാലിസിസുകൾ നടത്തുന്നുണ്ട്.

തുടർന്ന് 11 ഓപ്പറേഷൻ തീയറ്ററുകൾ, 10 ഐസിയുകൾ, ഏറ്റവും വിജയകരമായ രീതിയിൽ ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റിയും ചെയ്യാൻ ഉതകുന്ന കാത്ത്ലാബ് എന്നിവ പ്രവർത്തനസജ്ജമാക്കി. റേഡിയോളജി വിഭാഗത്തിലെ അൾട്രാസൗണ്ട്, 128 സ്ലൈസ് സി.റ്റി. സ്കാൻ, 3 തെസ്ലാ എം. ആർ.ഐ, മാമ്മോഗ്രഫി, ബോൺ മിനറൽ ഡെൻസിറ്റി സ്കാൻ, ഡിജിറ്റൽ എക്സ്റേ എന്നിവയും ഇക്കാലയളവിൽ സുസജ്ജമായി. ജനുവരി 20 ന് എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതോടെ നമ്മുടെ ആശുപത്രി ഏതുചികിത്സക്കും തയ്യാറായി എന്നു നിങ്ങളെ എല്ലാവരെയും സന്തോഷപൂർവ്വം അറിയിക്കുന്നു.

ഇപ്പോൾ 65-ഓളം വിദഗ്ദ ഡോക്ടർമാരും 15 ജൂനിയർ ഡോക്ടർമാരും, 170 നേഴ്സ്മാരും ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. എല്ലാവിഭാഗം ഒ.പി. കളും വൈകിട്ട് 5 വരെ പ്രവർത്തിക്കുന്ന വിവരം ഇതിനോടകം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. തിങ്കൾ മുതൽ ശനി വരെ ജനറൽ മെഡിസിൻ, പീഡിയാട്രിക് വിഭാഗത്തിൽ ഒ.പി. സൗകര്യം എന്നിവ വൈകുന്നേരം 7 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട് എന്നുള്ള സന്തോഷവാർത്തകൂടി അറിയിച്ചുകൊള്ളട്ടെ. പലർക്കും ജോലി സമയം കഴിഞ്ഞ് ഡോക്ടറെ കാണാനുള്ള സൗകര്യത്തിനുവേണ്ടിയാണ് ഇതു ചെയ്തിരിക്കുന്നത്.

ഏതുസമയത്ത് വന്നാലും സി.റ്റി.സ്കാൻ, എം.ആർ. ഐ., അൾട്രാസൗണ്ട് മുതലായ ടെസ്റ്റുകൾ ചെയ്യാനുള്ള സൗകര്യമുണ്ട്. അതു മാത്രമല്ല മെഡിസിൻ, സർജറി, റേഡിയോളജി, ക്രിട്ടിക്കൽ കെയർ, ഓർത്തോ പീഡിക്സ്, അനസ്തീഷ്യ, കാർഡിയോളജി, ഗാസ്ട്രോ എന്ററോളജി, ന്യൂറോളജി, പീഡിയാട്രിക്സ് മുതലായ വിഭാഗങ്ങളിലെ കൺസൾട്ടന്റുമാരുടെ (സീനിയർ ഡോക്ടർമാർ) സേവനം എല്ലാ സമയവും ആശുപത്രിയിൽ ലഭിക്കുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന

അത്യാഹിതവിഭാഗം, ബ്ളഡ് ബാങ്ക്, ലാബ്, ഫാർമസി, കാത്ത്ലാബ്, ഡയാലിസിസ് യൂണിറ്റ്, എൻഡോസ്കോപ്പിലാബ് മുതലായവ മാർ സ്ലീവായുടെ പ്രത്യേകതകളാണ്.

എമർജൻസി മെഡിസിൻ സ്പെഷ്യലിസ്റ്റ്, ജനറൽ സർജൻ, ന്യൂറോ സർജൻ, ഓർത്തോ പീഡിക് സർജൻ, ക്രിട്ടിക്കൽ കെയർ സ്പെഷ്യലിസ്റ്റ്, മാക്സിലോഫേഷ്യൽ സർജൻ എന്നിവരുടെ കൂട്ടായ്മയിലുള്ള ട്രോമാ കെയർ വിഭാഗവും നമ്മുടെ ആശുപത്രിയുടെ പ്രത്യേകതയാണ്. ഏതൊരു ആക്സിഡന്റ് കേസും വളരെ സൂക്ഷമതയോടും കരുതലോടുംകൂടി കൈകാര്യം ചെയ്യാൻ ഈ ടീം 24 മണിക്കൂറും സുസജ്ജമാണ്.

ആശുപത്രിയിലെ ഓരോ ഡിപ്പാർട്ടുമെന്റിലെ ഡോക്ടർസിന്റെ കൂട്ടായ്മയിലൂടെയും നഴ്സസിന്റെ നിസ്വാർത്ഥ സേവനത്തിലൂടെയും എല്ലാവിധ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ഒരു റഫറൽ സെന്റർ ആയി ഇതു മാറിക്കഴിഞ്ഞു. മാർ സ്ലീവാ മെഡിസിറ്റി സന്ദർശിച്ചവരുടെ നല്ല പ്രതികരണങ്ങളും പ്രോത്സാഹനങ്ങളും ആശുപത്രിയുടെ വളർച്ചയ്ക്ക് സഹായകമായിത്തീരും എന്നതിൽ സംശയമില്ല.

നമ്മുടെ മാർ സ്ലീവാ മെഡിസിറ്റി പങ്കുവയ്ക്കലിന്റെ ഫലമാണ്. ഇടവകകളും, വ്യക്തികളും, സ്ഥാപനങ്ങളും, സമർപ്പിതസമൂഹങ്ങളും നിർലോഭമായി നൽകിയ സഹകരണത്തിന്റെ ഫലമായിട്ടാണ് ഇന്ന് അത് പ്രവർത്തനമാരംഭിക്കാൻ സാധിച്ചിരിക്കുന്നത് എന്നത് നന്ദിപൂർവ്വം ഓർക്കുന്നു. ഏതാണ്ട് 300 കോടി രൂപയോളം ഇതുവരെ നമുക്ക് മുടക്കേണ്ടി വന്നിട്ടുണ്ട്. ഇനിയും കുറെ പണംകൂടി അതിന്റെ പൂർത്തീകരണത്തിന് ആവശ്യമായി വരും. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ ഏറ്റവും മെച്ചപ്പെട്ട വൈദ്യസഹായം നൽകുകയും അതിലൂടെ അനേകരുടെ ജീവൻ രക്ഷിക്കുകയുമാണ് നമ്മുടെ ലക്ഷ്യം.

നമ്മുടെ ആശുപത്രിയുടെ പണി പൂർത്തീകരിക്കുന്ന തിനും ഇതുവരെ നമ്മൾ എടുത്ത ബാങ്ക് ലോണുകൾ എത്രയും വേഗം തിരിച്ചടയ്ക്കുന്നതിലേക്കും വേണ്ടി വിവിധ മാർഗങ്ങൾ രൂപതാ കച്ചേരിയിലും ഫൈനാൻസ് കമ്മറ്റിയിലും ആലോചനാ സമിതിയിലും ചർച്ചചെയ്യുകയും ഐക്യക ണ്ഠേന തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി.

ഈ വരുന്ന വലിയ നോമ്പുകാലം മുതൽ അടുത്ത 5 വർഷത്തേയ്ക്ക് എല്ലാ ഭവനങ്ങളിൽ നിന്നും ഒരു നോമ്പുകാല സംഭാവന സമാഹരണം നടത്തുകയാണ്. വലിയ നോമ്പ് കാലത്ത് നമ്മുടെ എല്ലാകുടുംബങ്ങളിലും ഏറ്റവും കുറഞ്ഞത് മാംസവും മത്സ്യവും വർജ്ജിക്കുകയും മറ്റ് അനാവശ്യചെല വുകൾ ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ ലഭിക്കുന്ന തുക പുതുഞായറാഴ്ചയ്ക്ക് മുമ്പായി കൈക്കാരന്മാർ, യോഗപ്രതി നിധികൾ, കുടുംബക്കൂട്ടായ്മ വാർഡ് ഭാരവാഹികൾ എന്നി വർ മുഖേന ബഹു. വികാരിയച്ചന്മാരെ ഏൽപ്പിച്ച് രൂപതാകേന്ദ്ര ത്തിൽ എത്തിക്കേണ്ടതാണ്. ഇതിലേക്ക് എല്ലാ വീടുകളിലും നൽകാനുള്ള മാർ സ്ലീവാ മെഡിസിറ്റിയുടെ പേരുള്ള ബാഗ് നോമ്പുകാലം ആരംഭിക്കുന്നതിനു മുൻപായി എല്ലാ ഇടവക കളിലും രൂപതാകേന്ദ്രത്തിൽ നിന്ന് എത്തിക്കുന്നതാണ്.

രണ്ടാമതായി സാമ്പത്തികമായി മെച്ചപ്പെട്ട ഇടവകക ളിൽ നിന്നും വാർഷിക വരുമാനത്തിന്റെ പത്ത് (10%) ശത മാനം കൂടി മാർ സ്ലീവാ മെഡിസിറ്റിക്കുവേണ്ടി നൽകുക എന്ന താണ്. ആണ്ട്തിരട്ടിനോട് കൂടിയാണ് ഇത് നൽകേണ്ടത്.

മേൽപ്പറഞ്ഞ രണ്ടുകാര്യങ്ങളും ഇക്കഴിഞ്ഞ ഡിസംബർ 12 – ാം തീയതി വ്യാഴാഴ്ച പാസ്റ്ററൽ ഇൻസ്റ്റിട്ട്യൂട്ടിൽ ചേർന്ന പാലാ രൂപതാ പ്രസ്ബിത്തേരിയത്തിൽ അവതരിപ്പിച്ചതാണ്. സമ്മേളനത്തിൽ പങ്കെടുത്ത 330 വൈദികരും അതിനെ അനു കൂലിക്കുകയുണ്ടായി. രൂപതാ അംഗങ്ങളായ നാമെല്ലാവരും ഒന്നിച്ച് പടുത്തുയർത്തിയ മാർ സ്ലീവാ മെഡിസിറ്റി ഈ ദേശ

ത്തിന് അനുഗ്രഹമായിമാറട്ടെ എന്നു പ്രാർത്ഥിക്കുന്നു. നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ പ്രോത്സാഹനത്തിനും സഹ കരണത്തിനും നന്ദി പറഞ്ഞുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28.01.2020

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഫെബ്രുവരി 16–ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ചകളിൽ വി. കുർബാനയുള്ള എല്ലാ മഠങ്ങളിലും സ്ഥാപനങ്ങളിലും നിർബന്ധമായും വായിക്കേണ്ടതാണ്.

Ref: 3249/K-5/KCBC/OL/DS 20.1.2020

## 2020 ഫെബ്രുവരി 9 തിരുബാലസഖ്യദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രീയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

1843-ൽ ഫ്രാൻസിൽ സ്ഥാപിതമായ തിരുബാലസഖ്യത്തെ 1922-ൽ 11-ാം പീയൂസ് പാപ്പ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രികസഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാർവത്രിക സഭയോട് ചേർന്ന് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയായ ഇന്ന് (09.02.2020) ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണ്. തിരുബാലസഖ്യത്തിലെ എല്ലാ അംഗങ്ങൾക്കും അവരെ നയിക്കുന്നവർക്കും ഈ നല്ല ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ നിർദ്ദേശമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി സമുചിതമായി ആചരിച്ചതിന്റെ തുടർച്ചയായി കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് "മിസ്സിയോ ദേയി 2020" എന്ന പേര് നൽകി പ്രേഷിതവർഷമായി ആചരിക്കുകയാണ്. കേരളസഭയ്ക്കു മുഴുവൻ നവ പ്രേഷിത ചൈതന്യവും പ്രേഷിതമാനസാന്തരവും നല്കി, "നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ പ്രേഷിത ആഹ്വാനത്തെ പൂർവ്വാധികം കൃപയോടും തീക്ഷ്ണ

തയോടും ശിരസ്സാവഹിച്ച് ജീവിക്കാനും പ്രഘോഷിക്കാനുമുള്ള ദൗത്യം കേരള സഭ ഏറ്റെടുക്കുകയാണ്. ഈ പ്രേഷിത നവ ചൈതന്യം എല്ലാവരെക്കാളും ഉപരിയായി ജ്വലിപ്പിക്കേണ്ടത് കുഞ്ഞുമക്കളെയും യുവതലമുറയെയും ആണ്.

നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ എന്നും കുഞ്ഞുങ്ങളെ കണ്ടു പഠിക്കുവിൻ എന്നും, ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 19:15) എന്നും യേശു പറഞ്ഞ സത്യങ്ങൾ നാം തിരിച്ചറിയണം.

നന്മമാത്രം നല്കിയും നന്മയുടെ പശ്ചാത്തലങ്ങൾ ഒരുക്കിയും കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ നമുക്ക് പങ്കുചേരണം. ഇന്ന് കുഞ്ഞുങ്ങൾ ഏറെ സങ്കീർണതകളിലൂടെ കടന്നുപോകുന്നു എന്ന് നാം മനസ്സിലാക്കണം. കുടുംബങ്ങളുടെ ശൈഥില്യവും മാതാപിതാക്കളുടെ ഇടയിലെ മത്സരങ്ങളും മദ്യപാനം, ലഹരി ഉപയോഗം എന്നിവയുടെ സമ്മർദ്ദത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾ, അസമാധാനം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുഞ്ഞുങ്ങളെ ദുരുപയോഗിക്കുന്നവരുടെ കഴുകൻ കണ്ണുകൾ – ഇവ നമ്മുടെ കുരുന്നുകളുടെ ജീവിതം അപഹരിക്കുകയാണ്. പ്രായത്തോടൊപ്പം വിരിയേണ്ട അവരുടെ വൈകാരിക, ലൈംഗിക ജിജ്ഞാസകളും താത്പര്യങ്ങളും അറിവുകളും അനുഭവങ്ങളും വളരെ മുമ്പേതന്നെ ഉദ്ദീപിപ്പിക്കുന്ന ഇന്നത്തെ സാഹചര്യം മുതിർന്നവരായ നമ്മുടെ മുമ്പിലെ വെല്ലുവിളിയും കൃത്യമായ പ്രവർത്തനങ്ങൾക്കുള്ള ചൂണ്ടുപലകയും ആവണം.

തിരുക്കുടുംബത്തിലെ ഉണ്ണിയായ യേശു വളർന്നുവന്നതുപോലെയാണോ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്? പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും ദൈവഹിതം ആരാഞ്ഞ് അതിനടിയറവു പറഞ്ഞ് ദിവ്യശിശുവായ യേശുവിനെ ദൈവികദൗത്യത്തിനായി (മിസ്സിയോ ദേയി) വളർത്തി

യതു പോലെയാണോ ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നത്? ക്രൈസ്തവ കുടുംബജീവിതം നയിക്കുന്ന നമ്മളോട് ദൈവവും കാലവും ചോദിക്കുന്ന ചോദ്യങ്ങളാണിവ.

പ്രേഷിതവർഷത്തിൽ കുഞ്ഞുങ്ങളെ യേശു വളർന്നതു പോലെ നാലു തലങ്ങളിൽ നമുക്ക് വളർത്തിയെടുക്കാം - ജ്ഞാനത്തിൽ, പ്രായത്തിൽ, ദൈവപ്രീതിയിൽ, മനുഷ്യപ്രീതിയിൽ. ഒന്നാമതായി, ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം. അത് ബുദ്ധിയല്ല, ജ്ഞാനമാണ്. അറിവല്ല, തിരിച്ചറിവാണ്. രണ്ടാമതായി, പ്രായത്തിൽ വളർന്നുവരണം. പ്രായം എന്നത് ശരീരത്തിന്റെ വളർച്ചമാത്രമല്ല. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുവളരുന്നത് അപ്പംകൊണ്ട് മാത്രമല്ല, വചനങ്ങൾ കൊണ്ടും കൂടിയാണ്. അതിനാൽ കുഞ്ഞുമനസ്സുകൾ വചനത്തിനായി തുറക്കപ്പെടണം. മൂന്നാമതായി, കുഞ്ഞുങ്ങൾ ദൈവപ്രീതിയിൽ വളർന്നുവരണം. ശരീരത്തെ ദേവാലയമാക്കുന്നതാണ് ദൈവപ്രീതി. നാലാമതായി, ഓരോ കുഞ്ഞും മനുഷ്യപ്രീതിയിൽ വളർന്നുവരണം. ഒപ്പം നിൽക്കുന്നവരെ പ്രകാശിപ്പിക്കുന്ന മാനുഷികഗുണങ്ങളെ സ്വന്തമാക്കലാണത്. ഇപ്രകാരം കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

പ്രേഷിതമാനസാന്തരത്തിന്റെ ഈ അസുലഭ അവസരത്തിൽ കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ് പരമപ്രധാന്മായ ദൗത്യം. "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നത്, "ജീവിതത്തിലെ ഒരേ ഒരു ദുരന്തം വിശുദ്ധനാകാത്തതാണ്" (GE 34) എന്നാണ്. കുഞ്ഞുങ്ങളെയും നമ്മെയും അനുദിനം വിശുദ്ധരാക്കി മാറ്റാൻ നാല് ആത്മീയ പാതകൾ തിരഞ്ഞെടുക്കണമെന്ന് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷി

തമാസാചരണത്തിന്റെ അവസരത്തിൽ ആവശ്യപ്പെട്ടിരുന്നു. ഒന്ന്, എല്ലാ കുഞ്ഞുങ്ങളെയും ദൈവവചനത്തിലും ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുപ്പിച്ച് അവരെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുക. രണ്ട്, ക്രിസ്തുസ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്കു സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയസംസർഗം ശക്തിപ്പെടുത്തുക. ഇതുവഴി വിശുദ്ധരുടെ മാതൃകയും ചൈതന്യവും കുഞ്ഞുമനസ്സുകളെ സ്വാധീനിക്കാൻ കാരണമാകും. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനും പ്രേഷിത രൂപീകരണം നേടുക. ഈ പ്രേഷിത രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാനുള്ള ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം. നാല്, ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കുടുംബം ഇന്ന് കാരുണ്യത്തിന്റെ കരങ്ങൾ അവശർക്കും ആലംബഹീനർക്കുമായി നീട്ടേണ്ടത് കുരുന്നുകരങ്ങളിലൂടെയാണ്. സ്വാർത്ഥതയുടെ ഈ ലോകത്ത് പൗലോസപ്പസ്തോലൻ പറയുന്നതുപോലെ, "ഓരോരുത്തരും തങ്ങളുടെ കാര്യങ്ങൾ മാത്രം നോക്കിയാൽ പോര, മറ്റുള്ളവരെ തങ്ങളെക്കാൾ വിലപ്പെട്ടവരായി കരുതണം."

പ്രേഷിതവർഷത്തിലെ തിരുബാലസഖ്യദിനത്തിൽ "സ്നേഹത്തിന്റെ ആനന്ദ"ത്തിൽ ഫ്രാൻസിസ് പാപ്പാ നമ്മോട് ചോദിക്കുന്ന ചോദ്യം വിചിന്തനം ചെയ്യുന്നത് സമുചിതമാണ്. "എവിടെയാണ് നമ്മുടെ കുട്ടികൾ? അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ" (AL 261). പ്രേഷിതവർഷാചരണത്തിലൂടെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിശ്വാസം പകർന്നു നല്കുന്ന പ്രഥമ അധ്യാപകർ മാതാപിതാക്കൾ ആണെന്ന് മനസ്സിലാക്കുക.

2. ധാർമ്മികപരിശീലനം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുക.
3. നന്മയ്ക്കുവേണ്ടിയുള്ള ദാഹം കുട്ടികളിൽ ജനിപ്പിക്കുക.
4. വിശുദ്ധിയിൽ വളരാൻ കൊച്ചു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക.
5. കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാക്കുക.
6. ക്രിസ്തുവിനോടും വിശുദ്ധഗ്രന്ഥത്തോടുമുള്ള ആത്മബന്ധം ജനിപ്പിക്കുന്ന പ്രാർത്ഥനാവേളകൾ അനുദിനം കുടുംബങ്ങളിൽ ശീലമാക്കുക.
7. തകരുന്ന കുടുംബങ്ങളിൽ തകർന്നു പോകുന്നത് കുഞ്ഞുങ്ങളാണെന്ന സത്യം മനസ്സിലാക്കുക.
8. മാറുന്ന ലോകത്ത് മാറാത്ത ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.
9. വഴിതെറ്റിക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ നിന്നും വീഡിയോ ഗെയിമുകളിൽ നിന്നും സൈറ്റുകളിൽ നിന്നും അകലം പാലിക്കാൻ മക്കളെ ശീലിപ്പിക്കുക.
10. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെ കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക.

കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാ ബാലകന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരുമിച്ചുകൂടി പ്രാർത്ഥി

ക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ പ്രേരിപ്പിക്കുകയും പ്രേഷിത ചൈതന്യത്തിൽ വളർത്തുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി വളരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി- 682 025

---

NB: 2020 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Prot. No. 0053/2019

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന

എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28-ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചു ബിഷപ്പ് ജാൻബത്തീസ്ത ദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

**1. കാർഷികരംഗം**

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. കാർഷികോ

ൽപന്നങ്ങളുടെ വിലത്തകർച്ചമൂലം കർഷകകുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ച യായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരിക്കുകയാണ്. വന്യമൃഗങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേറെയായി. കർഷകർ അനുഭവിക്കുന്ന ദുരവസ്ഥ പരിഹരിക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യ മൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപന്നങ്ങൾക്ക് ഡോ.എം.എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. 'തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന ദൈവം (പുറ 3:7) നല്ല കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

**2. പൗരത്വ ഭേദഗതി നിയമം**

പൗരത്വഭേദഗതി നിയമത്തെക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ

തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥിക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

**3. ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം**

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. ശേഷിക്കുന്ന

20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45-ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

**4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം.**

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്ല്യു.എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടു കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിനു മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം

നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽനിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന:പരിശോധിക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാലപ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ല്യിയു.എസ്. സംവരണം നടപ്പിൽ വരുത്തുന്ന തിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

**5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ**

ആഗോള തലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരി യായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യമനസ്സാ ക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപെട്ട് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേണ്ടതാണ്.

മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തരപ്രണയങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ.എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാ

ക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്നക്രമസമാധാന പ്രശ്നമായോ ഭീകരവാദപ്രവർത്തനമായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധ വൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

**6. ആരാധനാക്രമം**

1989-ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാന ക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായി രുന്നു. നമ്മുടെ സഭയുടെ കുർബാനക്രമത്തിന്റെ നവീകരണ ത്തെക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ രൂപതകളിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കുംശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐകകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാരത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീ കരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ്

സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. 'അൾത്താര യിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം' എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗദർശന മാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

**7. നന്ദി, അഭിനന്ദനങ്ങൾ**


കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽനിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘ വീക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടു മുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാ നായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെ ടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷ നായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലനപ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

**ഉപസംഹാരം**

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29 :11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലർ 2020 ജനുവരി 19-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകപ്പെട്ടതാണ്.

Ref: 3247/K-5/KCBC/OL/DS 14 January 2020

## പരിശുദ്ധ മാർപാപ്പായുടെ സന്ദേശം
## ഇരുപത്തിയെട്ടാം ലോകരോഗീ ദിനാചരണം - 2020

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"

(മത്താ 11:28)

പ്രീയ സഹോദരീസഹോദരന്മാരേ,

1. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നല്കുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടന്നു പറയുന്നു: "എന്റെയടുക്കൽ വരുവിൻ." അവിടുന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

"യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടുത്തെ മുമ്പിലുണ്ട്: ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹികവ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടുത്തെ വാക്കു കേൾക്കാൻവേണ്ടി അവിടുത്തെ പിന്തുടർന്നു - പ്രത്യാശ നല്കുന്ന ഒരു വാക്കുകേൾക്കാൻ. യേശുവിന്റെ

വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!" (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്ര രോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാര ത്തിൻകീഴിൽ അവിടത്തെ സൗഖ്യദാനം ആവശ്യമായിരിക്കു ന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടുന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നിധ്യവും നല്കുന്നു. ഓരോവ്യക്തിയുടെയും ഹൃദയത്തി ലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടുന്ന് മുറിവേറ്റ മനു ഷ്യവംശത്തെ നോക്കുന്നു. നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതി യെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുല സ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവി ടന്നു ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാ കുന്നത്? എന്തെന്നാൽ അവിടന്നു തന്നെ ദുർബലനായി മാനു ഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽ നിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്നവർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗരവപൂർണമായ സഹ നത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താനാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാലി യേറ്റീവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ. അംഗ വൈകല്യത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ

അഥവാ പാരമ്പര്യരോഗങ്ങൾ... ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്.

സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമഗ്രതയ്ക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജീവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യാത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സ്നേഹം പ്രതീക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതുതന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയസഹോദരീസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളെ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരുട്ടുനിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ "ഇരുണ്ട രാത്രിയിൽ" നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നല്കിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ

യിലൂടെ നമ്മെ അവിടന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്കാ10:34) "സത്രം" ആയിത്തീരാൻ, അതായത്, അവിടത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരണവും ആശ്വാസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു വീക്ഷണം നല്കാൻവേണ്ടിയാണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, ചികിത്സാപരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ധരായവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നല്കാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു: "ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദര

ന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിനയപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം" (Angelus, 6 July 2014).

4. പ്രീയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം: രോഗനിർണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. "വ്യക്തി" എന്ന നാമം "രോഗി" എന്ന വിശേഷണത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്ത്വത്തെയും ജീവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ കൊല്ലുന്നത്, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കുന്നത് എന്നിവ സ്ഥിരരോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർദ്ധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും - പരാജയങ്ങളെപ്പോലും - നേരിടേണ്ടിവരും. അപ്പോൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29-53).

ജീവനെ ആരംഭംമുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവ

നോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ "അതേ" എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നില്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽവൈദഗ്ധ്യം ജീവനുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്താനുള്ള ശ്രമവും നടത്താൻ നിങ്ങൾക്കു കഴിയും. രോഗിക്ക് ആശ്വാസം നല്കുന്ന പെരുമാറ്റംകൊണ്ടും ചികിത്സാ പ്രക്രിയകൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുമുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താത്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താത്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംര

ക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യ ദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു.

രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 3 ജനുവരി 2020

യേശുവിന്റെ ഏറ്റവും വിശുദ്ധ നാമത്തിന്റെ ഓർമ്മദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

## സംഭാവനാശേഖരണം

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി പിരിഞ്ഞുകിട്ടുന്ന തുക മാർച്ച് 15-നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

# വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ ആരംഭിച്ചിരുന്നല്ലോ. കേരള സഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെസിബിസി ഫാമിലി കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ, ഇവർക്കുവേണ്ടിയുള്ള മാട്രിമോണിയൽ സർവ്വീസിന്റെ പ്രവർത്തനം (KCBC Matrimony for the Deaf) ഭംഗിയായി തുടരുന്നു.

2020 ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള നാലു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്:

**A) പാലാരിവട്ടം പിഒസിയിൽ**

1) ഏപ്രിൽ 11, 12 2) ഒക്ടോബർ 24,25

**B) മലബാർ മേഖല**

3) ഫെബ്രുവരി 15, 16 സ്ഥലം : നവജ്യോതിസ് പാസ്റ്ററൽ സെന്റർ, കോഴിക്കോട്

**C) കൊല്ലം-തിരുവനന്തപുരം മേഖല**

4) ജൂലൈ 25, 26 സ്ഥലം : ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്റർ, കൊട്ടിയം, കൊല്ലം

**ബന്ധപ്പെടേണ്ട വിലാസം :** സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ, പിഒസി, പാലാരിവട്ടം, കൊച്ചി - 682 025,

ഫോൺ : 99950 28229, 94958 12190

E-mail: kcbcfamilycommission@gmail.com

Website:www.kcbcfamilycommission.org

# പാലാ ഹോം പ്രോജക്ട്

**പാലാ ഹോം പ്രോജക്ടിലേക്ക് സ്ഥലം നൽകിയവർ**

1. ജോർജ് വലക്കമറ്റം, പ്ലാശനാൽ - 5 സെന്റ്
2. പി.ഡി. സെബാസ്റ്റ്യൻ പൂണ്ടിക്കുളം, മലയിഞ്ചിപ്പാറ - 30 സെന്റ്
3. ഡോ. പി.ജെ. കുര്യൻ വടക്കേകുറ്റിയാനി, പ്ലാശനാൽ - 16 സെന്റ്
4. പി.വി. ജോസഫ് (പാപ്പച്ചൻ) പാറയിൽ, പ്ലാശനാൽ - 14 സെന്റ്

**പാലാ ഹോം പ്രോജക്ടിലേക്ക് സംഭാവന നൽകിയവർ**

1. ഔസേപ്പച്ചൻ മേക്കാട്ട്, പ്ലാശനാൽ - 1,00,000/-
2. ജോസ് മാമ്പറമ്പിൽ, മാനത്തൂർ - 1,05,000/-
3. എസ്.എം.വൈ.എം. വള്ളിച്ചിറ - 30,000/-

**പാലാ ഹോം പ്രോജക്ട് പദ്ധതിയിൽ ഈ മാസം പണി പൂർത്തീകരിച്ച വീടുകൾ**

1. അലക്സ് പനച്ചിക്കൽ, കടനാട്
2. ഷാജി ചമ്പനിയിൽ, പൂഴിക്കോൽ
3. ജോസ് ആലുമൂട്ടിൽ, കാക്കൂർ
4. സണ്ണി മാത്യു പറയേലിക്കൽ, മണലുങ്കൽ
5. ലിസി ബേബി പള്ളിത്താഴെ, മണലുങ്കൽ

**പാലാ ഹോം പ്രോജക്ടിൽ നിന്നും ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ**

1. സിബു കൂനന്താനം, സിബിഗിരി - 60,000/-
2. തോമസ് കല്ലറയ്ക്കൽ, ജിയോവാലി - 50,000/-
3. അലക്സ് പനച്ചിക്കൽ, വടകര - 50,000/-

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Kalachirayil Thomas | February 9 |
| Kalapurackal Thomas | 10 |
| Kalariparambil Vincent | 11 |
| Kalayil Kurian | 12 |
| Kalayil Mathew | 13 |
| Kallarackal Martin | 14 |
| Kanatt Cyriac | 15 |
| Kaniapadickal Abraham | 16 |
| Kaniampadickal Sebastian | 17 |
| Kannanthanam John | 18 |
| Kappil Joseph | 19 |
| Kariappuram Joseph | 20 |
| Karikulam Joseph | 21 |
| Karottukizhakkel Thomas | 22 |
| Kavalamackal Mathew | 23 |
| Kavanadimalayil Mathew | 24 |
| Kavampuram Joseph | 25 |
| Kavumpurath George | 26 |
| Keeramthadathil Joseph | 27 |
| Keeranchira Jose | 28 |
| Kizhakearanjaniyil George | 29 |
| Kizhakearanjaniyil Mathew | March 1 |
| Kizhakkekkara Joseph | 2 |
| Kizhakkekollithanam Thomas | 3 |
| Kizhakkel Thomas | 4 |
| Kizhakkeparambil Michael | 5 |
| Kochayyankanal James | 6 |
| Kochayyankanal Joseph | 7 |
| Kochodackal Thomas | 8 |
| Kochukaippettiyil Cyriac | 9 |
| Kochumuriyil Joseph | 10 |




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജെയിംസ് അത്തിക്കളം (സാഗർ രൂപതാ ബിഷപ്പ്)
മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ രൂപതാ ബിഷപ്പ്)
മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപതാ ബിഷപ്പ്)
മാർ ജോയി ആലപ്പാട്ട് (ചിക്കാഗോ രൂപതാ ഓക്സിലറി ബിഷപ്പ്)
ബിഷപ്പ് മാർക്ക് സെൽഡിംഗ് (നാഷില്ല രൂപതാ ബിഷപ്പ് - യു.എസ്.എ.)

**2. ശനിയാഴ്ച വൈകുന്നേരം 5 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ജപമാലമെഴുകുതിരി പ്രദക്ഷിണത്തിനും നേതൃത്വം നൽകിയവർ**

1. ഫാ. സുരേഷ് പട്ടേട്ട് എം.സി.ബി.എസ്. - നിയോഗം- വിശ്വാസത്തിനുവേണ്ടി പീഡനമേറ്റുവാങ്ങുന്ന ക്രൈസ്തവർക്കുവേണ്ടി.

2. ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ - വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യത്താൽ ഈ വർഷം ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയായി.

3. ഫാ. ജോസ് മഠത്തിക്കുന്നേൽ - ആധുനിക മാധ്യമങ്ങളുടെ സ്വാധീനത്താൽ തിന്മയിലേയ്ക്ക് നയിക്കപ്പെടുന്ന യുവജനങ്ങളുടെ മോചനത്തിനായി.

4. ഫാ. ഡിനിൽ പുല്ലാട്ട് വി.സി. - കഴിഞ്ഞ വർഷം വിവാഹിതരായ ദമ്പതികൾക്കായി

**3. കൃതജ്ഞതാദിനം**

വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യത്താൽ ഈ വർഷം ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയായി ബലിയർപ്പിച്ചുകൊണ്ട് കൃതജ്ഞതാദിനമായി ആചരിച്ചു. പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ജപമാലപ്രദക്ഷിണം നടത്തപ്പെട്ടു.

**4. രോഗീദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തിവരുന്ന രോഗീദിനത്തിൽ ഫാ. ജോസഫ് മഠത്തിക്കുന്നേൽ വി. കുർബാനയർപ്പിച്ച് ആരാധന നയിച്ചു.

**5. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. ഡോ. സി. കാർമ്മൽ നീലങ്കാവിൽ സി.എം.സി. വചനസന്ദേശം നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസ പരിശീലന രൂപത വാർഷികം**

വിശ്വാസപരിശീലന രൂപത വാർഷികം 2020 ജനുവരി 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. പാലാ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനങ്ങളും ക്യാഷ് അവാർഡുകളും നൽകി.

**2. മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ്**

2019-2020 വർഷത്തിലെ മികച്ച വിശ്വാസപരിശീലകനുള്ള ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ അവാർഡിനു തീക്കോയി സൺഡേ സ്കൂൾ പ്രഥമാദ്ധ്യാപകനായ ശ്രീ. ജോജോ ജോസഫ് പുന്നപ്ലാക്കൽ അർഹനായി. അർപ്പണബോധത്തോടും തീഷ്ണതയോടുംകൂടി 40 വർഷമായി വിശ്വാസപരിശീലന രംഗത്ത് അദ്ദേഹം പ്രവർത്തിക്കുന്നു. ശ്രീ. ജോജോ പുന്നപ്ലാക്കൽ തികഞ്ഞ സഭാസ്നേഹിയും ഉത്തമകുടുംബനാഥനും ജനസേവകനുമാണ്. ഇടവകയിൽ സേവനം ചെയ്ത വികാരിമാരുടെ സ്നേഹഭാജനവും എല്ലാവർക്കും പ്രിയപ്പെട്ടവനുമായ ശ്രീ. ജോജോ ജോസഫ് പുന്നപ്ലാക്കലിന് ജനുവരി 26-ാം തീയതി ഞായറാഴ്ച നടന്ന വിശ്വാസപരിശീലന വാർഷികത്തിൽ വച്ച് അവാർഡു നൽകി ആദരിച്ചു. ബഹുമാനപ്പെട്ട സാറിനും കുടുംബത്തിനും രൂപതയുടെ അഭിനന്ദനങ്ങൾ.

**3. ബെസ്റ്റ് സൺഡേ സ്കൂൾ**

രൂപതയുടെ ഈ വർഷത്തെ ഏറ്റവും മികച്ച സൺഡേ സ്കൂളുകളായി എ,ബി,സി വിഭാഗങ്ങളിൽ താഴെപ്പറയുന്ന സൺഡേ സ്കൂളുകൾ തെരഞ്ഞെടുക്കപ്പെട്ടു.

| | എ വിഭാഗം | ബി വിഭാഗം | സി. വിഭാഗം |
|---|---|---|---|
| Ist | അടിവാരം | അറക്കുളം ന്യൂ | കുറവിലങ്ങാട് |
| 2nd | മാവടി | മുണ്ടാങ്കൽ | തീക്കോയി |

2020 ജനുവരി 20-ാം തീയതി ഞായറാഴ്ച നടന്ന വിശ്വാസപരിശീലന രൂപത വാർഷികത്തിൽ വച്ച് ട്രോഫികളും സമ്മാനങ്ങളും പാലാ രൂപതാ അദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മാനിച്ചു. ബെസ്റ്റ് സൺഡേ സ്കൂളായി തിരഞ്ഞെടുക്കപ്പെട്ട ഇടവകകളിലെ ബഹുമാനപ്പെട്ട ഡയറക്ടറച്ച

ന്മാർക്കും പ്രഥമാദ്ധ്യാപകർക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കും രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ.

**4. സി.റ്റി.പി. ക്ലാസുകൾ**

2020 ജനുവരി 2,11 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു സി.റ്റി.പി. ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടു. ഫെബ്രുവരി മാസത്തെ സി.റ്റി.പി. ക്ലാസുകൾ: 2020 ഫെബ്രുവരി 8- Patrology - I , 2020 ഫെബ്രുവരി 21 - Patrology-II.

**5. പ്രഥമാദ്ധ്യാപകസമ്മേളനം**

പ്രഥമാദ്ധ്യാപകസമ്മേളനം 2020 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

**6. X, XI, XII ക്ലാസുകളിലെ രണ്ടാം ടേം പരീക്ഷ**

10,11,12 ക്ലാസുകളിലെ വിശ്വാസപരിശീലന രണ്ടാം ടേം പരീക്ഷ 2020 ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച രാവിലെ 11 മുതൽ 1 വരെ നടക്കും. 2020 ഫെബ്രുവരി 22-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 5.00 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും ചോദ്യപേപ്പർ വിതരണം ചെയ്യുന്നതായിരിക്കും.

**7. 1 മുതൽ 9 വരെ ക്ലാസുകളിലെ രണ്ടാം ടേം പരീക്ഷ**

1 മുതൽ 9 വരെ ക്ലാസുകളിലെ രണ്ടാം ടേം പരീക്ഷ 2020 മാർച്ച് 29-ാം തീയതി ഞായറാഴ്ച നടക്കും. 2020 മാർച്ച് 29-ാം തീയതി രാവിലെ 11 മുതൽ 1 വരെ 1-ാം ക്ലാസുമുതൽ 6-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പരീക്ഷ നടക്കും. ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ 7,8,9 ക്ലാസുകാർക്കും പരീക്ഷ നടക്കും. 1 മുതൽ 9 വരെയുള്ള ക്ലാസുകളിലെ പരീക്ഷാ ചോദ്യപേപ്പർ 2020 മാർച്ച് 28-ാം തീയതി ശനിയാഴ്ച 9.30 മുതൽ 5 വരെ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതായിരിക്കും.

**8. വിശ്വാസോത്സവം : ഏപ്രിൽ 13-18 വരെ**

2019-2020 അധ്യായനവർഷത്തിലെ വിശ്വാസോത്സവം ഏപ്രിൽ 13 മുതൽ 18 വരെ നടക്കും. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് വിശ്വാസോത്സവം നടത്തേണ്ട സമയം. അസൗകര്യം മൂലം സമയപുനക്രമീകരണം നടത്തുന്നുണ്ടെങ്കിൽ രൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

## തിരുബാലസഖ്യം

**തിരുബാലസഖ്യദിനം**

തിരുബാലസഖ്യദിനം 2020 ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച ആചരിക്കുന്നു. ദൈവാലയങ്ങളിൽ നോട്ടീസ് ബോർഡിൽ പതിപ്പിക്കാനുള്ള പോസ്റ്ററുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതാണ്. അന്നേ ദിവസം പ്രത്യേക പ്രാർത്ഥനയും സമ്മേളനവും ശാഖകളിൽ സംഘടിപ്പിക്കേണ്ടതാണ്.

**തിരുബാലസഖ്യം ക്വിസ് മത്സരം**

തിരുബാലസഖ്യം ക്വിസ് മത്സരം 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തി. താഴെപ്പറയുന്ന കുട്ടികൾ ക്വിസ് മത്സരത്തിൽ സമ്മാനാർഹരായി.

Ist ആൻജലീന ബിനു, കാക്കനാട്ട്, മേരിലാന്റ്

2nd ഡെയോൺ ടോം ജോസ്, മൂന്നാനപ്പള്ളി, ചെമ്മലമറ്റം

3rd ഗ്രേസ് മരിയ ജോമി, ഇല്ലിനിൽക്കുംതടത്തിൽ, നസ്രത്ത്ഹിൽ

**തിരുബാലസഖ്യം ഡയറി മത്സരം**

രൂപത തലത്തിൽ കുട്ടികൾക്കായി നടത്തിയ വിശുദ്ധരുടെ ജീവചരിത്രവും ചിത്രങ്ങളും ചേർത്ത് നിർമ്മിക്കുന്ന 'എന്റെ ഡയറി' മത്സരത്തിൽ താഴെപ്പറയുന്നവർ സമ്മാനാർഹരായി.

Ist തോമസ് ടോം പ്ലാത്തോട്ടത്തിൽ, അരുവിത്തുറ

2nd ദിയ തെരേസ് ചിറയാത്ത്, കൈപ്പള്ളി

3rd അന്ന മരിയ ജോസ് കുറ്റിയാനിക്കൽ, മേരിലാന്റ്

**സ്കൂൾ മതബോധന-സന്മാർഗ്ഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ മതബോധന-സന്മാർഗ്ഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2020 ജനുവരി 18-ാം തീയതി ശനിയാഴ്ച സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്. എസ്. കുറവിലങ്ങാട്, സെന്റ് മേരീസ് എച്ച്.എസ്. അറക്കുളം എന്നിവിടങ്ങളിലായി നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ക്രിസ്തുമസ്സ് നവവത്സര കർമ്മങ്ങളും കാര്യപരിപാടികളും**

ഏറ്റവും നല്ല ഒരുക്കത്തോടെയാണ് ഈ വർഷം പാലാ മിഷനിൽ ക്രിസ്തുമസ്സ് കൊണ്ടാടിയത്. ഈശോയുടെ തിരുപ്പിറവിയെ ജീവിതാനുഭവമാക്കാൻ പറ്റിയ കർമ്മങ്ങളും കാര്യപരിപാടികളുമാണ് ഈ വർഷം പാലാ മിഷനിൽ നടപ്പിലാക്കിയത്. ഏകദിന ധ്യാനങ്ങൾ, അനുരഞ്ജന ആഘോഷങ്ങൾ, ദിവ്യകാരുണ്യാരാധന, കരോൾ യാത്രകൾ, വചന ധ്യാനങ്ങൾ, ഗ്രാമ സന്ദർശനങ്ങൾ, എന്നിവ എല്ലാ മിഷൻ കേന്ദ്രങ്ങളിലും നടത്തപ്പെട്ടു. മിഷനിലെ എല്ലാ വൈദികരും സന്യാസിനിമാരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

അതുപോലെ തന്നെ നവവത്സരദിനത്തിലും രാത്രി ആരാധന, പരി.കുർബാന, മധുരപലഹാര വിതരണം എന്നിവയും നടത്തപ്പെട്ടു.

**2. കുട്ടികൾക്കുള്ള ധ്യാനം, മദർ തെരേസാ റിന്യൂവൽ സെന്ററിൽ**

പാലാ മിഷന്റെ എല്ലാ കേന്ദ്രങ്ങളിൽ നിന്നുമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി ഏകദിനധ്യാനം നടത്തി. ജനുവരി 14-ാം തിയതി രാവിലെ

9 മണി മുതൽ വൈകുന്നേരം 4 മണി വരെ നടത്തപ്പെട്ട ധ്യാനത്തിൽ 55 കുട്ടികൾ പങ്കെടുത്തു. രാവിലെ 9.00 മണിക്ക് കോ ഓർഡിനേറ്റർ റവ. ഫാ. ജോർജ്ജ് കാരാംവേലിൽ പരി. കുർബാന അർപ്പിച്ച് ധ്യാനം ആരംഭിച്ചു. തുടർന്ന് വചനപ്രഘോഷണവും ക്ലാസ്സുകളും നടന്നു. ഉച്ചഭക്ഷണത്തിനുശേഷം വീണ്ടും വചന പ്രഘോഷണം നടന്നു. 3.00 മണി മുതൽ 4.00 മണി വരെ നടന്ന സൗഖ്യ ആരാധനയോടും അഭിഷേക പ്രാർത്ഥനയോടും കൂടി ധ്യാനം സമാപിച്ചു. ചായ സൽക്കാരത്തിനുശേഷം പുതിയൊരു ആത്മീയ ഉണർവോടെ കുട്ടികൾ തങ്ങളുടെ ഗ്രാമങ്ങളിലേക്ക് മടങ്ങി.

നവീകരണ കേന്ദ്രം ഡയറക്ടർ റവ.ഫാ. ആന്റണി ജോർജ് വാഴയിലിന്റെ നേതൃത്വത്തിൽ സി. ദീപ്തി CMC യും Sr. Merlin CMC യുമാണ് ധ്യാനം നയിച്ചത്.

**3. മിഷനറിമാരുടെ ഏകദിന മിഷൻ വിനോദയാത്ര**

ജനുവരി 16-ാം തിയതി പാലാ മിഷനിലെ എല്ലാ മിഷനറി മാർക്കമായി ഏകദിന വിനോദയാത്ര നടത്തി. വെളുപ്പിന് 4 മണിക്ക് നെന്നലിൽനിന്ന് യാത്ര തുടങ്ങി. 25 പേരടങ്ങിയ സംഘം വാർദ്ധയിലേക്കാണ് യാത്ര തിരിച്ചത്. വാർദ്ധയിലെ CMC പ്രൊവിൻഷ്യൽ ഹൗസ്, ഗാന്ധി ആശ്രമം, ആചാര്യ വിനോബാ ഭാവേ ആശ്രമം, CMI , ക്ലരീഷ്യൻ സെമിനാരികൾ, മിഷൻ കേന്ദ്രങ്ങൾ എല്ലാം സന്ദർശിച്ച് സംഘം രാത്രി 12 മണിക്ക് സുരക്ഷിതമായി തിരിച്ചെത്തി. വലിയ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും അനുഭവമായിരുന്നു അത്.

**4. അനുമോദനവും യാത്രയയപ്പും**

ആദിലാബാദ് പാലാ മിഷനിൽ റീജൻസി പരിശീലനം നേടി തുടർന്നുള്ള പരിശീലനവും പൂർത്തിയാക്കി മഹനീയമായ പൗരോഹിത്യപട്ടം സ്വീകരിച്ച ബഹു. പേഴുംകാട്ടിൽ, ബഹു. വാഴക്കാലായിൽ, ബഹു. കൂവള്ളൂർ എന്നീ വൈദികർക്ക് പാലാ മിഷന്റെ അനുമോദനങ്ങളും അഭിനന്ദനങ്ങളും. ജനുവരി 22-ാം തിയതി നെന്നലിൽ വച്ചു നടന്ന സമ്മേളനത്തിൽ വച്ച് അവരെ ആദരിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. മിഷനുവേണ്ടി ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിച്ച നവവൈദികർ ഈ മിഷൻ അനുഭവത്തിലൂടെ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു.

പാലാ മിഷനിൽ ദീർഘകാലം സേവനം ചെയ്തശേഷം പാലായിലേക്ക് തിരികെ പോകുന്ന ബഹു. ജോർജ്ജ് കൊട്ടാരത്തിൽ, ബഹു. ജോർജ് വയലിപ്പറമ്പിൽ, ബഹു. ജോസഫ് കല്ലാച്ചേരിൽ എന്നീ വൈദികർക്ക് ഈ സമ്മേളനത്തിൽ വച്ച് യാത്രയയപ്പു നൽകി. നന്ദിസൂചകമായി ചെറിയ പാരിതോഷികവും നൽകി. പുതിയ സേവന മേഖലകളിലേക്ക് പോകുന്ന ഇവർക്കും ദൈവാനുഗ്രഹങ്ങളും നന്ദിയും പ്രകാശിപ്പിക്കുന്നു.

**5. സി. ലിസ CMC ജൂബിലിയുടെ നിറവിൽ**

പാലാ മിഷനിലെ ജണ്ടവെങ്കിട്ടപുരം ഇടവകയിലെ സന്യാസ സമൂഹത്തിലെ അംഗമായ സി. ലിസ തന്റെ സമർപ്പണത്തിന്റെ 25 വർഷങ്ങൾ പിന്നിടുന്നു. ജനുവരി 22-ാം തിയതി നെന്നൽവച്ച് അനുമോദന സമ്മേളനവും സമ്മാനദാനവും നടക്കുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**വർഷാരംഭ പ്രാർത്ഥനയും കുർബാനയും നടത്തപ്പെട്ടു.**

Ahmedabad, Gujarat region ണിലെ വിവിധ ദേവാലയങ്ങളിൽ വർഷാവസാന പ്രാർത്ഥനയും വർഷാരംഭ പ്രാർഥനയും ദിവ്യബലിയും നടത്തപ്പെട്ടു. **തിരുകർമ്മങ്ങളിൽ ധാരാളം ഭക്തജനങ്ങൾ പങ്കെടുത്തു.**

ബറൂച്ച് മലയാളി കത്തോലിക് അസോസിയേഷന്റെ 2019 - 2020 വർഷത്തെ വാർഷികവും, കമ്മറ്റി തെരഞ്ഞെടുപ്പും നടത്തപ്പെട്ടു.

**ബറൂച്ച്:** ബറൂച്ച് മലയാളി കത്തോലിക് അസോസിയേഷൻറെ 2019 -2020 വർഷത്തെ വാർഷികവും 2020-2022 വർഷത്തേക്കുള്ള പുതിയ കമ്മറ്റി തെരഞ്ഞെടുപ്പും 19-1-2020ൽ നടന്നു. മുഖ്യാതിഥി ആയിരുന്ന ഗുജറാത്ത് റീജിയൻ വികാരി ജനറൽ മോൺ. ജോസഫ് കൊല്ലംപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു വെങ്ങാലൂർ സമ്മേളനത്തിന് ആശംസകൾ അർപ്പിച്ചു. ബറൂച്ച് ഇടവക അംഗങ്ങളുടെ വിവിധ കലാപരിപാടികളും അന്നേദിവസം അരങ്ങേറി. 2020-2022 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെയും Mr. ജെയിംസ്കുട്ടി, Mr. ടോണി ജോസഫ് എന്നിവരെ കൈക്കാരന്മാർ ആയി തെരഞ്ഞെടുക്കുകയും ചെയ്തു.

**വി. ചാവറയച്ചന്റെ ശതോത്തര ജൂബിലിയുടെ ആഘോഷങ്ങൾക്ക് തിരി തെളിച്ചു**

മണിനഗർ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ സീറോ- മലബാർ ദൈവാലയത്തിൽ വിശുദ്ധരായ കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെയും, സെബസ്ത്യാനോസിന്റെയും, മറിയം ത്രേസ്യയുടെയും സംയുക്ത നാമതിരുനാൾ ആഘോഷ വേളയിൽ ഇടവക മദ്ധ്യസ്ഥനായ വി.ചാവറയചന്റെ ശതോത്തര ജൂബിലിയോട് (150-ാം വർഷം) അനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മപദ്ധതികൾ ഗുജറാത്ത് റീജിയൻ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ തിരിതെളിയിച്ച് ആരംഭം കുറിച്ചു. അന്നേ ദിവസം തിരുന്നാൾ കൊടിയേറ്റവും, തിരുനാൾ സന്ദേശവും ബഹുമാനപ്പെട്ട വികാരി ജനറാൾ നിറവ്വഹിച്ചു.

ബഹുമാനപ്പെട്ട ഫാ.ജോൺ ചാവേലിൽ അച്ചൻ പരി. കുർബാനയിൽ മുഖ്യ കാർമ്മികനായി. തിരുകർമ്മങ്ങളിൽ സെന്റ് കുര്യക്കോസ് പള്ളി വികാരി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, assist. വികാരി റവ. ഫാ.മൈക്കിൾ തോട്ടുങ്കൽ തുടങ്ങിയവരും, ഇടവക ജനങ്ങളും പങ്കുചേർന്നു.

**പരി. കന്യകാമറിയത്തിന്റെയും വി. സെബാസ്ത്യാനോസിന്റെയും തിരുന്നാൾ ആഘോഷിച്ചു**

സെന്റ് സെബാസ്റ്റ്യൻ കുർബാന സെന്റർ സബർമതിയിൽ പരി. കന്യകാമറിയത്തിന്റെയും വി. സെബാസ്ത്യാനോസിന്റെയും തിരുനാൾ ജനുവരി 18, 19 തിയതികളിൽ ആഘോഷിച്ചു. തിരുന്നാളിന് ഗുജറാത്ത് റീജിയൻ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ കൊടിയേറ്റി സന്ദേശം നൽകി.

പ്രധാന തിരുനാൾ ദിനത്തിലെ ആഘോഷമായ തിരുനാൾ കുർബ്ബാനയ്ക്ക് റവ. ഫാ. ജോസ് വേലിക്കകത്ത് (Rajkot) മുഖ്യ കർമ്മികനായി, തിരുന്നാൾ സന്ദേശം റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് (Rome) നൽകി. സെന്റ് സെബാസ്ത്യൻ കുർബാന സെന്റർ സബർമതി വികാരി റവ. ഫാ. പോൾ പാറപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ നടന്ന തിരുനാളിൽ ധാരാളം ഭക്തജനങ്ങൾ പങ്കുചേർന്നു.

ബാപ്പുനഗർ വേളാങ്കണ്ണി മാതാവിന്റെ ദൈവാലയത്തിലും അന്നേ ദിവസം ബഹുമാനപ്പെട്ട വികാരി റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, അസി. വികാരി റവ.ഫാ. മൈക്കിൾ തോട്ടുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുന്നാളും, കഴുന്ന് (അമ്പ്) എഴുന്നെള്ളിപ്പിക്കലും, ആഘോഷമായ തിരുന്നാൾ പ്രദക്ഷണവും, സ്നേഹവിരുന്നും നടത്തപ്പെട്ടു.

**Activities of St. Alphonsa Syro-Malabar Qurbana Center, Navarangapura, Ahamadabad (Month- December)**

**1. Preparation for Christmas**

ഡിസംബർ മാസം 1–ാം തീയതി തന്നെ ക്രിസ്തുമസ് ഒരുക്കത്തിനായി എല്ലാ കുടുംബങ്ങൾക്കും നക്ഷത്രവും, ഓരോ കുടുംബങ്ങളും ദിവസേന വായിക്കേണ്ട വിശുദ്ധ ഗ്രന്ഥഭാഗവും, ചെയ്യേണ്ട പ്രവർത്തനങ്ങളും ഉൾകൊള്ളിച്ചു കൊണ്ട് ഉണ്ണിയെ കാണാൻ എന്ന പേരിൽ ഒരു ലഘുലേഖ വിതരണം ചെയ്യുകയുണ്ടായി. കുട്ടികളുടെ ദിവസേനയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി നൽകിയ score card ഉത്സാഹം ഉളവാക്കുന്നതായിരുന്നു.

യുവജന കൂട്ടായ്മ മുൻകൈ എടുത്ത് 25 ദിവസവും പുറത്തിറക്കിയ ബെത് ലഹേമിന്റെ വഴിയേ എന്ന ക്രിസ്മസ് വീഡിയോ സന്ദേശങ്ങൾ എല്ലാവരെയും ഉണ്ണിശോയുടെ വരവിനു ഒരുങ്ങാൻ സഹായകരമായിരുന്നു. മംഗളവാർത്ത ക്കാലത്തെ ആദ്യ ഞായറാഴ്ച യുവജങ്ങളുടെ ദിനമായി ആചരിക്കുകയുണ്ടായി. അന്നെ ദിവസത്തെ വിശുദ്ധ കുർബ്ബാനയ്ക്ക് യുവജങ്ങൾ ഒരുക്കങ്ങൾ നടത്തുകയും ഗാനശുശ്രുഷക്ക് നേതൃത്വം നൽകുകയും ചെയ്തു.

രണ്ടാമത്തെ ഞായറാഴ്ച മാതൃവേദി അംഗങ്ങൾ തിരുകർമ്മങ്ങളുടെ ഒരുക്കങ്ങൾക്കു നേതൃത്വം നൽകി കൊണ്ട് ക്രിസ്തുമസിന്റെ അനുഭവത്തെപറ്റി ഒരു വിവരണം നൽകുകയും അത് എല്ലാവരെയും പഴയകാല ഓർമ്മകളിലേക്ക് കൂട്ടി കൊണ്ട് പോകുകയും ചെയ്തു. മാതൃവേദി അംഗങ്ങൾ ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും അർഹതപെട്ട ആൾക്കാരുടെ ഇടയിൽ വിതരണം ചെയ്യുകയുണ്ടായി. വിശുദ്ധ കുർബാനക്ക് ശേഷം ക്രിസ്തുമസ് കേക്ക് പങ്കുവച്ചു.

**2. മൂന്നാമത്തെ ഞായറാഴ്ച കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി.**

പിറവി തിരുനാളിനൊരുക്കമായി നാലാം ഞായറാഴ്ച്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ ആരാധനയും, കുമ്പസാരത്തിനൊരുക്കമായുള്ള വചന ശുശ്രുഷയും, കുമ്പസാരവും നടത്തപെടുകയുണ്ടായി.

ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവക സമൂഹം ഒന്ന് ചേർന്ന് പരിശുദ്ധ അമ്മയും യൗസേപ്പുപിതാവും നസറത്തിൽനിന്നും ബെഥലഹേമിലേക്കുപോയ വഴി മുഴുവനും ചിത്രീകരിച്ചുകൊണ്ട് വളരെ മനോഹരമായ പുൽക്കൂട് ഡിസൈൻ ചെയ്യുകയും നാനാ ജാതി മതസ്ഥർക്കും എളുപ്പത്തിൽ മനസിലാകുന്ന രീതിയിൽ അവതരിപ്പിക്കുകയുണ്ടായി. ഈ ക്രിസ്തുമസ് കാലം എല്ലാവർക്കും നല്ല ഒരു ക്രൈസ്തവ അനുഭവത്തിന്റെ അവസരമായിരുന്നു.

**3. കുടുംബ കൂട്ടായ്മ**

വേജൽപുർ വാർഡിന്റെയും, രാംദേവ്നഗർ-ബോഡാക് ദേവ് വാർഡിന്റെയും കുടുംബ കൂട്ടായ്മകൾ ഡിസംബർ മൂന്നാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിൽ നടത്തപ്പെട്ടു.

**4. Birthday and Wedding Anniversary Felicitations**

ഡിസംബർ മാസം ജന്മദിനം/വിവാഹവാർഷികം ആഘോഷിച്ച ഇടവകാംഗങ്ങളെ വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും അവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു

**5. കുഞ്ഞിപൈതങ്ങളുടെയും തിരുകുടുംബത്തിന്റെയും തിരുനാൾ**

ഡിസംബർ 29, ഞായറാഴ്ച കുഞ്ഞിപൈതങ്ങളുടെയും തിരുകുടുംബത്തിന്റെയും തിരുന്നാളുകൾ സംയുക്തമായി കൊണ്ടാടുകയുണ്ടായി. വിശുദ്ധ കുർബാനക്ക് ശേഷം കുഞ്ഞുങ്ങൾക്കായി പ്രത്യേക പ്രാർത്ഥന നടത്തുകയും, മധുര പലഹാരങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ കഴിഞ്ഞ എക്സിക്യൂട്ടീവ് യോഗം 2020 ജനുവരി 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. കുഞ്ഞുമിഷണറി ക്വിസ്, മാനേജിംഗ് കമ്മിറ്റി, രൂപതാ വാർഷികം തുടങ്ങിയവയെപ്പറ്റി യോഗം ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**2. മാനേജിംഗ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത മാനേജിംഗ് കമ്മിറ്റി 2020 ജനുവരി 10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ഭരണങ്ങാനം മാതൃഭവനിൽ നടന്നു. റംശാ നമസ്കാരത്തോടെ ആരംഭിച്ച മാനേജിംഗ് കമ്മറ്റിയിൽ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി മനു ചെറുകാട്ടിൽ

റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. രൂപത, റീജിയണൽ, മേഖലാ, ശാഖാ പ്രവർത്തനങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. വൈസ് ഡയറക്ടർ സി. ദിവ്യ ഡി.എസ്.റ്റി, ജനറൽ ഓർഗനൈസർ ശ്രീ. ജോബി ആലയ്ക്കാപറമ്പിൽ, ജോ. സെക്രട്ടറി റ്റീന സഖറിയാസ് തുടങ്ങിയവർ നേതൃത്വം നൽകി.

**3. കുഞ്ഞുമിഷനറി ക്വിസ്**

സംഘടനയുടെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ വിദ്യാർത്ഥികളായ മിഷന്‌ലീഗ് അംഗങ്ങൾക്കായി കുഞ്ഞുമിഷണറി ക്വിസ് മത്സരം നടത്തി. 2020 ജനുവരി 11–ാം തീയതി ശനിയാഴ്ച ഭരണങ്ങാനം ഗേൾസ് ഹൈസ്കൂളിൽ വച്ച് നടന്ന മത്സരത്തിൽ ശ്രീ. സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ ക്വിസ് മാസ്റ്ററായിരുന്നു.

**മത്സരത്തിൽ വിജയികളായവർ**

| | |
|---|---|
| Ist | ലീനു കെ.ജോസ്, കാരുവേലിൽ, പ്ലാശനാൽ |
| 2nd | ജിസ്മി വിൻസെന്റ്, മങ്കുഴിച്ചാലിൽ, രാമപുരം |
| 3rd | അന്ന മരിയ അഗസ്റ്റിൻ, ഏരിമറ്റത്തിൽ, രാമപുരം |
| 4th | ആൻക്ലയർ എലിസബത്ത്, വടകര, ചെമ്മലമറ്റം |

**ക്ലാസ് തല വിജയികൾ**

| | |
|---|---|
| 12 | ഹാരോൺ ജോർജ് സാം, പൊരിയത്ത്, ചെമ്മലമറ്റം |
| 11 | അൽഫോൻസ ഡെന്നീസ്, പഴയിടത്ത്, സിബിഗിരി, മുട്ടം |
| 10 | ഡോണ റോസ്, പരിപ്പിക്കുന്നേൽ, പാലാ കത്തീഡ്രൽ |
| 9 | ജിസ ട്രീസ ബിജു, കുറുപ്പംപറമ്പിൽ, അറുനൂറ്റിമംഗലം |
| 8 | ജോഷ് ഷോജി, പടിഞ്ഞാറെമുറിയിൽ, ഉരുളികുന്നം |
| 7 | ജെസ്ന മരിയ ഷിനോജ്, കൈതമറ്റത്തിൽ, കടുത്തുരുത്തി |
| 6 | റോസ്മേരി ജെയ്സ്, നടുവിലേക്കുറ്റ്, കടനാട് |
| 5 | മെറീന സോജൻ, കുഴിത്തോട്ട്, തീക്കോയി |

ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച ശാഖകൾക്കും വൈസ് ഡയറക്ടർക്കുമുള്ള സമ്മാനം മേരിലാന്റ് (എ വിഭാഗം), കാഞ്ഞിരത്താനം (ബി വിഭാഗം), തീക്കോയി (സി.വിഭാഗം) എന്നീ ശാഖകൾ കരസ്ഥമാക്കി.

**4. കയ്യെഴുത്തുമാസിക മത്സരം**

സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിയ കയ്യെഴുത്തുമാസിക മാത്സരത്തിലെ വിജയികൾ

| | എ വിഭാഗം | ബി. വിഭാഗം | സി. വിഭാഗം |
|---|---|---|---|
| Ist | ഗാഗുൽത്ത | മുത്തോലി | രാമപുരം |
| 2nd | ശാന്തിപുരം | തുരുത്തിപ്പള്ളി | തീക്കോയി |
| 3rd | വാലാച്ചിറ | അറക്കുളം ന്യൂ | അരുവിത്തുറ |

**5. പോസ്റ്റർ രചനാ മത്സരം**

| | എ വിഭാഗം | ബി. വിഭാഗം | സി. വിഭാഗം |
|---|---|---|---|
| Ist | ഗാഗുൽത്ത | തുടങ്ങനാട് | പൈക |
| 2nd | അരുണാപുരം | അറുനൂറ്റിമംഗലം | പാലാ കത്തീഡ്രൽ |
| 3rd | അടിവാരം | കടനാട് | കോതനല്ലൂർ |

**6. രൂപതാവാർഷികവും കൗൺസിലും**

ചെറുപുഷ്പ മിഷൻലീഗിന്റെ 72-ാമത് വാർഷികവും രൂപതാ കൗൺസിലും 2020 ജനുവരി 19-ന് പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. രാവിലെ 9.30-ന് രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ പതാക ഉയർത്തി. തുടർന്നു നടന്ന രൂപത കൗൺസിലിൽ മിഷൻലീഗ് അന്തർദ്ദേശീയ സമിതി അംഗം ശ്രീ. ബെന്നി മുത്തനാട്ട് ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തിനുശേഷം നടന്ന പ്രേഷിതറാലി പാലാ മേഖലാ രക്ഷാധികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഫ്ളാഗ് ഓഫ് ചെയ്തു. റാലിയിൽ വിവിധ ഇടവകകളിലെ കുഞ്ഞുമിഷനറിമാർ പങ്കെടുത്തു.

റാലിയെത്തുടർന്ന് നടന്ന പൊതുസമ്മേളനത്തിലേയ്ക്ക് രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഏവരേയും സ്വാഗതം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അദ്ധ്യക്ഷത വഹിച്ച യോഗം പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി മനു ചെറുകാട്ടിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ രക്ഷാധികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ദേശീയ പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോസഫ് മണിയങ്ങാട്ട് കൃതജ്ഞതയർപ്പിച്ചു. പാലാ കത്തീഡ്രൽ ശാഖയിലെ അംഗങ്ങളുടെ സമൂഹഗാനവും നൃത്തവും പരിപാടികൾക്ക് കൂടുതൽ മിഴിവേകി. കഴിഞ്ഞ വർഷത്തെ മികച്ച ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫികൾ അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. സംസ്ഥാന കലോത്സവത്തിലെ രൂപതാ വിജയികൾക്കുള്ള ട്രോഫികളും കുഞ്ഞുമിഷണറി ക്വിസ്, കയ്യെഴുത്തു മാസിക, പോസ്റ്റർ രചനാ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

വാർഷികാഘോഷവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ മേഖലാ ഡയറക്ടർ ഫാ. ജോസഫ് മണിയങ്ങാട്ട്, മേഖലാ പ്രസിഡന്റ് അരുൺ പുളിക്കാട്ട്, മേഖലാ വൈസ് ഡയറക്ടർ സി. ആൻസ് എസ്.എച്ച്, ശാഖാ പ്രസിഡന്റ് ജോസ് ചന്ദ്രത്തിൽ എന്നിവർക്കും മറ്റ് മേഖലാ-ശാഖാ ഭാരവാഹികൾക്കും സൺഡേ സ്കൂൾ അദ്ധ്യാപകർക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജനുവരി 1-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2. 30 മുതൽ 4. 30 വരെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ജനുവരി 10, 11 തീയതികളിലായി കുറവിലങ്ങാട് വച്ച് നടത്തുന്ന സ്റ്റേറ്റ് കലോത്സവമായിരുന്നു മുഖ്യ ചർച്ചാവിഷയം. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ പങ്കെടുത്തു.

**കെ.സി.എസ്.എൽ സംസ്ഥാന കലോത്സവം :**
**വിളംബര റാലിയും പൊതുസമ്മേളനവും**

ജനുവരി 10 ന് രാവിലെ 9. 30 ന് കുറവിലങ്ങാട്ട് ആരംഭിച്ച കെ. സി. എസ്. എൽ കലോത്സവ വിളംബര റാലിയിൽ കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്. എസ്. എസ്, സെന്റ് മേരീസ് ജി. എച്ച്. എസ്, സെന്റ് മേരീസ് ജി. എൽ. പി. എസ്, സെന്റ് മേരീസ് ബോയ്സ് എൽ, പി. എസ് എന്നീ സ്കൂളുകളിൽ നിന്നും 1500 ഓളം കുട്ടികൾ റാലിയിൽ പങ്കെടുത്തു. ആർച്ചുപ്രീസ്റ്റ് വെരി. റവ. ഡോ. ജോസഫ് തടത്തിൽ (മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം തീർത്ഥാടന ദേവാലയം, കുറവിലങ്ങാട്) ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. കുട്ടികൾ അവതരിപ്പിച്ച വിവിധതരം ഫ്ളോട്ടുകൾ, ബാന്റ് മേളം, ചെണ്ടമേളം തുടങ്ങിയവ റാലിക്ക് മാറ്റുകൂട്ടി. സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, രൂപതാ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, സ്റ്റേറ്റ് പ്രസിഡന്റ് മാത്തുകുട്ടി കുത്തനാപ്പിള്ളിൽ, സ്റ്റേറ്റ് ജനറൽ ഓർഗ്ഗനൈസർ സിറിയക് നരിതൂക്കിൽ, രൂപതാ പ്രസിഡന്റ് സാലി കെ. ജെ, രൂപതാ ഓർഗ്ഗനൈസർ സോജൻ കെ. ജെ മറ്റ് സ്റ്റേറ്റ് - രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ റാലി നയിച്ചു. 10. 30 ന് റാലി സമാപിച്ചു.

ഉച്ചകഴിഞ്ഞ് 2. 30 ന് പൊതുസമ്മേളനം ആരംഭിച്ചു. മൂവാറ്റുപുഴ മുൻ മെത്രാപ്പോലീത്ത എബ്രാഹം മാർ ജൂലിയോസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച മീറ്റിംഗിൽ രൂപതാ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ സ്വാഗതം ആശംസിച്ചു. സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ആമുഖ പ്രസംഗം നടത്തി. വികാരി ജനറൽ വെരി. റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, ആർച്ച് പ്രീസ്റ്റ് വെരി. റവ. ഡോ. ജോസഫ് തടത്തിൽ, ശ്രീ ജോസ് കെ. മാണി എം. പി, ശ്രീ. തോമസ് ചാഴികാടൻ എം. പി, ശ്രീ നോബിൾ തോമസ് (പ്രിൻസിപ്പൽ, സെന്റ് മേരീസ് എച്ച്.എസ്.എസ്, കുറവിലങ്ങാട്) സി. ബെൻസി റോസ് സി.എം.സി (ഹെഡ്മിസ്ട്രസ്, സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്) സ്റ്റേറ്റ് ചെയർപേഴ്സൺ മരിയ ഷാജി, രൂപതാ ചെയർമാൻ ഡാർവിൻ ജെറാർഡ് എന്നിവർ ആശംസകളർപ്പിച്ചു. സിനിമാതാരം മിയ ജോർജ്ജ് മുഖ്യാതിഥി യായിരുന്നു.

**104 -ാമത് സംസ്ഥാന കലോത്സവം**

104-ാമത് സംസ്ഥാന കലോത്സവത്തിന് കുറവിലങ്ങാട് വേദിയായി. 16 വേദികളിലായി നടന്ന മത്സരങ്ങളിൽ 1500 ഓളം കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു. മത്സരങ്ങൾ ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ പാലാ രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഓവറോൾ ചാമ്പ്യൻഷിപ്പിന് യഥാക്രമം ചങ്ങനാശ്ശേരി രൂപത ഒന്നാം സ്ഥാനവും കോതമംഗലം രൂപത രണ്ടാം സ്ഥാനവും ഇടുക്കി രൂപത മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**സമാപന സമ്മേളനം**

സമാപന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30 ന് ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചസമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ സ്വാഗതം ആശംസിച്ചു. സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ആമുഖ പ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ മാത്തുകുട്ടി കുത്തനാപ്പിള്ളിൽ അദ്ധ്യക്ഷപ്രസംഗവും കോർപ്പറേറ്റ് സെക്രട്ടറി വെരി. റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം അനുഗ്രഹ പ്രഭാഷണവും ശ്രീ മോൻസ് ജോസഫ് എം. എൽ. എ മുഖ്യപ്രഭാഷണവും നടത്തി. ശ്രീ ജോർജുകുട്ടി ജേക്കബ് (ഹെഡ്മാസ്റ്റർ, സെന്റ് മേരീസ് എച്ച്.എസ്.എസ്, കുറവിലങ്ങാട്), സി. ലിസ മാത്യൂ സി. എം. സി (ഹെഡ്മിസ്ട്രസ്, സെന്റ് മേരീസ് ജി.എൽ.പി.എസ്) ശ്രീ മാർട്ടിൻ ജോസഫ് (ഹെഡ്മാസ്റ്റർ, സെന്റ് മേരീസ് ബോയ്സ് എൽ.പി.എസ്), ശ്രീ. പി.എൻ മോഹനൻ (വാർഡ് മെംബർ, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്) സ്റ്റേറ്റ് ജനറൽ സെക്രട്ടറി ഫിലിഫ്സ് സിബിച്ചൻ, രൂപതാ ജനറൽ സെക്രട്ടറി ക്രിസ്റ്റി സണ്ണി എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റേറ്റ് ജനറൽ ട്രഷറർ ശ്രീ. മനോജ് ചാക്കോ കൃതജ്ഞതയർപ്പിച്ചു. ഓവറോൾ ചാമ്പ്യൻഷിപ്പ് വിതരണം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിച്ചു. 4. 30 ന് മീറ്റിംഗ് സമാപിച്ചു.

**നന്ദിപ്രകാശനയോഗം**

കെ.സി.എസ്.എൽ സ്റ്റേറ്റ് കലോത്സവത്തിന്റെ നടത്തിപ്പിനായി ആത്മാർത്ഥമായി സഹകരിച്ച കുറവിലങ്ങാട് സ്കൂളിലെ ടീച്ചേഴ്സിന് നന്ദി അറിയിച്ചുകൊണ്ടുള്ള നന്ദിപ്രകാശനയോഗം 23/01/2020 ന് കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്. എസ്. എസി ൽ വച്ച് ഉച്ചകഴിഞ്ഞ് 2. 30 മുതൽ 4. 00 മണിവരെ കൂടുകയുണ്ടായി. യോഗത്തിൽ സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, രൂപതാ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, രൂപതാ ജനറൽ ഓർഗനൈസർ സോജൻ കെ.ജെ, രൂപതാ വൈസ്പ്രസിഡന്റ് പ്രിറ്റി അഗസ്റ്റിൻ തുടങ്ങിയവർ ടീച്ചേഴ്സിന് നന്ദി അറിയിക്കുകയും ചെയ്തു. ലഘുഭക്ഷണത്തിനുശേഷം യോഗം സമാപിച്ചു. കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം തീർത്ഥാടന ദേവാലയം ആർച്ചുപ്രീസ്റ്റ് വെരി. റവ. ഡോ. ജോസഫ് തടത്തിലച്ചൻ, സഹവികാരിമാർ, കൈക്കാരന്മാർ, ദേവമാതാകോളേജ് പ്രിൻസിപ്പൽ, സ്റ്റാഫംഗങ്ങൾ എന്നിവരോടും നേരിൽ കണ്ട് നന്ദി പ്രകാശിപ്പിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

24/01/2020 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. സ്റ്റേറ്റ് കലോത്സവത്തിനുശേഷം കൂടിയ ആദ്യത്തെ എക്സിക്യൂട്ടീവ് യോഗത്തിൽ കലോത്സവത്തെക്കുറിച്ച് വിലയിരുത്തുകയും കലോത്സവ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. കെ. സി. എസ്. എൽ ന്റെ രൂപതാ വാർഷികം ജനുവരി 31 ന് ഉച്ചകഴിഞ്ഞ് ഭരണങ്ങാനം പള്ളി പാരീഷ്ഹാളിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. 4. 30 ന് മീറ്റിംഗ് സമാപിച്ചു.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

**1. Memoria 2K19**

എസ്.എം.വൈ.എം. മണ്ണയ്ക്കനാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലാ രൂപതയിലെ എസ്.എം.വൈ.എം. യൂണിറ്റുകൾക്കായി നടത്തിയ കരോൾഗാന മത്സരം, Memoria 2K19 ഡിസംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നടത്തപ്പെട്ടു. എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ നേതൃത്വം നൽകി.

**2. രൂപത ഇലക്ഷൻ നടത്തപ്പെട്ടു.**

എസ്.എം.വൈ.എം. പാലാ രൂപത 2020 പ്രവർത്തനവർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാലാ അൽഫോൻസാ കോളേജിൽ ജനുവരി 2-ന് രാവിലെ 9.30 ന് നടന്ന രൂപത സെനറ്റിൽ രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ വരണാധികാരിയായി നേതൃത്വം നല്കി. ഭാരവാഹികളായി ബിബിൻ ചാമക്കാലയിൽ (കാട്ടാമ്പാക്ക്) പ്രസിഡന്റ്, മിജോയിൻ വലിയകാപ്പിൽ (കടനാട്) ജനറൽ സെക്രട്ടറി, അമലു ജോസഫ് (നീലൂർ) വൈസ് പ്രസിഡന്റ്, ഡിന്റോ (ളാലം ഓൾഡ്) ഡെപ്യൂട്ടി പ്രസിഡന്റ്, റോബിൻ ടി ജോസ് താന്നിമലയിൽ (പൂവക്കുളം) സെക്രട്ടറി, ചിന്നു ഗർവ്വാസിസ് (കോതനല്ലൂർ) ജോയിന്റ് സെക്രട്ടറി, മിനു മാത്യൂസ് (ചെമ്മലമറ്റം) ട്രഷറർ, ആന്റോ ജോർജ് (വെള്ളികുളം), ശീതൾ വെട്ടത്ത് (അറക്കുളം പുത്തൻപള്ളി) കൗൺസിലർമാർ, ആൽവിൻ ജോസ് ഞായർകുളം (പൂവത്തോട്) റീജിയണൽ കൗൺസിലർ, അഞ്ജുമോൾ ജോണി (കാഞ്ഞിരത്താനം) റീജിയണൽ വൈസ് പ്രസിഡന്റ് എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

**3. രൂപത വാർഷികം – ഗ്ലോറിയ നടത്തപ്പെട്ടു.**

സീറോ മലബാർ യൂത്ത് മൂവ്മെന്റ് പാലാ രൂപത വാർഷികം 'ഗ്ലോറിയ' പാലാ അൽഫോൻസാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. പാലാ

രൂപതാസഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ആമുഖപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. എസ്.എം.വൈ.എം. പാലാ രൂപത ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി. സ്വാഗതം ആശംസിച്ചു. എസ്.എം.വൈ.എം. പാലാരൂപത വൈസ് പ്രസിഡന്റ് റീതു ജോർജ് യോഗത്തിന് കൃതജ്ഞത അർപ്പിച്ചു. എസ്.എം.വൈ.എം. പാലാ രൂപതയുടെ വാർഷികപത്രമായ യുവശബ്ദത്തിന്റെ പ്രകാശനകർമ്മം നടത്തി.

മുൻ റീജന്റ് റവ.ഫാ. ഇമ്മാനുവേൽ കാഞ്ഞിരത്തുങ്കൽ, മുൻ ജനറൽ സെക്രട്ടറി റവ. ഫാ. ജോസഫ് ചീനോത്തുപറമ്പിൽ, എ.എസ്.ഐ. ബിനോയ് തോമസ്, പരിസ്ഥിതി പ്രവർത്തകൻ എബി ഇമ്മാനുവേൽ, പാലാ ജനറൽ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. അഞ്ചു സി. മാത്യു പി.എച്ച്.ഡി. ലഭിച്ച മുൻ വൈസ് പ്രസിഡന്റ് സി. മോനിക്ക എസ്.എച്ച്., സാമൂഹ്യ പ്രവർത്തകൻ എബി ജെ. ജോസ്, മികച്ച നേഴ്സായി തിരഞ്ഞെടുക്കപ്പെട്ട ഡിനു എം. ജോയി എന്നിവർക്ക് പ്രത്യേക പുരസ്കാരം നല്കി.

രൂപതയിൽ 30 വയസ്സായ യുവജനങ്ങളെ ആദരിച്ചു. രൂപതയിലെ മികച്ച എസ്.എം.വൈ.എം. പ്രവർത്തകർക്കുള്ള ഡാനിയേൽ-എസ്തേർ അവാർഡുകൾ നൽകി. കുറവിലങ്ങാട് മേഖലയിലെ കാട്ടാമ്പാക്ക് യൂണിറ്റിൽനിന്നുള്ള ബിബിൻ ചാമക്കാലായിൽ ഡാനിയേൽ അവാർഡും കുറവിലങ്ങാട് ഫൊറോനയിലെ കുറവിലങ്ങാട് യൂണിറ്റിൽ നിന്നുള്ള ഡെൻസി ജോൺ എസ്തേർ അവാർഡും കരസ്ഥമാക്കി. എസ്.എം.വൈ.എം. പാലാ രൂപത ജോയിന്റ് ഡയറക്ടർ സി. ഷൈനി, സെബാസ്റ്റ്യൻ ജോയി, റോഷ്നി ജോർജ്, ജിനു ജോസഫ്, അഞ്ജുമോൾ ജോണി, റിബിൻ ജോസ്, ജോസഫ് സാവിയോ, ആന്റോ ജോർജ്, ആൽവിൻ ഞായർകുളം, ആൽവിൻ മോനിപ്പള്ളി, ബ്രദർ മാത്യു പനങ്ങാട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഇരുപത്തിയേഴാം ബാച്ച് അംഗങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണവും രൂപതയിലെ മികച്ച യൂണിറ്റ്, ഫൊറോന എന്നിവയുടെ സമ്മാന വിതരണവും നടത്തപ്പെട്ടു. 'എ' യൂണിറ്റിന്റെ 'എ' വിഭാഗത്തിൽ മികച്ച യൂണിറ്റായി കുറവിലങ്ങാട് ഫൊറോനയിലെ കാട്ടാമ്പാക്ക് യൂണിറ്റും 'ബി' വിഭാഗത്തിൽ കുറവിലങ്ങാട് ഫൊറോനയിലെ മോനിപ്പള്ളി യൂണിറ്റും 'സി' വിഭാഗത്തിൽ കുറവിലങ്ങാട് ഫൊറോനയിലെ കുറവിലങ്ങാട് യൂണിറ്റും തിരഞ്ഞെടുക്കപ്പെട്ടു. കുറവിലങ്ങാട് ഫൊറോനയിലെ വാക്കാട് യൂണിറ്റ്, ഇലഞ്ഞി ഫൊറോനയിലെ മുളക്കുളം യൂണിറ്റ്, അരുവിത്തുറ ഫൊറോനയിലെ അരുവിത്തുറ യൂണിറ്റ് എന്നിവർ യഥാക്രമം എ,ബി,സി വിഭാഗങ്ങളിൽ മികച്ച യൂണിറ്റിനുള്ള രണ്ടാംസ്ഥാനവും കരസ്ഥമാക്കി. യുവതികളുടെ വിഭാഗത്തിൽ 'എ' ലെവലിൽ കുറവിലങ്ങാട് ഫൊറോനയിലെ വാക്കാട് യൂണിറ്റ് ഒന്നാം സ്ഥാനവും, 'ബി' ലെവലിൽ കുറവിലങ്ങാട് ഫൊറോനയിലെ മണ്ണയ്ക്കനാട് യൂണിറ്റ് ഒന്നാം സ്ഥാനവും മോനിപ്പള്ളി രണ്ടാം സ്ഥാനവും 'സി' ലെവിൽ ഒന്നാം

സ്ഥാനം കുറവിലങ്ങാട് ഫൊറോനയിലെ കുറവിലങ്ങാട് യൂണിറ്റും രണ്ടാം സ്ഥാനം അരുവിത്തുറ ഫൊറോനയിലെ അരുവിത്തുറ യൂണിറ്റും കരസ്ഥമാക്കി. കുറവിലങ്ങാട് മേഖല രൂപതയിലെ മികച്ച ഫൊറോനയായി തിരഞ്ഞെടുക്കപ്പെട്ടു. രാമപുരം ഫൊറോന മികച്ച ഫൊറോനയ്ക്കുള്ള രണ്ടാംസ്ഥാനം കരസ്ഥമാക്കി.

**4. രൂപതാ യുവജന സൂനഹദോസ്**

വാർഷികത്തോടും ഇലക്ഷനുമൊപ്പം രൂപതാ യൂത്ത് സിനഡും നടത്തപ്പെട്ടു. ഇലക്ഷൻ ക്യാമ്പിൽ രൂപതയിലെ പതിനേഴു ഫൊറോനകളിൽ നിന്നുമുള്ള ഫൊറോനാഭാരവാഹികളും എല്ലാ എസ്.എം.വൈ.എം. യൂണിറ്റുകളിൽ നിന്നുള്ള ഫൊറോന കൗൺസിലർമാരും പങ്കെടുത്തു. തുടർന്നു നടത്തപ്പെട്ട യൂത്ത് സിനഡിൽ എല്ലാ ഫൊറോന ഭാരവാഹികളും യൂണിറ്റ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ എന്നിവരും അവരോടൊപ്പം പങ്കെടുത്തു. യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, സംഘടനയിൽനിന്നും എന്ത് പ്രതീക്ഷിക്കുന്നു, സംഘടന പ്രവർത്തനങ്ങൾ, സമൂഹത്തിനും സഭയ്ക്കുമായി ക്രൈസ്തവ യുവജനസംഘടനക്ക് എന്ത് ചെയ്യാൻ സാധിക്കും എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. യുവജനങ്ങൾക്ക് തുറന്ന് സംവദിക്കാനുമുള്ള വേദിയായി യൂത്ത് സിനഡ് മാറി.

**5. ക്ലാസുകൾ നയിച്ചു.**

4-ാം തീയതി കുറുമണ്ണ് ഹൈസ്കൂളിലും 8-ാം തീയതി പൂവത്തോട് ആശ്രമദൈവാലയത്തിലും 10-ാം തീയതി അറക്കുളം ഹയർസെക്കണ്ടറി സ്കൂളിലും ഡയറക്ടർ അച്ചൻ ക്ലാസുകൾ നയിച്ചു. 11-ാം തീയതി വൈകുന്നേരം 8 മണിക്ക് ഡി.സി.എം.എസ്. യുവാക്കൾക്ക് ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡയറക്ടർ ക്ലാസുകൾ നയിച്ചു.

**6. FFF പ്രോഗ്രാം വാർത്തകർ**

1. 11-ാം തീയതി FFF പ്രോഗ്രാമിന്റെ പുതിയ ബാച്ചുകൾ ആരംഭിച്ചു.
2. 18-ാം തീയതി ശനിയാഴ്ച FFFപ്രോഗ്രാം കുമ്മണ്ണൂരിൽ വച്ച് നടത്തപ്പെട്ടു. ക്ലാസിന്റെ ഭാഗമായി ചേർപ്പുങ്കൽ മാർത്തോമാ മണ്ഡപം സന്ദർശിച്ചു.

**7. എക്സിക്യൂട്ടീവ് മീറ്റിംഗ്**

5-ാം തീയതി ഞായറാഴ്ച പഴയ സമിതിയുടെയും പുതിയ സമിതിയുടെയും നേതൃത്വത്തിൽ സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**8. യൂണിറ്റുകൾ സന്ദർശിച്ചു.**

ബഹുമാനപ്പെട്ട ഡയറക്ടറച്ചൻ 19-ാം തീയതി മണലുങ്കൽ, 23-ാം തീയതി കാക്കൂർ, 12-ാം തീയതി കളത്തൂർ, 24-ാം തീയതി കുടക്കച്ചിറ യൂണിറ്റുകൾ സന്ദർശിച്ചു.

**9. പുതിയ എ, ബി യൂണിറ്റുകൾ**

നമ്പ്യാകുളം ഇടവകയിൽ യൂണിറ്റുകളുടെ പ്രവർത്തന ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ നടത്തി. വികാരി റവ. ഫാ. മാത്യു പുല്ലുകാലായിൽ നേതൃത്വം നൽകി.

**10. സംസ്ഥാന മീറ്റിംഗിലും ഇലക്ഷനിലും പങ്കെടുത്തു.**

17-ാം തീയതി തൃശ്ശൂരിൽ നടന്ന എസ്.എം.വൈ.എം. മീറ്റിംഗിലും ഇലക്ഷനിലും, 18-20 തീയതികളിൽ നടന്ന കെ.സി.വൈ.എം. സെനറ്റിലും രൂപതയിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു.

**11. ഇലക്ഷൻ**

19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് മുട്ടുചിറ ഫൊറോന ഇലക്ഷൻ നടത്തപ്പെട്ടു. ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ നേതൃത്വം നൽകി. റിട്ടേണിംഗ് ഓഫീസർമാരായി സെബാസ്റ്റ്യൻ ജോയി, ബ്രദർ മാത്യു പനങ്ങാട്ട് എന്നിവർ പങ്കെടുത്തു.

**12. പ്രവർത്തനവർഷോദ്ഘാടനവും കൗൺസിൽ മീറ്റിംഗും**

26-ാം തീയതി ഞായറാഴ്ച 10.30 ന് 2020 പ്രവർത്തനവർഷത്തിലെ സമിതിയുടെ സത്യപ്രതിജ്ഞയും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തപ്പെട്ടു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് പരിപാടികൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 2.30 ന് പ്രഥമ കൗൺസിൽ മീറ്റിംഗും നടത്തപ്പെട്ടു. പകലോമറ്റം അർക്കദിയാക്കോന്മാരുടെ കബറിടത്തിങ്കൽ ധൂപ്പാർപ്പണ നമസ്കാരത്തോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. പുതിയ സമിതിയംഗങ്ങൾ അവയവദാനസമ്മതപത്രത്തിൽ ഒപ്പിട്ടു. ജനുവരി 26-ന് ബർത്ത്ഡേ ആഘോഷിച്ചവർക്ക് തെങ്ങിൻതൈ നല്കി.

## പ്രത്യേകം ശ്രദ്ധിക്കുക

**1. എല്ലാ ഇടവകകളിലും എ യൂണിറ്റും ബി യൂണിറ്റും**

15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള എല്ലാ യുവതീയൂവക്കളും അംഗങ്ങളാകുന്ന വിധത്തിൽ ഫെബ്രുവരി മാസത്തിൽ തന്നെ യൂണിറ്റ് രജിസ്ട്രേഷനും അംഗത്വ രജിസ്ട്രേഷനും അംഗത്വനവീകരണവും പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുക. ഈ പ്രവർത്തനവർഷത്തിൽ കലാമത്സരങ്ങളും ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, ക്രിക്കറ്റ് തുടങ്ങിയ മത്സരങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു. ഫെബ്രുവരിയിൽതന്നെ ടീമുകൾ പേരുകൾ നൽകുക. പിന്നീട് രജിസ്റ്റർ ചെയ്യുന്നവരെ നിശ്ചിത മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല. ഫെബ്രുവരി മാസത്തിൽ തന്നെ ഐഡി കാർഡുകൾ ഓഫീസിൽനിന്ന് വാങ്ങുക. ആവശ്യസമയത്ത് ഐഡി കാർഡുകൾ രേഖയായി കാണിക്കേണ്ടതാണ്.

**2. എല്ലാ യുവതീയുവാക്കളും സഭയുമായി ബന്ധത്തിലായിരിക്കുവാനുള്ള പരിശ്രമം**

വിദേശത്തുള്ള യുവതീയുവാക്കൾ ഉൾപ്പെടെ 15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള യുവതീയുവാക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നു. സൺഡേ സ്കൂൾ ബാച്ച്വൈസിൽ പേരുവിവരങ്ങൾ കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. ഓരോ ബാച്ചിനായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുവരുന്നു. യൂണിറ്റ് ഭാരവാഹികളെ ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കുക.

**3.** ഫൊറോനാ സമിതികളിൽ എല്ലാ ഇടവകകളിൽനിന്നും ഒരു യുവാവും ഒരു യുവതിയും പ്രതിനിധികളായി ഉണ്ടായിരിക്കണം. ഭാരവാഹിത്വത്തിലൂടെ ഇതിന്

സാധിക്കാത്ത പക്ഷം ഫൊറോന സമിതികളിൽ കൗൺസിലേഴ്സ് എന്ന പോസ്റ്റുകൾ നൽകി ഉചിതമായ വ്യക്തികളെ ഇടവകകളിലെ യൂണിറ്റുകളിൽനിന്നും നിശ്ചയിക്കുക.

**4.** ഫൊറോന, ഇടവകതലങ്ങളിൽ ലേ ആനിമേറ്റേഴ്സിനെ ബഹു. ഡയറക്ടറച്ചന്മാർ നിയമിക്കുക. ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിന്റെ കാര്യവും പ്രത്യേകം ശ്രദ്ധിക്കുക.

**5.** ഫെബ്രുവരി മാസത്തിൽതന്നെ ഫൊറോനാ അസംബ്ലിയും ഫൊറോനാ എക്സിക്യൂട്ടീവും ഓരോ തവണ കൂടാൻ ശ്രദ്ധിക്കുക. അവധിക്കാലത്ത് ഓരോ ഫൊറോനയിലും ഒരു യുവജനപരിപാടിയെങ്കിലും നടത്താൻ ശ്രദ്ധിക്കുമല്ലോ.

**6.** ബർത്ത്ഡേ ആഘോഷിക്കുന്ന എസ്.എം.വൈ.എം. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെക്കൊണ്ട് വൃക്ഷതൈകൾ നടീക്കണം. കുറഞ്ഞപക്ഷം യൂണിറ്റ് മീറ്റിംഗിൽ വൃക്ഷതൈകൾ കൊടുത്തുവിടുകയും ചെയ്യണം. കർഷകസംസ്കാരം വളർത്തുവാനുള്ള കർമ്മപരിപാടിയാണിത്.

**7.** വൈ.എ. റ്റി.പി. 28-ാമത് ബാച്ച്

ഓരോ ഇടവകയിൽനിന്നും ഒരു യുവതിയെയും ഒരു യുവാവിനെയും ഒരു വർഷം നീളുന്ന ഫോർമേഷൻ പ്രോഗ്രാമിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫെബ്രുവരി 29-ന് മുമ്പായി രൂപതാ ഓഫീസിൽ രജിസ്റ്റർ ചെയ്യുക. പ്രത്യേക ഫോം ഉണ്ടായിരിക്കും. പങ്കെടുക്കുന്ന വ്യക്തി 1000 + യൂണിറ്റ്/ഇടവക 1000 എന്നവിധത്തിൽ രണ്ടായിരം രൂപയാണ് ഫീസ്. തോമാശ്ലീഹാ സ്ഥാപിച്ച പള്ളികളിലൂടെയുള്ള യാത്ര, മൈലാപ്പൂർ തീർത്ഥാടനം എന്നിവ ഈ വർഷം ഉണ്ടായിരിക്കുന്നതാണ്.

**8. ഫെയ്ത്ത് ഫോർമേഷൻ പ്രോഗ്രാം**

യുവാക്കൾക്ക് വിശ്വാസപരിശീലനത്തുടർച്ച എസ്.എം.വൈ.എം. നടത്തിവരുന്നു. സഭാ, ബൈബിൾ, കൂദാശ സംബന്ധമായ സംശയങ്ങൾക്ക് ഉത്തരം, സുറിയാനി ആത്മീയത, ദൈവശാസ്ത്രം, അച്ചടക്കം, ആരാധനക്രമം എന്നിവയാണ് പ്രധാന പ്രമേയങ്ങൾ. 15 വയസ്സു മുതലുള്ള യുവാക്കളെ പ്രോഗ്രാമിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. മുതിർന്നവരും ക്ലാസുകളിൽ പങ്കെടുക്കാൻ വരാറുണ്ട്. രണ്ടാംശനിയാഴ്ചകളിൽ പാലാ എസ്.എം.എസ്. ജനറലേറ്റ്, പാലായിലും മൂന്നാം ശനിയാഴ്ചകളിൽ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, ചേർപ്പുങ്കൽ- കുമ്മണ്ണൂരിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. സമയം 2.30 pm -5.00 pm.

**9. ഫെബ്രുവരി 21-ന് സീനിയേഴ്സ് കോർ എക്സിക്യൂട്ടീവ് ബോഡി രൂപീകരണം**

മുൻകാല സമിതിയിലെ 2 പുരുഷന്മാരും 2 സ്ത്രീകളും എന്നിവർ ഉൾപ്പെടുന്ന ഒരു ബോഡി രൂപീകരിക്കുകയാണ്. വൈ.എ.റ്റി.പി. മുൻകാല ബാച്ചുകളിലെ ഒരു പുരുഷനും ഒരു സ്ത്രീയും ബോഡിയിൽ ഉണ്ടായിരിക്കുന്നതാണ്.

**10.** എസ്.എം.വൈ.എം. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ പരീക്ഷ ഒരുക്കപ്രോഗ്രാം, ആരാധന എന്നിവ സംഘടിപ്പിക്കുന്നത് നല്ലതാണ്.

**11.** യൂണിറ്റുകളിൽ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുക്കാൻ ടീമുകൾ തയ്യാറാണ്.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. കമ്യൂണിയൻ (Communion) – ഡിസംബർ 9,10 തീയതികളിൽ**

പാലാരിവട്ടം പി.ഒ.സിയിൽ വച്ച് ജീസസ് യൂത്തിനെ സഹായിക്കുന്ന വൈദികരുടെയും സന്യസ്തരുടെയും സംഗമത്തിൽ പാലായിൽനിന്ന് ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് അമ്പാട്ട്, ഫാ. തോമസ് കൊച്ചോടക്കൽ എന്നീ വൈദികരും, FCC, SH, CMC, SABS, SMC, SMS എന്നീ സന്യാസസഭകളിൽനിന്നായി 14 ഓളം സന്യസ്തരും പങ്കെടുത്തു.

**2. കൾച്ചറൽ എക്സ്ചേഞ്ച്**

കേരളത്തിലെ സംസ്കാരവും, പാരമ്പര്യവും, പ്രാർത്ഥനശൈലികളും കാണുവാനും അനുഭവിക്കാനുമായി ഭൂട്ടാനിൽ നിന്നും, ഒഡീഷയിൽനിന്നും എത്തിയ 16-ഓളം യുവജനങ്ങൾ 8 ദിവസത്തോളം പാലായിലെ വിവിധ ക്രൈസ്തവ ഭവനങ്ങളിൽ താമസിക്കുകയും വിവിധ ക്രിസ്തീയ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ചെയ്തു. അമല ട്രീസ, അലൻ വേദഗിരി, ദീപ്തി എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. ടീൻസ് ലീഡേഴ്സ് ട്രെയിനിംഗ്**

ഡിസംബർ 26 മുതൽ 29 വരെ പാലാ കാർമ്മൽ സ്കൂളിൽ വച്ച് ടീൻസ് ലീഡേഴ്സ് ട്രെയിനിംഗ് നടത്തപ്പെട്ടു. ഫാ. സിറിൽ തയ്യിൽ, ജോസ് മാത്യു, ജസ്റ്റിൻ കോതമംഗലം, പോൾ എമിൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. സെബാസ്റ്റ്യൻ പൈനിക്കുളം, സിബിൻ ചാലിൽ എന്നിവർ നേതൃത്വം നൽകി.

**4. രാത്രി ആരാധന**

ആദ്യ വെള്ളിയാഴ്ച വൈകിട്ട് 7 മണി മുതൽ ശനിയാഴ്ച രാവിലെ 5 മണി വരെ അരുണാപുരം സെന്റ് തോമസ് പള്ളയിൽ വച്ച് രാത്രിയാരാധന നടത്തപ്പെട്ടു. ഫാ. സിറിൽ തയ്യിൽ, സി. ജോൺസി എഫ്.സി.സി., റോയി ജോസഫ്, ആഷിഷ് ജോസ് എന്നിവർ നേതൃത്വം നൽകി.

**5. കുടുംബസംഗമം**

ജനുവരി 2-ാം തീയതി കുരുവിനാൽ വി. മിഖായേലിന്റെ പള്ളിയിൽ വച്ച് ജീസസ് യൂത്ത് കുടുംബസംഗമം നടന്നു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ സന്ദേശം നൽകുകയും കുടുംബങ്ങളെ ആശീർവദിക്കുകയും ചെയ്തു. ഫാ. സിറിൽ തയ്യിൽ, ഫാ. തോമസ് മണ്ണൂർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബിസാസ് ജോസഫ്, ഷൈബു കുരുവിനാൽ എന്നിവർ നേതൃത്വം നല്കി.

**6. യുവജനധ്യാനം**

എല്ലാ മാസത്തെയും പോലെ ജനുവരി 10,11,12 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. പ്രാർത്ഥനാ നികേതനിൽ വച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ യുവജനധ്യാനം നടത്തപ്പെട്ടു.

**7. സെക്കന്റ് സ്റ്റാർഡേ ഗാതറിംഗ് (Second Saturday Gathering)**

ജനുവരി 11-ാം തീയതി ശനിയാഴ്ച പാലാ സെന്റ് തോമസ് സ്കൂളിൽ

വച്ച് സെക്കന്റ് സാറ്റർഡേ ഗാതറിംഗ് നടത്തപ്പെട്ടു. അതുൽ ജോഷി, മരിയാ മോൾ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**8. ഫോർമേഷൻ**

ജീസസ് യൂത്ത് ഫോർമേഷന്റെ ഭാഗമായ എമ്മാവൂസ്, പോൾ കോഴ്സുകൾ ഭരണങ്ങാനം പാറേൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. റെജി ജോസഫ്, ജോസ് മാത്യു എന്നിവർ നേതൃത്വം നൽകി.

**9. ഏകദിന പ്രോഗ്രാമുകൾ**

റൂത്ത് - പാലാ അൽഫോൻസാ കോളേജിൽ റൂത്ത് എന്ന പേരിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ഏകദിന പ്രോഗ്രാം ജനുവരി 18-ന് നടന്നു. ഫാ. ജസ്റ്റിൻ MSFS, ജോയിസി മരിയ, ആഷിഷ് ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു.

എൻഫ്യുഗോ (Enfuego)- രാമപുരം മാർ അഗസ്റ്റീനോസ് കോളേജിൽ ജനുവരി 25-ന് ഏകദിനപ്രോഗ്രാം നടന്നു. മാനേജർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, പ്രിൻസിപ്പൽ ഡോ. സി. എ. ജോസഫ് എന്നിവർ സംസാരിച്ചു. ജോർജ് ജോസഫ് ക്ലാസ് നയിച്ചു.

സി-വോക്ക് (C-walk)- അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ സി-വോക്ക് എന്ന പേരിൽ ജനുവരി 25-ന് ഏകദിന പ്രോഗ്രാം നടന്നു. ദീപക്, സിബിൻ ചാലിൽ എന്നിവർ നേതൃത്വം നൽകി.

**10.** രാമപുരം കാർമ്മൽ ജ്യോതി ഗേൾസ് ഹോസ്റ്റലിലും സെന്റ് പോൾസ് ബോയ്സ് ഹോസ്റ്റലിലും ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ക്ലാസുകൾ നടത്തപ്പെട്ടു. മാത്യു കുരിയാക്കോസ്, അനിത ജോജി എന്നിവർ നേതൃത്വം നൽകി.

**11. കോർ ടീം ഗാതറിംഗ്**

കോളേജുകളിൽ പ്രവർത്തിക്കുന്ന ജീസസ് യൂത്ത് കോർ ടീമുകളുടെ ഗാതറിംഗ് ജനുവരി 4,5 തീയതികളിൽ ഭരണങ്ങാനം സെന്റ് മേരീസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

**12.** ജനുവരി 17 മുതൽ 19 വരെ കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെട്ട 22-ാമത് ഏഷ്യ പസദിക് പ്രോലൈഫ് കോൺഫറൻസ് ASPAC 2020 ൽ പാലായിൽ നിന്നുള്ള ജീസസ് യൂത്ത് പ്രതിനിധികളായി ജോബിഷ് തയ്യിൽ, ലിവിയോ റോയ് എന്നിവർ പങ്കെടുത്തു.

**ഏയ്ഞ്ചൽ ആർമി**

**13.** 12 വയസിൽ താഴെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കളുമായി ഭരണങ്ങാനം പാറേൽ പള്ളിയിൽ വച്ച് ജനുവരി 11-ന് അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. ജീസസ് യൂത്ത് ഏഞ്ചൽസ് ആർമി ടീം നേതൃത്വം നൽകി.

**14. മംഗളവാർത്ത ധ്യാനം**

2020 ഫെബ്രുവരി 23 ഞായറാഴ്ച വൈകുന്നേരം 5 മുതൽ 26 ബുധനാഴ്ച വൈകുന്നേരം 5 വരെ കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചവരും സ്വീകരിക്കാൻ ഒരുങ്ങുന്നവരുമായ ദമ്പതികൾക്കുള്ള മംഗളവാർത്ത ധ്യാനം നടത്തപ്പെടുന്നു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

1 5-1-2020 ഞായറാഴ്ച വൈകിട്ട് 4 മുതൽ 5.30 വരെ മണ്ണയ്ക്കനാട് ഇടവകയിലെ 20 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ രൂപതാ റിസോഴ്സ് ടീം കുടുംബകൂട്ടായ്മയെക്കുറിച്ച് ബോധവല്ക്കരണക്ലാസ് നടത്തി.

2. 12-1-2020 വൈകുന്നേരം 3 മുതൽ ഭരണങ്ങാനം അൽഫോൻസിയൻ സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ റിസോഴ്സ് ടീം, ഫൊറോനാ കോർഡിനേറ്റേഴ്സ് എന്നിവർ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഒരിമിച്ചു ചേർന്നു. സി. ജെയ്സി സി.എം.സി. പ്രാർത്ഥനാശുശ്രൂഷ നടത്തി. ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കലച്ചൻ ഇതവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. ഒരു ഹൃസ്വവിവരണം നല്കുകയും ആരംഭം മുതൽ 23 വർഷമായി ശുശ്രൂഷയിൽ തുടരുന്നവരെ ആദരിക്കുകയും നന്ദിപൂർവ്വം അവരുടെ സേവനങ്ങളെ സ്മരിക്കുകയും ചെയ്തു. അൻപതിലധികം പേർ പങ്കെടുക്കുകയും അവരുടെ അനുഭവനങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കുറ്റിയാനി ഫാമിലി ലോഗോസ് ക്വിസ് പ്രോത്സാഹിപ്പിക്കണമെന്നന് അഭ്യർത്ഥിച്ച് സംസാരിച്ചു. വൈകിട്ട് 7 ന് സ്നേഹവിരുന്നോടെ ഒത്തുചേരൽ അവസാനിച്ചു.

3. 19-1-2020 കുടുംബകൂട്ടായ്മ ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കലച്ചൻ മുട്ടുചിറ ഫൊറോനാപള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും എല്ലാ കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

4. 19-1-2020 വൈകുന്നേരം 4.30 മുതൽ 6 വരെ മുട്ടുചിറ ഇടവകയിലെ 22 കുടുംബകൂട്ടായ്മകളിൽ രൂപതാ റിസോഴ്സ് ടീം കുടുംബകൂട്ടായ്മയെക്കുറിച്ച് ക്ലാസ്സെടുത്തു.

5. 26-1-2020 ഞായറാഴ്ച വൈകുന്നേരം 4.30 മുതൽ 6 വരെ മുട്ടുചിറ ഇടവകയിലെ 21 കുടുംബകൂട്ടായ്മകളിൽ രൂപതാ റിസോഴ്സ് ടീം കുടുംബകൂട്ടായ്മയെക്കുറിച്ച് ക്ലാസ്സെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

**1. ഫെബ്രുവരി മാസം കോഴ്സ് തീയതികൾ**

**ഫെബ്രുവരി** മാസം **ഡിപ്ലോമ കോഴ്സ് 8,9** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 14, 28** തീയതികളിലും നടത്തപ്പെടുന്നതാണ്.

**B. വിവാഹ ഒരുക്ക കോഴ്സ്**

**1. സർട്ടിഫിക്കറ്റ്**

**ജനുവരി 6–8, 20–22** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 284 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**2020 ഫെബ്രുവരി 3–5** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **മാർച്ച് 16–18, 30–ഏപ്രിൽ 1** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ജനുവരി മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, ക്ലാസ്സെടുത്തു. 203 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**C. പിതൃവേദി**

**1. യൂണിറ്റുസന്ദർശനം – വെള്ളിയാമറ്റം**

രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ വെള്ളിയാമറ്റം പിതൃവേദിയുടെ യൂണിറ്റ് സന്ദർശനം നടത്തുകയും ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

**2. വാർഷികം– ഉള്ളനാട്**

ഉള്ളനാട് ഇടവകയിൽ പിതൃവേദിയുടെ വാർഷികാഘോഷം നടത്തപ്പെട്ടു.

**D. മാതൃവേദി**

**1. പ്രവർത്തനോദ്ഘാടനങ്ങൾ**

മാതൃവേദിയുടെ യൂണിറ്റുതലത്തിലുള്ള പ്രവർത്തനോദ്ഘാടനങ്ങൾ ജനുവരി മാസത്തിലും മേഖലാതലത്തിൽ ഫെബ്രുവരിയിലും രൂപതാതലത്തിൽ മാർച്ചിലും നടത്തപ്പെടുന്നതാണ്.

**2. പുതിയ ഭാരവാഹികൾ – പാലാ**

മാതൃവേദിയുടെ 2020 – 21 വർഷത്തേക്കുള്ള ഭാരവാഹികൾ ചുമതലയേറ്റു.

**3. സുവനീർ – മാതൃമൊഴി**

മാതൃവേദിയുടെ രജതജൂബിലിയോടനുബന്ധിച്ച് 25 വർഷത്തെ പരിപാടികൾ ഉൾപ്പെടുത്തി 'മാതൃമൊഴി' എന്ന സുവനീർ പുറത്തിറക്കി.

**4. രജതജൂബിലി ആഘോഷം – രാമപുരം**

രാമപുരം മേഖലയിൽ മാതൃവേദിയുടെ രജതജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു. 25 വർഷമായി മാതൃവേദിയിൽ സജീവമായി പങ്കെടുക്കുന്ന 3 മാതൃവേദി അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു.

**5. സംഭാവന**

മാതൃവേദിയുടെ രാമപുരം യൂണിറ്റിൽ നിന്നും ഉഴവൂരിലുള്ള അനാഥാലയത്തിലേക്ക് ഭക്ഷണത്തിനായി 10,000 രൂപ സംഭാവന നൽകി.

**6. അന്തർദേശീയ ജനറൽ ബോഡിയോഗവും തെരഞ്ഞെടുപ്പും**

മാതൃവദിയുടെ അന്തർദേശീയ ജനറൽ ബോഡിയോഗവും 2020-21 വർഷത്തേയ്ക്കുള്ള അന്തർദേശീയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ജനുവരി 23,23 തീയതികളിൽ അരുണാപുരത്ത് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടു. 18 രൂപതയിൽ നിന്നുമുള്ള രൂപത ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു.

**E. പ്രോലൈഫ്**

**1. കർമ്മരേഖ**

പ്രോലൈഫ് സമിതിയുടെ കർമ്മരേഖ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഫെബ്രുവരി മാസത്തെ മാഗസിനുള്ള വർക്കുകൾ ചെയ്തുവരുന്നു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്** കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. 2020 ജനുവരി 9-ാം തീയതി പുതിയ ബാച്ച് ആരംഭിച്ചു. കോഴ്സിനെക്കുറിച്ച് വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— **9496571321**

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **കടപ്ലാമറ്റം, പെരിയപ്പുറം, മാൻവെട്ടം, മല്ലികശ്ശേരി, മൂലമറ്റം, കൊണ്ടാട്, ളാലം പഴയപള്ളി, നെല്ലിയാനി, മഞ്ഞാമറ്റം, അമ്പാറനിരപ്പേൽ, തോടനാൽ** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **65,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പേപ്പർ ക്യാരിബാഗ് നിർമ്മാണ പരിശീലനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വനിതകൾക്കായ് ഏകദിന പേപ്പർ ബാഗ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ പരിപാടി ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് സെക്രട്ടറി ജോയി മടിക്കാങ്കൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. റോഡൽ ഡാക്ക് ജോസഫ് ചങ്ങനാശ്ശേരി പരിശീലനത്തിന് നേതൃത്വം നൽകി. പി.വി. ജോർജ്, മെർലിൻ ജോസ്, ആൽബിൻ ജോസഫ് തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി. 50 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തു.

**സ്ഫൂർട്ടി പ്രോജക്ട് ബോധവത്കരണ പരിപാടി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സർക്കാർ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദ്യേശിക്കുന്ന സ്ഫൂർട്ടി പ്രോജക്ടിന്റെ ഭാഗമായുള്ള ബോധവത്കരണ സെമിനാർ അരുവിത്തുറ, പാലാ, മുട്ടുചിറ, തുടങ്ങനാട് റീജിയണുകളിലായി നടത്തി. 600 അംഗങ്ങൾ പങ്കെടുത്ത പരിപാടിക്ക് പ്രോജക്ട് ഓഫീസർ മെർലിൻ ജോസ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

**എസ്.എൽ.എഫ്. പദ്ധതി**

ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതിയിലേക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നു. മാതാപിതാക്കൾ എസ്.എച്ച്.ജി. അംഗങ്ങളായ 25 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് അപേക്ഷിക്കാം. വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കാണ് ധനസഹായം നൽകുക.

**SLF ഫണ്ട് വിതരണം**

2019 ഡിസംബർ മാസം എസ്.എൽ.എഫ്. പദ്ധതിപ്രകാരം 2,97,742 രൂപാ 38 കുട്ടികൾക്കായി വിതരണം ചെയ്തു.

**ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാം**

ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാമിലേക്ക് 2020 വർഷത്തെ തെരഞ്ഞെടുപ്പിനായി പുതിയ അപേക്ഷകൾ ക്ഷണിക്കുന്നു. സ്വയം തൊഴിൽ ചെയ്ത് വരുമാന വർദ്ധനവിലൂടെ കുടുംബത്തെ സ്വയം പര്യാപ്തതയിലെത്തിക്കുന്ന പദ്ധതികൾക്കാണ് ഈ പ്രോഗ്രാം വഴിയായി ധനസഹായം നൽകുക.

**കാർഷികമേള വോളന്റിയേഴ്സ് മീറ്റ് നടത്തി.**

കാർഷികമേളയുടെ അവലോകനയോഗവും വോളന്റിയേഴ്സ് മീറ്റും പാലാ ഷാലോം പാസ്റ്ററൽ സെൻട്രലിൽ വച്ച് നടത്തി. പി.എസ്.ഡബ്ല്യു.എ

സ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം പാലാ രൂപതാവികാരി ജനറാൾ വെരി. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു.

**ഹൈടെക് കോഴിക്കൂടുകൾ**

കോഴിയെ കൂട്ടിലിട്ട് വളർത്താവുന്ന ഹൈടെക് കോഴിക്കൂടുകൾ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് വിതരണം ചെയ്തുവരുന്നു.

**ഫാർമേഴ്സ് ക്ലബ് അവലോകനയോഗം നടത്തി.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ നബാർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന 18 ഫാർമേഴ്സ് ക്ലബുകളുടേയും ഭാരവാഹികളുടെ സംഗമം പാലാ ഷാലോം പാസ്റ്ററൽ സെൻട്രലിൽ വച്ച് നടത്തി.

**സോൺ വാർഷികവും വനിതാദിനാഘോഷവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വിവിധ സോണുകളുടെ വാർഷികവും വനിതാദിനാഘോഷവും മാർച്ച് 1 മുതൽ 25 വരെയുള്ള തീയതികളിലായി നടക്കും.

**സ്വാശ്രയസംഘം വാർഷികങ്ങൾ**

കൂടല്ലൂർ, വിളക്കുമാടം, കുറവിലങ്ങാട്, മണ്ണയ്ക്കനാട്, അറക്കുളം എന്നീ യൂണിറ്റുകളുടെ വാർഷികങ്ങൾ നടത്തി.

**സൺഡേ മാർക്കറ്റ്**

കാക്കൂർ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ കർഷകമിത്ര എന്നപേരിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു.

**വാട്ടർ ടാങ്ക് വിതരണം**

വേനൽക്കാല ജലസംഭരണ പദ്ധതിയുടെ ഭാഗമായി മേൽത്തരം വാട്ടർ ടാങ്കുകൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നു.

**പഠനയാത്ര**

തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലേക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പഠനയാത്ര സംഘടിപ്പിക്കുന്നു. താല്പര്യമുള്ള ഫാർമേഴ്സ് ക്ലബ് അംഗങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാം.

**അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പാലായിൽ പ്രവർത്തിച്ചുവരുന്ന അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് വഴി നാടൻ പച്ചക്കറികൾ വിതരണം ചെയ്യുന്നു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**രൂപതാ കമ്മറ്റി**

2020 ജനുവരി മാസം 5 -ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപത കമ്മറ്റി നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ട് വായിച്ചു.രൂപത ഖജാൻജി റ്റി.ഡി കുര്യാക്കോസ് കണക്ക് അവതരിപ്പിച്ചു. രൂപത ഡയറ്കടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. തുടർന്ന് അടുത്ത 6 മാസത്തേക്ക് ഉള്ള കർമ്മ പദ്ധതി അവതരിപ്പിച്ചു. അതിനുശേഷം പുതുവത്സരാശംസകൾ നേർന്ന് കേക്ക് മുറിക്കുകയും ചെയ്തു.

**യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

ജനുവരി മാസത്തെ യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ് 2020 ജനുവരി 10,11,12 തീയതികളിൽ മുണ്ടുപാലം ബ്ലസ്സഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. ജോൺ മാത്യു കട്ടൂപ്പറമ്പിൽ, ശ്രീ. സദീപ് കെ.പി, ശ്രീ. റോഷൻ മാത്യു, ഫാ. സിറിൽ തയ്യിൽ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുകയും പരിശീനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഡി.സി.എം.എസ് പാലാ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ. സദീപ് കെ.പി, ശ്രീ. സിബി ചാക്കോ, ശ്രീ. മെൽബിൻ, ശ്രീ. ദീപു കുമാരി. മീനു തോമസ്, കുമാരി. അഞ്ജലി ബേബി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**പുതുവത്സര ആഘോഷം നടത്തി**

ജനുവരി മാസത്തിലെ റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പിൽ വെച്ച് പാലാ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും, എസ്.എം.വൈ.എം ഡയറക്ടർ ഫാ. സിറിൽ തയ്യിലും ചേർന്ന് കേക്ക് മുറിച്ച് പുതുവത്സര ആശംസകൾ നേർന്നു.

**കുടുംബ സർവ്വേ**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ കുടുംബങ്ങളുടെ സർവ്വേ നടത്തുവാനുള്ള ഫോം യൂണിറ്റുകളിൽ എത്തിച്ചു കൊടുത്തിരുന്നു. ഇതുവരെ യൂണിറ്റുകൾ സർവ്വേ പൂർത്തിയാക്കാത്ത യൂണിറ്റുകൾ സർവ്വേ നടത്തി 2020 മാർച്ച് 31 -നകം രൂപത ഓഫീസിൽ റിപ്പോർട്ട് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഷിക റിപ്പോർട്ടും കണക്കും സമർപ്പിക്കുക**

യൂണിറ്റ്, മേഖല തലത്തിൽ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള കണക്കും റിപ്പോർട്ടും നൽകിയിട്ടില്ലാത്തവർ മാർച്ച് 1 നകം യൂണിറ്റ് പ്രസിഡന്റിന്റെയും ഡയറക്ടറുടെയും സാക്ഷിപ്പോടുകൂടി ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

**പഠനയാത്ര നടത്തി**

പാലാ രൂപത ഡി.സി.എം.എസ് സംഘടനയുടെ നേതൃത്വത്തിൽ നടത്തി വന്ന റിസോഴ്സ് ട്രെയിനിംങിന്റെ പരിശീലനം പൂർത്തിയാക്കിയ 16 - മത്

പഠനയാത്ര 2020 ജനുവരി 12-ാം തീയതി ഞായറാഴ്ച രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

12-ാം തീയതി രാവിലെ വി. കുർബാനയ്ക്ക് ശേഷം പഠനയാത്ര ആരംഭിച്ചു. റിസോഴ്സ് ടീം കുട്ടികളും രൂപതാ വൈ. പ്രസിഡന്റ് ശ്രീമതി. സെലിൻ ജോസഫ്, രൂപത ജോ. സെക്രട്ടറി ശ്രീമതി. ബിജി സാലസ്, ശ്രീ. സദീപ് കെ.പി, ശ്രീ. സിബി ചാക്കോ, ആൽവിൻ, കുമാരി. നീതു ജേക്കബ്, എന്നീ റിസോഴ്സ് ക്യാമ്പ് വോളന്റീയർമാരും ഓഫീസ് സ്റ്റാഫ് അഞ്ജലി ബേബി, മീനു തോമസ്, സേവ്യർ കെ.പി, സാലി ചാക്കോ എന്നിവരും സന്നിഹിതരായിരുന്നു.

പുല്ലുവഴിയിലുള്ള സി. റാണി മരിയയുടെ കബറിടം, ഏവുപ്രാസ്യാമ്മയുടെ കബറിടം, തൃശ്ശൂർ ബസിലിക്കാ പള്ളി, ബൈബിൾ ടവർ ആതിരപ്പള്ളി, വാഴച്ചാൽ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സന്ദർശനം നടത്തുകയും ചെയ്തു. വൈകുന്നേരം തിരികെ വന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

### 1. കെയർഹോംസ് പൊതുയോഗം

കെയർഹോംസ് അധികാരികളുടെ ഒരു പൊതുയോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. വൈസ് പ്രസിഡന്റ് സിബി ചെരുവിൽ പുരയിടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെയർ ഹോംസ് കലോത്സവം, വാർഷികം, അവാർഡ് വിതരണം എന്നിവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. ഫാ. സ്കറിയ വേകത്താനം പരിപാടികൾക്ക് നേതൃത്വം നൽകി.

### 2. മേവിട ഇമ്മാനുവേൽ ഹോമിന്റെ 7-ാമത് വാർഷികം

മേവിട ഇമ്മാനുവേൽ ഹോമിന്റെ 7-ാമത് വാർഷിക സമ്മേളനം മേവടയിലെ ഇമ്മാനുവേൽ ഹോം ഓഡിറ്റോറിയത്തിൽവെച്ച് നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. കർമ്മലത എസ്.ഡി. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. മേവിട പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ട് വാർഷികസമ്മേളനം ഉദ്ഘാടനംചെയ്തു. സി. റോസ്മിൻ എസ്.ഡി. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തോമസ് ജോർജ് (കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), ബെറ്റി റോയി (ജില്ലാ പഞ്ചായത്ത് മെമ്പർ), എസ്. സുരേഷ് കുമാർ (ഡി.വൈ.എസ്.പി. ചങ്ങനാശ്ശേരി), ഡോ. അഭിലാഷ് കോട്ടയിൽ തുടങ്ങിയവർ പ്രസംഗിച്ചു. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

### 3. അഭിനന്ദിച്ചു.

വെച്ചൂർ മഹാത്മ റെസിഡന്റ് അസ്സോസിയേഷന്റെ 2019-ലെ മികച്ച ജീവകാരുണ്യപ്രവർത്തനത്തിനുള്ള അവാർഡ് ആനിക്കാട് സെന്റ് മേരീസ് അഗതിമന്ദിരം ഡയറക്ടർ സിബി ചെരുവിൽ പുരയിടം അർഹനായി. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. അവാർഡ് ലഭിച്ച സിബിയെ പാലാ രൂപത കെയർ ഹോംസ് അഭിനന്ദിച്ചു.

**4. നമ്പ്യാകുളം സ്നേഹാലയം സന്ദർശിച്ചു.**

നമ്പ്യാകുളം സ്നേഹാലയം വൃദ്ധസദനം സന്ദർശിച്ചു. തദവസരത്തിൽ പുതുവത്സരാഘോഷവും കെയർഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനത്തിന്റെ പൗരോഹിത്യവാർഷികവും സമുചിതമായി ആചരിച്ചു.

**5. ഏഴുമാന്തുരുത്ത് സെന്റ് റാഫേൽ ഓൾഡ് ഏജ് ഹോം**

എഴുമാന്തുരത്തിലെ സെന്റ് റാഫേൽ ഓൾഡ് ഏജ് ഹോം കെയർ ഹോംസ് ഡയറക്ടർ സന്ദർശിച്ചു. സ്ഥലം മാറിപോകുന്ന അസി. വികാരികൾക്ക് പ്രത്യേകാശംസകൾ നേർന്നു.

**6. മാൻവെട്ടം സെന്റ് ജോർജ് ഓൾഡ് ഏജ് ഹോം**

മാൻവെട്ടം സെന്റ് ജോർജ് ഓൾഡ് ഏജ് ഹോം സന്ദർശിച്ചു.

**7. നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു.**

പാലാ രൂപത ബൈബിൾ കൺവെൻഷനിൽ ജീവകാരുണ്യസ്ഥാപനങ്ങൾക്കുവേണ്ടി നിരവധി നിത്യേപയാഗസാധനങ്ങൾ സമാഹരിച്ചു. ഇവ പാലായ്ക്കടുത്തുള്ള കാരുണ്യസ്ഥാപനങ്ങളിൽ വിതരണം ചെയ്തു.

**8. ളാലം ബ്ലോക്ക് സർഗ്ഗോത്സവം നടത്തി**

ളാലം ബ്ലോക്ക് പഞ്ചായത്ത് 2019-20 പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുന്ന സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സർഗ്ഗോത്സവം അന്തീനാട് സ്പെഷ്യൽ സ്കൂളിൽ ചരച്ചിത്രതാരം മിയ ജോർജ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോസ് പ്ലാക്കൂട്ടം അധ്യക്ഷത വഹിച്ചു. വിവിധ സ്പെഷ്യൽ സ്കൂളുകളിൽ നിന്നായി ഇരുനൂറോളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാനദാനം അഡ്വ. ജോസ് പ്ലാക്കൂട്ടം നിർവ്വഹിച്ചു.

**9. സ്പെഷ്യൽ സ്കൂൾ കലോത്സവം - ദ്യുതി 2020**

പാലാ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ അൽഫോൻസാ കോളേജിൽ വച്ച് സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ദ്യുതി 2020 കലോത്സവം നടത്തി. 33 സ്ഥാപനങ്ങൾ പങ്കെടുത്ത മത്സരത്തിൽ 69 പോയിന്റുകളോടെ അന്തീനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂൾ ഒന്നാംസ്ഥാനം കരസ്ഥമാക്കി.

**10. നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തു.**

ജീവകാരുണ്യ സ്ഥാപനങ്ങൾക്കുവേണ്ടി സ്കൂൾ മുഖേന ശേഖരിച്ച നിത്യോപയോഗസാധനങ്ങൾ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വിതരണം ചെയ്തു.

**11. കാരുണ്യ സ്പർശം സ്കൂളിൽ**

1. ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ

ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ വിദ്യാർത്ഥികൾ പ്രഥമധ്യാപകൻ വിത്സൻ ജോസിന്റെ നേതൃത്വത്തിൽ നിത്യോപയോഗസാധനങ്ങൾ ശേഖരിച്ച് കെയർഹോംസിനെ ഏല്പിച്ചു.

2. ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ

ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ നിരവധി നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. സ്കൂൾ പ്രിൻസിപ്പൽ ബെന്നി ജോർജ് പരിപാടികൾക്ക് നേതൃത്വം നൽകി.

3. ചെമ്മലമറ്റം ഹൈസ്കൂൾ

ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ജീവകാരുണ്യസ്ഥാപനങ്ങൾക്കുവേണ്ടി നിരവധി നിത്യോപയോഗ സാധനങ്ങൾ സമാഹരിച്ചു. ഹെഡ്മാസ്റ്റർ പോൾ തോമസ് കരോട്ടെമ്പ്രയിൽ, അധ്യാപകർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

4. പിഴക് നിർമ്മല പബ്ലിക് സ്കൂൾ

പിഴക് നിർമ്മല പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ച് കെയർ ഹോംസിന് ഏല്പിച്ചു.

5. പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്കൂൾ

പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സെലീന തോമസിന്റെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ തുടങ്ങിയവ സമാഹരിച്ചു.

6. പ്ലാശനാൽ സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂൾ

സ്കൂൾ പ്രിൻസിപ്പൽ ഷിബി ജോസഫിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ നിത്യോപയോഗവസ്തുക്കൾ ശേഖരിച്ചു.

7. വാകക്കാട് അൽഫോൻസാ ഗേൾസ് ഹൈസ്കൂൾ

സ്കൂളിലെ ഹെഡ്മിസ്ട്രസ് സി. ത്രേസ്യാമ്മ ജോർജിന്റെയും അധ്യാപകരുടെയും പ്രോത്സാഹനത്തോടെ വിദ്യാർത്ഥികൾ നിത്യോപയോഗസാധനങ്ങൾ ശേഖരിച്ചു.

8. അമനകര ചാവറ ഇന്റർനാഷണൽ സ്കൂൾ

അമനകര ചാവറ ഇന്റർനാഷണൽ സ്കൂൾ വിദ്യാർത്ഥികൾ പ്രിൻസിപ്പൽ ഫാ. മനോജ് പുത്തൻപുരയ്ക്കൽ, അധ്യാപകർ എന്നിവരുടെ പങ്കളാത്തത്തോടെ നിരവധി സാധനങ്ങൾ ശേഖരിച്ചു.

9. മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂൾ

മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. ഹെഡ്മാസ്റ്റർ ജോയിസൺ ജോസ്, അധ്യാപകർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

10. കുറുമണ്ണ് സെന്റ് ജോൺസ് ഹൈസ്കൂൾ

സ്കൂളിലെ വിദ്യാർത്ഥികൾ കാരുണ്യസ്ഥാപനങ്ങൾക്കുവേണ്ടി സാധനങ്ങൾ സമാഹരിച്ചു. ഹെഡ്മാസ്റ്റർ ബിജോയി ജോസഫ് പരിപാടികൾക്ക് നേതൃത്വം നൽകി.

11. മാനത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂൾ

സ്കൂൾ വിദ്യാർത്ഥികൾ സാധനങ്ങൾ സമാഹരിച്ചു. ഹെഡ്മിസ്ട്രസ് സി. ഗ്രേയ്സിക്കുട്ടി മാത്യു പരിപാടികൾക്ക് നേതൃത്വം നല്കി.

12. കടപ്ലാമറ്റം മേരിമാതാ പബ്ലിക് സ്കൂൾ

സ്കൂളിലെ വിദ്യാർത്ഥികൾ പ്രിൻസിപ്പൽ ഡോ. അഗസ്റ്റിൻ ജോസഫ് തോണിക്കുഴിയുടെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കൾ, പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ എന്നിവ സമാഹരിച്ചു. മികച്ച കളക്ഷൻ നടത്തിയ ക്രിസ്റ്റീന അന്ന ജോസിന് പ്രത്യേക സമ്മാനം നൽകി.

**കെയർഹോംസിന്റെ അടുത്ത പരിപാടികൾ**

1. ഡയറക്ടറി കാരുണ്യസ്പന്ദനം

കെയർ ഹോംസ് സ്ഥാപനങ്ങളുടെ ചരിത്രവിവരണങ്ങൾ ഉൾപ്പെടുത്തി പാലാ രൂപതയിലെ കെയർഹോംസിന്റെ പ്രഥമ ഡയറക്ടറി ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

2. സമ്മാനകൂപ്പൺ

കെയർഹോംസിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി തയ്യാറാക്കിയ സമ്മാനകൂപ്പൺ ഫെബ്രുവരി 6 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നറുക്കെടുപ്പ് നടത്തുന്നതാണ്. ഫെബ്രുവരി 8 ശനിയാഴ്ച വാർഷികത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

3. കെയർ ഹോംസ് കലോത്സവം - സ്നേഹോത്സവം

കെയർഹോംസിന്റെ കലോത്സവം -സ്നേഹോത്സവം 2020, ഫെബ്രുവരി 1 ശനിയാഴ്ച രാവിലെ 9 മണിക്ക് പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തുന്നതാണ്. ബാലഭവൻ, സ്പെഷ്യൽ സ്കൂൾ, വൃദ്ധസദനങ്ങൾ, മാനസിക സരോഗീപരിചരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി 800 ഓളം പേർ മത്സരത്തിൽ പങ്കെടുക്കും.

4. കെയർഹോംസ് പാലാ രൂപതാവാർഷികം

കെയർഹോംസ് പാലാ രൂപത വാർഷികം ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ പാലാ അൽഫോൻസാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. തദവസരത്തിൽ വിവിധ അവാർഡുകൾ സമ്മാനിക്കുന്നതാണ്. കൂടാതെ വിവിധ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ കലാപരിപാടികളും മെഗാഷോയും ഉണ്ടായിരിക്കുന്നതാണ്.

**ഇടവകയിലേയ്ക്ക് അറിയിക്കേണ്ടത്.**

**1. ഭിന്നശേഷിക്കാർക്ക് സൗജന്യപരിശീലനം**

ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സേഞ്ച് കോട്ടയത്തിന്റെയും പാലാ ടൗൺ എംപ്ലോയ്മെന്റ് എക്സേഞ്ചിന്റെയും ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കായി എൽ.ഇ.ഡി. ബൾബ്, പേപ്പർ ബാഗ് നിർമ്മാണത്തിൽ സൗജന്യ പരിശീലനം നൽകുന്നു. താല്പര്യമുള്ള ഭിന്നശേഷിവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സേഞ്ചുമായി ബന്ധപ്പെടുക. ഫോൺ: 04822-200138.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. ഇടവകയിൽ അറിയിക്കേണ്ടവ**

**1. വിദേശ നേഴ്സിംഗ് തൊഴിൽ ലൈസൻസിംഗ് പരിശീലനം**

വിദേശത്തു തൊഴിൽ തേടുന്നവർക്ക് നൈപുണ്യം മെച്ചപ്പെടുത്താൻ നൈപുണ്യവികസനത്തിന്റെ രണ്ടാംഘട്ട പരിശീലനം നോർക്കറൂട്ട് സംഘടിപ്പിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ നേഴ്സിംഗ് മേഖലയിൽ തൊഴിൽ നേടാൻ അതാതു രാജ്യങ്ങളിലെ സർക്കാർ ലൈസൻസിംഗ് പരീക്ഷ ജയിക്കണം.

HA AD / Prometric / MOH / DOH തുടങ്ങിയ പരീക്ഷകൾ ജയിക്കാൻ കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽഡ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നേഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസിന്റെ (NICE) മുഖേനയാണ് പരിശീലനം നൽകുന്നത്.

ജി.എൻ.എം./ ബി.എസ്.സി./ എം.എസ്.സി.യും കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. യോഗ്യതാ പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർക്കു പ്രവേശനം നൽകും. കോഴ്സ് തുകയും 75% നോർക്ക വഹിക്കും.

താല്പര്യമുള്ളവർ നോർക്ക റൂട്സ് വെബ്സൈറ്റിൽ പേര് വിവരം രജിസ്റ്റർ ചെയ്യണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.norkaroots.org യിലും ടോൾ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയിൽനിന്നും) 9497319640, 9895762632, 9895364254 നമ്പരുകളിലും ലഭിക്കും.

**2. ഡോക്ടർമാർക്കും നേഴ്സുമാർക്കും ഒമാനിൽ അവസരം**

ഒമാനിലെ സലാലയിലെ ലൈഫ്ലൈൻ ഹോസ്പിറ്റലിലേയ്ക്ക് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിവുകളിലേയ്ക്ക് നോർക്ക റൂട്ട്സ് വഴി നിയമം ലഭിക്കുന്നതിന് അവസരം ബി.എസ്.സി. നേഴ്സിംഗും കുറഞ്ഞത് നാലുവർഷം പ്രവൃത്തിപരിചയമുള്ള നേഴ്സുമാർക്കും എം.ബി.ബി.എസും, എം.ഡിയും, നിശ്ചിത പ്രവൃത്തിപരിചയവുമുള്ള ഡോക്ടർമാർക്കുമാണ് നിലവിൽ അവസരമുള്ളത്. രണ്ടു വർഷമാണ് കരാർ കാലയളവ്. അപേക്ഷ സമർപ്പിക്കാനും വിശദവിവരങ്ങൾക്കും www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കും. 18004253939 (ഇന്ത്യയിൽനിന്നും) 00918802012345 (വിദേശത്തുനിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും.

**3. യു.എ.ഇയിൽ നേഴ്സുമാർക്ക് അവസരം**

കേരള സർക്കാർ സ്ഥാപനമായ ഒഡെപെക്ക് മുഖേന യു.എ.ഇയിലെ പ്രമുഖ ഇൻഡസ്ട്രിയൽ ക്ലിനിക്കിലേക്ക് ബി.എസ്.സി. നേഴ്സിനെ (പുരുഷൻ) നിയമിക്കുന്നു. ഒഴിവിലേയ്ക്ക് മൂന്നുവർഷം പ്രവൃത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്നവർ ഹാഡ്/ ഡി.ഒ.എച്ച്. പരീക്ഷ പാസാക്ക

ണം. ഹാഡ്/ ഡി.ഒ.എച്ച് പരിശീലനം ഒജെപെക്ക് നൽകും. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in ൽ അപേക്ഷിക്കുക. ഫോൺ. 0471 2329440/41/42/43 ഇമെയിൽ geo@odepc.in.

**4. സ്വയംതൊഴിൽ പദ്ധതികൾ അപേക്ഷ ക്ഷണിച്ചു.**

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതികളായ കെസ്മ, മൾട്ടി പർപ്പസ് ജോബ് ക്ലബ് എന്നീ സ്കീമുകളിലേയ്ക്ക് പാലാ എംപ്ലോയ്മെന്റ് എക്സേഞ്ചിൽ അപേക്ഷ ക്ഷണിച്ചു. എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്കും സ്വയംതൊഴിൽ ചെയ്യുന്നതിനു ബാങ്കുമായി ബന്ധപ്പെട്ടു നടപ്പിലാക്കുന്ന പദ്ധതികളാണിവ. അപേക്ഷകർ പാലാ എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരാകണം.

1. കെസ്റ്റ പദ്ധതി പ്രകാരം വായ്പത്തുക പരമാവധി ഒരു ലക്ഷം രൂപയായിരിക്കും. പ്രായപരിധി 21-50. കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. വായ്പത്തുകയുടെ 20% സബ്സിഡി ലഭിക്കും. തിരിച്ചടവും പലിശയും ധനകാര്യസ്ഥാപനങ്ങളും നിയമങ്ങൾക്കും വിധേയമായിരിക്കും.

2. മൾട്ടിപർപ്പസ് ജോബ് ക്ലബ് പദ്ധതിയിലേക്ക് അപേക്ഷിക്കുന്നവരുടെ പ്രായപരിധി 21-45 ആണ്. ഓരോ ജോബ് ക്ലബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് രണ്ടു പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഓരോരുത്തരുടെയും കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു ജോബ് ക്ലബിന് പരമാവധി പത്തുലക്ഷം രൂപ വരെ വായ്പ അനുവദിക്കും. പദ്ധതി ചെലവിന്റെ 25% (പരമാവധി രണ്ടുലക്ഷം രൂപ വരെ) സബ്സിഡിയായി അനുവദിക്കും. ലോൺ തുകയുടെ 10% ഓരോ ജോബ് ക്ലബിലേയും അംഗങ്ങൾ തങ്ങളുടെ വിഹിതമായി ലോൺ അക്കൗണ്ടിൽതന്നെ നിക്ഷേപിക്കേണ്ടതാണ്. ധനകാര്യസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന ജാമ്യം നല്കാൻ അംഗങ്ങൾ ബാദ്ധ്യസ്ഥരാണ്. ജോബ് ക്ലബ് ഗുണഭോക്താക്കൾക്ക് സംരംഭകത്വ വികസനപരിശീലനം നൽകും.

പദ്ധതികളിൽ അപേക്ഷിക്കാൻ താല്പര്യമുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്കു നേരിട്ടു ഹാജരായാൽ പാലാ എംപ്ലോയ്മെന്റ് എക്സേഞ്ചിൽനിന്ന് അപേക്ഷാഫോറം സൗജന്യമായി ലഭിക്കും.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവൽക്കരണ ക്ലാസുകൾ**

ആർ.ആർ.ടി.എസ്. സൗത്ത് -2 ചങ്ങനാശ്ശേരി (ജനു. 2,13), കുന്നന്താനം ചങ്ങനാശ്ശേരി (ഡിസ.31, ജനു. 24)

**2. മോൺ. തോമസ് തൈത്തോട്ടത്തിന് സ്വീകരണം**

കേരളത്തിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് അരനനൂറ്റാണ്ടുകാലം

ശക്തമായ നേതൃത്വം വഹിച്ച മോൺ. തോമസ് തൈത്തോട്ടത്തിലച്ചന് അഡാർട്ടിൽ ജനുവരി 9-ാം തീയതി സ്വീകരണം നൽകി. ഡയറക്ടർ ഫാ. പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. മോൺസിഞ്ഞോർ പദവി ലഭിച്ച അച്ചന് എൻ. എം. സെബാസ്റ്റ്യൻ ആശംസകൾ നേർന്നു. ഡിജോദാസ്, ഷാജി കച്ചിറമറ്റം, പ്രൊഫ. ഗ്രേസി ജോയി എന്നിവർ പ്രസംഗിച്ചു. ഫാ. മാത്യു ജോയി എന്നിവർ പ്രസംഗിച്ചു. ഫാ. മാത്യു പുതിയിടത്ത് പൊന്നാടയണിയിച്ച് ആദരിച്ചു.

**3. നവവൈദികരുടെ സംഗമം**

പാലാ രൂപതയിലെ നവവൈദികരുടെ സംഗമം ജനുവരി 15-ാം തീയതി അഡാർട്ടിൽ നടത്തി. ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് സ്വാഗതം ആശംസിച്ചു. എൻ.എം. സെബാസ്റ്റ്യൻ അഡാർട്ടിന്റെ പ്രവർത്തനങ്ങളും ചികിത്സാരീതികളും വിശദീകരിച്ച് നവവൈദികർ അഡാർട്ടിൽ ചികിത്സയിൽ കഴിയുന്നവരുമായി മുഖാമുഖം പരിപാടിയിലും പങ്കെടുത്തു.

**4. ബ്രദേഴ്സിന്റെ പഠനസന്ദർശനം**

പാലാ രൂപതയുടെ മാർ അപ്രേം മേജർ സെമിനാരിയിലെ മൂന്നാം വർഷം ഡിഗ്രിക്കു പഠിക്കുന്ന ബ്രദേഴ്സ് റെക്ടർ ഫാ. സൈറസ് വേലംപറമ്പിലിന്റെ നേതൃത്വത്തിൽ പഠനസന്ദർശനം നടത്തി. ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ അഡാർട്ട് സ്റ്റാഫ് അംഗങ്ങൾ ബ്രദേഴ്സിനെ സ്വീകരിച്ചു. ഫാ. മാത്യു പുതിയിടത്ത് ആശംസകൾ നേരുകയും അഡാർട്ടിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ലഹരിക്ക് അടിമകളായവർക്കുവേണ്ടി നടത്തുന്ന ചികിത്സ പുനരധിവാസ പ്രവർത്തനങ്ങൾ എൻ.എം. സെബാസ്റ്റ്യൻ വിശദീകരിച്ചു. ചികിത്സയിൽ കഴിയുന്ന വരുമായ ബ്രദേഴ്സ് വ്യക്തിപരമായ ആശയവിനിമയവും നടത്തി.

**5. ജീസസ് യൂത്ത് - ഭൂട്ടാൻ, ഒറീസ അംഗങ്ങളുടെ സന്ദർശനം**

ജീസസ് യൂത്ത് - ഭൂട്ടാൻ, ഒറീസ എന്നിവിടങ്ങളിലെ 20 അംഗങ്ങൾ ഡിസംബർ 27-ാം തീയതി അഡാർട്ടിൽ പഠനസന്ദർശനം നടത്തി. ഫാ. മാത്യു പുതിയിടത്ത് എൻ.എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. അംഗങ്ങൾ സ്വയം പരിചയപ്പെടുത്തുകയും അഡാർട്ടിൽ ചികിത്സയിൽ കഴിയുന്നവരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

**6. സംസ്ഥാന ഗവൺമെന്റ് വർക്ക്ഷോപ്പ്**

ജനുവരി 17-ാം തീയതി തിരുവനന്തപുരത്ത് സംസ്ഥാന ഗവൺമെന്റ് വിളിച്ചുചേർത്ത വർക്ക്ഷോപ്പിൽ അഡാർട്ട് പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ പങ്കെടുത്തു. അടുത്ത അഞ്ചു വർഷത്തേക്കുള്ള ദേശീയ നയത്തെപ്പറ്റിയും ദേശീയ തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ചർച്ചവിഷ്യം ആയിരുന്നു.

**6. സെന്റ് സെബാസ്റ്റ്യന്റെ പ്രദക്ഷിണം- അഡാർട്ടിൽ**

പാലാ ളാലം പള്ളിയിൽനിന്നും മുണ്ടുപാലം പള്ളിയിലേക്ക് ജനുവരി 26-ാം തീയതി നടത്തിയ പ്രദക്ഷിണം വൈകുന്നേരം നാലു മണിക്ക് അഡാർട്ടിൽ എത്തിച്ചേർന്നു. അഡാർട്ടിൽ നടത്തിയ തിരുക്കർമ്മങ്ങളിൽ അഡാർട്ട് സ്റ്റാഫ്

അംഗങ്ങളും ചികിത്സയിൽ കഴിയുന്നവരും എ.എ. അൽ–അനോൺ, അൽ– അറ്റീൻ അംഗങ്ങളും ഇടവക സമൂഹവും പങ്കെടുത്തു.

**7. ജയിൽ മിനിസ്ട്രി**

ജനുവരി 11–ാം തീയതി പാലാ സബ് ജയിൽ ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. മാത്യു വളയംപള്ളിൽ സന്ദേശം നൽകി. മുത്തോലപുരം ഇടവകയിലെ സി.എം.എൽ. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

പാലാ സബ് ജയിൽ സൂപ്രണ്ട് സംസ്ഥാനത്തുനിന്നും കണ്ണൂർ സെൻട്രൽ ജനറൽ ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥലം മാറിപ്പോകുന്ന ശ്രീ. എസ്. ശിവാനന്ദിന് ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപതാംഗങ്ങൾ ജനുവരി 17–ാം തീയതി യാത്രമംഗളങ്ങൾ ആശംസിക്കുകയും മെമന്റോ സമർപ്പിക്കുകയും ചെയ്തു.

ജനുവരി 25–ാം തീയതി മുട്ടം ഇടുക്കി ജില്ലാ ജയിലിൽ ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാ ശുശ്രൂഷ നടത്തി. ഫാ. മാത്യു വളയംപള്ളിൽ സന്ദേശം നൽകി. മുത്തോലപുരം ഇടവകയിലെ എസ്.എം.വൈ.എം. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**8. സാരഥി**

സാരഥി പ്രവിത്താനം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ് കേക്ക് വിതരണത്തിന്റെ ഉദ്ഘാടനം ഡിസംബർ 23–ാം തീയതി ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു.

സാരഥി കാപ്പുംതല യൂണിറ്റിന്റെ 2–ാം വാർഷികവും കുടുംബസമ്മേളനവും ഡിസംബർ 26–ാം തീയതി വിളയംകോട് എൽ.പി. സ്കൂൾ ഹാളിൽ വച്ച് നടന്നു. സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോസഫ് പുതിയിടത്ത്, വാർഡ് മെമ്പർമാർ, സി.എം.സി. സിസ്റ്റേഴ്സ് തുടങ്ങിയവർ ആശംസകൾ നേർന്നു. എം.ഫിൽ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സാരഥി അംഗത്തിന്റെ മകൻ അരുൺ വി. ദ്രാവിഡിനെ ആദരിച്ചു. യൂണിറ്റ് മീറ്റിംഗുകൾ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2019 ന്റെ സമ്മാനങ്ങൾ 2020 ഫെബ്രുവരി മാസം 8–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1. 30 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. മാർക്ക് ലിസ്റ്റിൽ 'പി' എന്നു രേഖപ്പെടുത്തിയിരിക്കുന്നവരെ അന്നേദിവസം പറഞ്ഞുവിടുമല്ലോ.

ലോഗോസ് ക്വിസ് 2020 ന്റെ ഒരുക്കങ്ങൾ ഇപ്പോഴെ ആരംഭിക്കാം. പഠന സഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ വർഷം ചരിത്ര പുസ്തകങ്ങളെക്കുറിച്ചാണ് പഠിക്കുന്നത്. പുതിയ ബാച്ചിന്റെ ഉദ്ഘാടനം 2020 ഫെബ്രുവരി 8-ാം തീയതി മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കുന്നതാണ്.

ബൈബിൾ കോഴ്സിന്റെ കഴിഞ്ഞ ബാച്ചിലെ ക്ലാസ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ 2020 ഫെബ്രുവരി 8-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ചേരുന്ന സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്യുന്നതാണ്.

**കെറിയാന**

ഒരു വർഷം കൊണ്ട് ബൈബിൾ വായിച്ചുതീർക്കാൻ സഹായിക്കുന്ന കെറിയാനയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

---

# ഇവാഞ്ചലൈസേഷൻ

---

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ജനുവരി മാസം 3,10,17,24,31 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. ടോം കുളപ്പുര, ഫാ. മനോജ് വടക്കേടത്ത് സി.എം.എഫ്, ഫാ. ജിനോ മച്ചുകുഴിയിൽ സി.എം.ഐ., ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ സെബാസ്റ്റ്യൻ കുന്നത്ത് ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കുന്നതുമാണ്.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 6,13,20,27 തീയതികളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വൈകുന്നേരം 4 മണി മുതൽ 5.30 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്കിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1,2,6,7,8,9,13,14,15,16,20,21,22,23,27,28,29,30 ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 വരെ ഷാലോം പാസ്റ്ററൾ സെന്ററിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും സഭയുടെ വിവിധ

പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ കാര്യങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ആലീസ് കട്ടക്കയം, മാത്യു താന്നിക്കൽ, അഗസ്റ്റിൻ ചെരിപ്പുറം, മേരി പാറയിൽ, റോസിക്കുട്ടി മാങ്കാലായിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ഈ മാസം 15-ാം തീയതി രാവിലെ 10 മണിമുതൽ 1 വരെ ഷാലോമിൽ വച്ച് രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥ പ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഡയറക്ടർ ഫാ. വിൻസെന്റച്ചന്റെ അദ്ധ്യക്ഷതയിൽകൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ചചെയ്യുകയും അടുത്ത മാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ഓരോ മിനിസ്ട്രികളിലും പ്രവർത്തിക്കുന്നവർ പണ്ടു നമ്മുടെ കൂടെ പ്രവർത്തിച്ചവരെ സ്നേഹത്തോടെ ഒന്നിച്ചുകൂട്ടുകയും കൂടുതൽ ആളുകളെ കൂട്ടിച്ചേർക്കുവാൻ പരിശ്രമിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചു. ഈ കാലഘട്ടത്തിൽ ഈശോ നമ്മെ ഏല്പിച്ച ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിച്ചുകൊണ്ട് സ്നേഹത്തോടെ ഒന്നിച്ചു മുന്നോട്ടു പോകണമെന്നും ഓർമ്മിപ്പിച്ചു. തങ്കച്ചൻ സ്രാമ്പിക്കൽ, സോണിയ ചെറ്റ.........യ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

---

# കരിസ്മാറ്റിക് വാർത്തകൾ

---

**1. വചനദീപ്തി ധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ജനുവരി 9-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ ജനുവരി 10-ാം തീയതി വെള്ളിയാഴ്ച വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലത്തിൽ റവ.ഫാ. ജോമോൻ പനച്ചിക്കൽകരോട്ടും മീനച്ചിൽ ദൈവാലയത്തിൽ റവ.ഫാ. തോമസ് കടുത്താനം ഒ.സി.ഡി. വചനശുശ്രൂഷയും ആരാധനയും നയിച്ചു.

**2. ഇടവകതലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവക വികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ജനുവരി 10-ാം തീയതി വെള്ളിയാഴ്ച അന്ത്യാളം ഇടവകയിൽ റവ.ഫാ. ജോമോൻ പനച്ചിക്കൽകരോട്ടും 11-ാം തീയതി ശനിയാഴ്ച രാമപുരം സബ് സോണിന്റെ നേതൃത്വത്തിൽ റവ. ഫാ. സണ്ണി പുൽപ്പറമ്പിൽ സി.എം.ഐ. മുതിർന്നവർക്കും കുട്ടികൾക്ക് സി. ബ്രിജിറ്റ, മാത്യു കുര്യാക്കോസ് എന്നിവർ വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനയ്ക്കും നേതൃത്വം നൽകി.

**3. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും തുടർന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും ജനുവരി 4-ാം തീയതി ശനിയാഴ്ച 9.30 മുതൽ 2 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ രവി തോമസ് രാമപുരം വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കരിസ്മാറ്റിക് നവീകരണപ്രവർത്തനത്തിന് നേതൃത്വം നൽകി. സോണൽ സേവനസമിതിയും രാമപുരം സബ് സോൺ സേവനസമിതി അംഗങ്ങളും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**4. സേവനസമിതി സമ്മേളനം**

സോണൽ സേവന സമിതി സമ്മേളനം ജനുവരി 9-ാം തീയതി വ്യാഴാഴ്ച 2.30 മുതൽ 5.30 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**5. വരദാന മദ്ധ്യസ്ഥപ്രാർത്ഥന**

വരദാന മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ, ഇലഞ്ഞി, രാമപുരം, മുട്ടുചിറ, കടുത്തുരുത്തി, മൂലമറ്റം, തുടങ്ങനാട്, തീക്കോയി എന്നീ ഫൊറോനകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു.

**6. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം അൽഫോൻസാതീർത്ഥാട ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ജനുവരി 25-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് (26-1-2020) 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. സി. ഡോ. കാർമ്മൽ നിലംകാവിൽ, കാർമ്മൽ റൂഹാ മിനിസ്ട്രി തൃശ്ശൂർ വചനശുശ്രൂഷയും ആരാധനയും നയിച്ചു. റവ.ഫാ. ജോസ് വള്ളോംപുരയിടം, റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**7. സോണൽ സേവനസമിതി പുനഃസംഘടന**

2020-22 വർഷത്തെ കരിസ്മാറ്റിക് സോണൽ സേവനസമിതി പുനഃസംഘടന ജനുവരി 22-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 3 മണി വരെ പാലാ സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ വച്ച് കെ.സി.സി. ആർ.എസ്.റ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപതയുടെ എല്ലാ ഫൊറോന പള്ളികളുടെയും കരിസ്മാറ്റിക് നേതൃത്വനിരയിൽ പ്രവർത്തിക്കുന്ന 300 ഓളം അംഗങ്ങൾ പുനഃസംഘടന സമ്മേളനത്തിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.

**8. ജീസസ് ഏയ്ഞ്ചൽസ് ഹോളി അപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുന്നതായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിന വചനശുശ്രൂഷകൾ നടത്തിവരുന്നു. മുണ്ടാങ്കൽ, രാമപുരം,

ഇലഞ്ഞി, പൂഞ്ഞാർ, സിബിഗിരി എന്നീ പള്ളികളിൽ ജനുവരി മാസം വചനശുശ്രൂഷാപ്രാർത്ഥനയും നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ലിൻസി കുരിശുംമൂട്ടിൽ, ബജാ ജോയറ്റ്, സി. ദീപ്തി, സി. സ്റ്റാർലറ്റ്, സുനു എന്നിവർ ശുശ്രൂഷകളിൽ നേതൃത്വം നൽകി സഹായിച്ചു.

**9. ഹിന്ദി കൂട്ടായ്മ**

സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനുമായി 2019 ജൂലൈയിൽ ആരംഭം കുറിച്ച് ഹിന്ദി വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനയും ജനുവരി മാസത്തെ എല്ലാ ഞായറാഴ്ചകളിലും 9.30 മുതൽ 2 മണി വരെ പാലാ സെന്റ് തോമസ് എച്ച്.എസ്. ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ബ്രദർ സണ്ണി കാട്ടുക്കാരൻ വചനസന്ദേശവും സൗഖ്യപ്രാർത്ഥനയും നയിച്ചു. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, മാത്യുകുട്ടി താന്നിക്കൽ, ബ്രദർ ജോർജ് കുറ്റനാൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നമ്മുടെ ഇടവകകളിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്നവരെ ഈ സദ്വാർത്ത അറിയിക്കുമല്ലോ. കുമ്പസാരിക്കാനും സൗകര്യമുണ്ടായിരിക്കും.

**10. നവവൈദികരെ ആദരിക്കലും സമൂഹബലിയർപ്പണവും**

നമ്മുടെ കരിസ്മാറ്റിക് കുടുംബത്തിൽ നിന്നും വൈദികരായ ഫാ. തോമസ് വാഴയിലേനേയും ഫാ. മാത്യു വാഴചാരിക്കലിനേയും ഫാ. സിറിൽ കുരീക്കാട്ടിനേയും കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ ജനുവരി 17-ാം തീയതി വെള്ളിയാഴ്ച പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച നടന്ന പ്രാർത്ഥന ശുശ്രൂഷയിൽ വച്ച് റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ആദരിച്ച് പ്രാർത്ഥനാമംഗങ്ങൾ നേർന്നു. തുടർന്ന് നവ വൈദികർ സമൂഹബലിയും അർപ്പിച്ച് സന്ദേശവും നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

---

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

---

ഡിസംബർ ഇരുപത്തെട്ടാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. ജനുവരി അഞ്ചാം തിയതി മുതൽ പതിനൊന്നാം തിയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ചെറിയാൻ മൂലയിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. ജോസഫ് തെരുവിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്,

ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ഫെബ്രുവരി രണ്ട് മുതൽ എട്ട് വരെയും, മാർച്ച് എട്ട് മുതൽ പതിനാല് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

മൗണ്ട് നെബോ ശുശ്രൂഷകളുടെ പുതിയ സംരംഭമായി ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന പേരിൽ ഒരു ലഘുപുസ്തകപരമ്പര, എല്ലാമാസവും രണ്ട് പുസ്തകങ്ങൾ വീതം, പ്രസിദ്ധീകരിക്കുവാനാരംഭിച്ചു. ഇതിന്റെ പ്രകാശന കർമ്മം ഡിസംബർ ഇരുപത്തിരണ്ടാം തിയതി ഞായറാഴ്ച, പാലാ രൂപതാ ബൈബിൾ കൺവെൻഷന്റെ അവസരത്തിൽ, ആദ്യത്തെ നാലുലക്കങ്ങൾ - പൈശാചിക ചങ്ങലകൾ തകർക്കുന്നതിന്റെ പ്രഥമപാഠം, അകൽച്ച അനുഭവപ്പെടുന്നതിലെ പൈശാചിക സാന്നിദ്ധ്യം, മാനുഷികമെന്ന് കരുതുന്നത് പലതും സാത്താനികമാകാം, ക്രൂരതയിലെ പൈശാചിക സ്വാധീനം - പാലാ കത്തീഡ്രൽ പള്ളി വികാരി പെരിയ ബഹു. സെബാസ്റ്റ്യൻ വെട്ടുകല്ലേലച്ചന് നൽകിക്കൊണ്ട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിച്ചു. മൗണ്ട് നെബോയ്ക്ക് പുറമേ, പാലാ സെന്റ് തോമസ് ബുക്ക്സ്റ്റാൾ, പാലാ ഡിവൈൻ മേഴ്സി ബുക്ക്സ്റ്റാൾ എന്നിവിടങ്ങളിൽ പുസ്തകം ലഭ്യമാണ്. പ്രസ്തുത പുസ്തകങ്ങളും തുടർപുസ്തകങ്ങളും ക്രമമായി തപാൽവഴി ലഭിക്കുന്നതിന് 9947114491, 9947114492 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**യൂണിറ്റ് സന്ദർശനം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപതയിലെ യൂണിറ്റുകളുടെ 2019-ലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും രൂപത റീജിയൻ ഭാരവാഹികളുടെ നേതൃത്വത്തിൽ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ യൂണിറ്റ് സന്ദർശനം നടത്തുന്നു. യൂണിറ്റുകളുടെ മാസയോഗങ്ങളോടനുബന്ധിച്ചാണ് യൂണിറ്റ് സന്ദർശനം നടത്തുന്നത്. യൂണിറ്റുകളുടെ സന്ദർശനത്തോടനുബന്ധിച്ച് റിപ്പോർട്ട്, കണക്ക്, അംഗത്വ രജിസ്റ്റർ ബുക്ക് എന്നിവ പരിശോദിക്കുകയും ഇടവകയുടെ ആദ്ധ്യാത്മിക, ഭൗതിക കാര്യങ്ങളിൽ അൽമായ സഭാംഗങ്ങളുടെ സജീവമായ സാന്നിധ്യവും സഹകരണവും ഉറപ്പാക്കുന്നതിന് ബഹു. വികാരിയച്ചനുമായി ആലോചിച്ച് കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ നടത്തപ്പെടുന്ന യൂണിറ്റ് സന്ദർശനങ്ങളിലൂടെ ഇടവകതലത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും നോമ്പുകാലത്ത് നടത്ത

പ്പെടുന്ന വാർഷികസമ്മേളനത്തിൽവച്ച് പ്രസ്തുത യൂണിറ്റുകൾക്ക് പ്രോത്സാഹ നസമ്മാനങ്ങൾ നൽകപ്പെടുകയും ചെയ്യുന്നു.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ദീപിക ഫ്രണ്ട്സ് ക്ലബ് എക്സിക്യൂട്ടീവ് യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത എക്സിക്യൂട്ടീവ് പ്രസിഡന്റ് ഡോ. സണ്ണി വി. സക്കറിയായുടെ അധ്യക്ഷതയിൽ സമ്മേളിച്ചു. ഫാ. സ്കറിയ വേക ത്താനം ചർച്ചകൾക്ക് നേതൃത്വം നല്കി. ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ, ജെയ്സി സണ്ണി പനന്താനത്ത് തുടങ്ങിയവർ പ്രസംഗിച്ചു. മീറ്റിം ഗിൽ പുതിയ കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

**2. ദീപിക നമ്മുടെ ഭാഷാപദ്ധതി പ്രവിത്താനം സ്കൂളിൽ**

ദീപിക നമ്മുടെ ഭാഷാപദ്ധതി പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ വച്ച് നടത്തി. ചുണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കാണ് സ്കൂളിലേക്ക് പത്രം സ്പോൺസർ ചെയ്തിരിക്കുന്നത്.

**3. സ്ക്രീനിൽ കുരുങ്ങുന്ന കുട്ടികൾ - ബുക്ക്ലെറ്റ് വിതരണം നടത്തി**

ദീപിക സ്റ്റാഫ് റിപ്പോർട്ടർ റിച്ചാർഡ് ജോസഫ് തയ്യാറാക്കിയ സ്ക്രീനിൽ കുരുങ്ങുന്ന കുട്ടികൾ എന്ന ബുക്ക്ലെറ്റ് പാലാ രൂപതയുടെ വിവിധ ഇടവകക ളിൽ വിതരണം ചെയ്തു.

**4. പ്രപഞ്ചമാനസം വിതരണം ചെയ്തു.**

ദീപിക ബാലസംഖ്യം ഡയറക്ടർ ഫാ. റോയി കണ്ണംഞ്ചിറ തയ്യാറാ ക്കിയ പ്രപഞ്ചമാനസം എന്ന ചോക്ലേറ്റിലെ പക്ഷികൾ ഉൾച്ചേർത്തുള്ള പുസ്തകം 200 ഓളം കോപ്പികൾ വിറ്റഴിച്ചു.

**5. മാധ്യമ സെമിനാർ - ചുണ്ടച്ചേരിയിൽ**

ഡിഎഫ്സിയുടെ ആഭിമുഖ്യത്തിൽ ചൂണ്ടച്ചേരി ഇടവകയിൽ മാധ്യമ സെമിനാർ സംഘടിപ്പിച്ചു. പ്രസിഡന്റ് ടോമി തുരുത്തിക്കര അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. ജെയിംസ് പൊരുന്നോലിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. സണ്ണി വി. സ്കറിയ, ജോർജ് വടക്കേൽ, ജെയ്സൺ മൈല യ്ക്കൽ, റോയി മാളിയേക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**6. ഡ്രീംലൈൻ വർക്ക് ചൂണ്ടച്ചേരിയിൽ**

ചൂണ്ടച്ചേരി ഇടവകയിൽ പത്രപ്രചാരണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഡ്രീംലൈൻ പരിപാടി നടത്തി. ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്ര ഭാഷണം നടത്തി. ഫാ. ജെയിംസ് പൊരുന്നോലിൽ, ഡിഎഫ്സി ഭാരവാഹികൾ, യോഗപ്രതിനിധികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# ഇൻഫാം

**രൂപതാകമ്മറ്റി**

പാലാ രൂപത ഇൻഫാമിന്റെ രൂപതാകമ്മറ്റി ജനുവരി 10 ചൊവ്വാഴ്ച രാവിലെ 10-ന് ഷാലോമിൽ സമ്മേളിച്ചു. ഡിസംബർ 14-ാം തീയതി നടന്ന രൂപതാ കർഷകസംഗമത്തിൽ പങ്കെടുത്ത കാര്യങ്ങളെക്കുറിച്ചു വിലയിരുത്തി. അഭിവന്ദ്യ പിതാവിനെ കണ്ടു ഭാവിപരിപാടികൾ അറിയിച്ചു. ജനുവരി 17-ാം തീയതി വെള്ളിയാഴ്ച കട്ടപ്പനയിൽ വെച്ചു നടക്കുന്ന ഇൻഫാം ദേശീയ സമ്മേളനത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

**2. ഇൻഫാം ദേശീയ സമ്മേളനം കട്ടപ്പനയിൽ**

ഇൻഫാമിന്റെ ദേശീയ സംസ്ഥാന തലങ്ങളുടെ സമ്മേളനങ്ങൾ ജനുവരി 15,16,17 തീയതികളിലായി കട്ടപ്പനയിൽ വച്ചു നടന്നു. 17-ാം തീയതി ഉച്ചകഴിഞ്ഞ് 2.30-ന് കട്ടപ്പന ഫൊറോനാപള്ളിയുടെ ഫാ. മാത്യു തെക്കേമുറിയിൽ നഗറിലേയ്ക്ക് ആയിരങ്ങളുടെ റാലി നടത്തപ്പെട്ടു. പാലായിൽ നിന്നും ഫാ. ജോസ് തറപ്പേൽ, ബേബി പന്തപ്പള്ളി, മാത്യു മാമ്പറമ്പിൽ, സംസ്ഥാന ട്രഷറർ സണ്ണി മുത്തോലപുരം, ജയിംസ് ചൊവ്വാറ്റുകുന്നേൽ, ജോളി ഭരണങ്ങാനം തുടങ്ങിയവരുടെ നേതൃത്വത്തിൽ ഇൻഫാം പ്രവർത്തകർ റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു. മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം നടത്തിയ സമ്മേളനത്തിൽ ദേശീയ പ്രസിഡന്റ് പി.സി. സിറിയക് ഐ.എ.എസ്. അദ്ധ്യക്ഷത വഹിച്ചു.

**3. ഇൻഫാം മേഖല (ഫൊറോനാ) കമ്മറ്റി ഫെബ്രുവരി 11-ന്**

പാലാ ജില്ലാ (രൂപതാ) തലത്തിലുള്ള എല്ലാ ഇൻഫാം മേഖലാതല ഭാരവാഹികളുടെ പ്രത്യേക സമ്മേളനം ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച 3 മണിക്ക് ഷാലോം സെന്ററിൽ വച്ച് കൂടുന്നതാണ്. എല്ലാ ഫൊറോനാ ഭാരവാഹികളും മീറ്റിംഗിൽ പങ്കെടുക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)




# ആദരാഞ്ജലികൾ



## സി. റോബർട്ട് സി.എം.സി.

പാലാ രൂപത കുറിഞ്ഞി ഇടവകയിൽ പെരുമ്പള്ളിപ്പാറ മത്തായി-റോസ എന്നീ മാതാപിതാക്കളുടെ അഞ്ചു മക്കളിൽ ഇളയ സന്താനമായി 1941 മാർച്ച് 23-ന് സി. റോബർട്ട് ജനിച്ചു. മാമ്മോദീസായിൽ അന്നക്കുട്ടി എന്ന പേര് സ്വീകരിച്ചു. 1961 ൽ രാമപുരം എസ്.എച്ച്. ജി.എച്ച്.എസിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായശേഷം കരൂർ കർമ്മല മഠത്തിൽ പ്രവേശിച്ചു. 1965 ഏപ്രിൽ 18-ന് ആദ്യവ്രതം അനുഷ്ഠിച്ച സി. റോബർട്ട് 1969 മാർച്ച് 31-ന് നിത്യവ്രതവാഗ്ദാനത്തിലൂടെ ഈശോയ്ക്ക് സമ്പൂർണ്ണമായി സമർപ്പിച്ചു. തന്റെ പ്രിയപ്പെട്ട മാതാപിതാക്കളുടെയും വല്യമ്മച്ചിയുടെയും സ്നേഹവും മാതൃകയും പ്രാർത്ഥനയും തന്റെ ദൈവവിളിക്ക് പ്രചോദനമായതായി സിസ്റ്റർ സാക്ഷ്യപ്പെടുത്തുമായിരുന്നു. നേഴ്സറി സ്കൂളിലെ കുരുന്നുഹൃദയങ്ങളിൽ അക്ഷരജ്ഞാനത്തോടൊപ്പം നേഴ്സറി സ്കൂളിലെ കുരുന്നുഹൃദയങ്ങളിൽ അക്ഷരജ്ഞാനത്തോടൊപ്പം ആത്മജ്ഞാനയും കൊടുത്ത് അവരെ വിശുദ്ധിയിലും വിജ്ഞാനത്തിലും വളർത്തുവാൻ അമ്മ എപ്പോഴും ശ്രദ്ധിച്ചിരുന്നു. തന്റെ കൈകളിലൂടെ കടന്നുപോയ സകല കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും നല്ല ഒരു അധ്യാപികയും അമ്മയും സഹോദരിയുമായിരുന്നു. ഭക്തസംഘടനകളുടെ നേതൃത്വം വഹിക്കുക, കൊച്ചുകുട്ടികളെ ആദ്യ കുർബാന സ്വീകരണത്തിന് ഒരുക്കുക എന്നീ ദിവ്യമായ ഉത്തരവാദിത്തങ്ങൾ അമ്മയുടെ പ്രത്യേക താൽപര്യമുള്ള കർമ്മവേദികളായിരുന്നു. അമ്മ അംഗമായിരുന്ന ചേർപ്പുങ്കൽ, കാളികാവ്, പിറവ്, തുടങ്ങനാട്, നീറന്താനം, രാമപുരം, അന്തീനാട്, മുണ്ടാങ്കൽ, മൂന്നാനി, മുട്ടുചിറ, പിഴക്, പ്രവിത്താനം എന്നീ മഠങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജാതിമതഭേദമെന്യേ സർവ്വ കുടുംബങ്ങൾക്കും റോബർട്ടമ്മ അവരുടെ ഒരു കുടുംബാംഗത്തെപ്പോലെ ആയിരുന്നു കൊണ്ട് അവരെ നന്മയിലേക്കും സത്യത്തിലേക്കും നയിക്കുന്ന വിശ്വാസദർശനത്തിന്റെ മാതൃകയും മാതാവുമായിരുന്നു. എല്ലാവരെയും കൂടെപ്പിറപ്പുകളായി

കാണാനും ഉൾക്കൊള്ളുവാനും വേണ്ട ഔദാര്യവും സന്നദ്ധതയും നിറഞ്ഞ അമ്മ എന്നും പാവപ്പെട്ടവരുടെ പക്ഷത്തായിരുന്നു. നേഴ്സറിയിൽനിന്നും വിരമിച്ചശേഷം മുട്ടുചിറയിലുള്ള സീയോൻ ഭവനിൽ ഹോം നേഴ്സിംഗ് കുട്ടികളുടെ പരിശീലന ത്തിൽ ഏഴു വർഷത്തോളം സഹായിക്കാൻ കിട്ടിയ അവസരം ഒരു മഹാഭാഗ്യ മായി അമ്മ കരുതിയിരുന്നു.

ക്യാൻസർ രോഗത്തിന്റെ പിടിയിൽനിന്നും മോചിതയായ അമ്മ തന്റെ രോഗാവസ്ഥകൾ ഒന്നും പരിഗണിക്കാതെ ഭവനസന്ദർശനങ്ങൾ നടത്തുന്നതിനും സഹജരെ ഹൃദയം തുറന്നു സ്നേഹിക്കുന്നതിനും സന്നദ്ധയായിരുന്നു. സമൂഹ ത്തിൽ മെയ് മാനേജർ, ബോർഡിംഗ് മിസ്ട്രസ് തുടങ്ങിയ ഉത്തരവാദിത്തപൂർണ്ണ മായ ജോലികൾ ത്യാഗനിഷ്ഠയോടും ആത്മാർത്ഥതയോടും കൂടെ നിർവഹി ക്കുന്നതിൽ അമ്മ സന്തോഷം കണ്ടെത്തിയിരുന്നു. ഡിസംബർ 3-ാം തീയതിയു ണ്ടായ ഒരു വീഴ്ചയെത്തുടർന്ന് കാർമ്മൽ മെഡിക്കൽ സെന്ററിൽ അഡ്മിറ്റാവു കയും ആശുപത്രിയിൽവച്ചു തന്നെ ഡിസംബർ 18-ന് സ്ട്രോക്ക് ഉണ്ടായതിനെ തുടർന്ന് ഐസിയു-വിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്ത അമ്മ രോഗീലേ പനം സ്വീകരിച്ച് മരണത്തിനായി ഒരുങ്ങി. ക്രമേണ രോഗത്തിന്റെ അവശതകൾ വർദ്ധിച്ച് ഡിസംബർ 26-ാം തീയതി വൈകുന്നേരം 5.45-ന് സിസ്റ്റേഴ്സിന്റെയും വീട്ടുകാരുടെയും പ്രാർത്ഥനാമദ്ധ്യേ തന്റെ പാവനാത്മാവിനെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കുകയും ചെയ്തു. അന്നുതന്നെ 8 മണിയോടെ മൃതദേഹം മഠം ചാപ്പ ലിലേക്ക് കൊണ്ടുവന്നു.

പിറ്റേന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും മാർ ജേക്കബ് മുരിക്കൻ പിതാവും മഠം ചാപ്പലിലെത്തി ഒപ്പീസ് നടത്തുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ഡിസംബർ 27-ന് ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് റോബർട്ട മ്മയുടെ മാതൃസഹോദരപൗത്രൻ റവ.ഫാ. ബിജു കുട്ടപ്ലാക്കൽ സി.എം.ഐ. യുടെ മുഖ്യ കാർമ്മകത്വത്തിൽ മഠം ചാപ്പലിൽ അർപ്പിച്ച സമൂഹബലി മദ്ധ്യേ പ്രവി ത്താനം പള്ളി അസി. വികാരി റവ.ഫാ. തോമസ് പട്ടേരി ചരമപ്രസംഗം നടത്തി. തുടർന്ന് അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളു ടെയും നിരവധി നാട്ടുകാരുടെയും സാന്നിധ്യത്തിൽ മൃതദേഹം പ്രവിത്താനം ഫൊറോനപള്ളി സിമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2020

| | | |
|---|---|---|
| 1 | 02.15 pm | പെരിങ്ങുളം ഇടവകയിൽ ഡീക്കൻ ഒഴുകയിൽ ജോർജിന് പൗരോഹിത്യപട്ടം നൽകി. |
| 2 | 02.15 pm | കയ്യൂർ ഇടവകയിൽ ഡീക്കൻ തോമസ് പുതുപറമ്പിലിനും ഡീക്കൻ ജോസഫ് ആലാനിക്കും പൗരോഹിത്യപട്ടം നല്കുകയും അവരോടൊപ്പം വി. കുർബാന അർപ്പിക്കുകയും ചെയ്തു. |
| | 07.00 pm | ചങ്ങനാശ്ശേരി അരമനയിൽ കൂടിയ ദീപിക മീറ്റിംഗിൽ പങ്കെടുത്തു. |
| 3 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | ചക്കാമ്പുഴ ഇടവകയിൽ കൽക്കുരിശും, കൊടിമരവും ബേസ്ഗസകളും ബേമയും പുതുക്കിയ അൾത്താരയും വെഞ്ചെരിച്ചു. |
| 4 | 12.00 noon | കയ്യൂർ ഇടവകയിൽ ഒത്തുകല്യാണം ആശീർവദിച്ചു. |
| | 02.15 pm | നരിയങ്ങാനം ഇടവകയിൽ ഡീക്കൻ വാഴചാരിക്കൽ മാത്യുവിന് പൗരോഹിത്യപട്ടം നൽകി. |
| | 05.00 pm | രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 5 | 05.00 pm | വേദഗിരി ഇടവകയിൽ കൽകുരിശ്, കൊടിമരം, ഗ്രോട്ടോ, ആർച്ച് എന്നിവ വെഞ്ചെരിച്ചു. |
| 6 | 05.00 pm | കത്തീഡ്രലിൽ ദനഹാതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 7-15 | | സീറോ-മലബാർ സഭാ സിനഡിൽ സംബന്ധിച്ചു. |
| 11 | 4.00 pm | കുറവിലങ്ങാട് നടന്ന കെ.സി.എസ്.എൽ. സ്റ്റേറ്റ് കലോത്സവ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 12 | 09.30 am | നെടുംകുന്നം ഇടവകയിൽ ബഹു. മണ്ണാർകുളത്തച്ചന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | അറക്കുളം പുത്തൻപള്ളിയിൽ സുറിയാനി കുർബാനയർപ്പിച്ചു. |
| 16 | 09.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ ആശുപത്രിയിൽ എം. ആർ.ഐ. വെഞ്ചെരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു. |
| | 05.00 pm | കടുത്തുരുത്തി ഫൊറോന പള്ളിയിൽ സുറിയാനി കുർബാനയർപ്പിച്ചു. |
| 17 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 18 | 10.30 am | മണിമല ഇടവകയിൽ വിവാഹ ആശീർവാദ കൂദാശയിൽ സംബന്ധിച്ചു. |
| | 02.30 pm | കത്തീഡ്രലിൽ ഓലിക്കൽ ബേബി ഡോക്ടറുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 pm | കൊണ്ടാട് ഇടവകയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| | 08.00 pm | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ബഹു. തണ്ണിപാറയച്ചന്റെ നേതൃത്വത്തിൽ ജർമ്മനിയിൽനിന്നും വന്ന അതിഥികളുമായി സംസാരിച്ചു. |
| 19 | 02.30 pm | കത്തീഡ്രലിൽ സി.എം.എൽ രൂപതാവാർഷികം ഉദ്ഘാടനം ചെയ്തു. |
| | 04.00 pm | കാഞ്ഞിരത്താനം ഇടവകയിൽ സുറിയാനി കുർബാനയർപ്പിച്ചു. |
| 20 | 04.00 pm | പൂഴിക്കോൽ ഇടവകയിൽ ഹോം പാലായോടനുബന്ധിച്ച് പണികഴിപ്പിച്ച ഭവനം വെഞ്ചരിച്ചു. |
| 21 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | മൂഴൂർ ഇടവകയുടെ ജൂബിലിയോടനുബന്ധിച്ചുള്ള കുർബാനയിൽ സംബന്ധിക്കുകയും തുടർന്നുള്ള മീറ്റിംഗിൽ അദ്ധ്യക്ഷപദം അലങ്കരിക്കുകയും ചെയ്തു. |

| | | |
|---|---|---|
| 22 | 10.30 am | മണ്ണയ്ക്കനാട് ഇടവകയിൽ ഒ.എൽ.സി. ബധിരവിദ്യാലയത്തിന്റെ സിൽവർ ജൂബിലി ഉദ്ഘാടനം ചെയ്തു. |
| | 03.45 pm | കടനാട് ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഒരു ഭവനം വെഞ്ചെരിച്ചു. |
| | 05.00 pm | പെരിങ്ങുളം ഇടവകയിൽ കുരിശുപള്ളി വെഞ്ചെരിക്കുകയും ഹോം പാലായുടെ ഒരു ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുകയും ചെയ്തു. |
| 23 | 10.30 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന മാതൃവേദി ഗ്ലോബൽ മീറ്റ് ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | അരമനയിൽ ബി.എഡ്. കോളേജിന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | കരൂർ ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| 24 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 25 | 03.15 pm | കുരുവിനാൽ ഇടവകയിൽ പുതുതായി പണിതീർത്ത പാരിഷ് ഹാൾ വെഞ്ചെരിച്ചു. |
| | 04.30 pm | ഇടമറ്റം ഇടവകയുടെ 150-ാം ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. |
| 26 | 09.00 am | ചെമ്മലമറ്റം ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. |
| | 02.30 pm | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിശ്വാസപരിശീലനവാർഷികത്തിൽ സന്ദേശം നല്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. |
| 27 | 04.00 pm | പാലാ കിഴതടിയൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ആർ.വി. തോമസ് അനുസ്മരണം ഉദ്ഘാടനം ചെയ്തു. |
| | 06.30 pm | കത്തീഡ്രലിൽ മാട്ടേൽ കുടുംബത്തിലെ ഭദ്രന്റെ അമ്മയുടെ വേർപാടിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 28 | 08.00 am | വടവാതൂർ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 11.00 am | കുറവിലങ്ങാട് ഹോം പാലായുമായി ബന്ധപ്പെട്ട് പണിതീർത്ത 8 ഭവനങ്ങൾ വെഞ്ചെരിച്ചു. |

| | | |
|---|---|---|
| | 03.30 pm | ചേന്നാട് ഇടവകയിൽ ബഹു. സിറിയക് വടക്കേൽ അച്ചന്റെ മാതാവ് അന്നമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 05.00 pm | നീറന്താനം ഇടവകയിൽ കുരിശുപള്ളി വെഞ്ചെരിച്ചു. |
| 30 | 03.00 pm | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോം സൊസൈറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | മുണ്ടാങ്കൽ ഇടവകയിൽ ഹോം പാലയോടനുബന്ധിച്ച് ഒരു ഭവനം വെഞ്ചെരിച്ചു. |
| 31 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.30 pm | കൊഴുവനാൽ ഇടവകയിൽ സ്കൂളിന്റെ വെഞ്ചെരിപ്പുകർമ്മം നിർവ്വഹിക്കുകയും ഹോം പാലയോടനുബന്ധിച്ച് പണിതീർത്ത ഭവനം വെഞ്ചെരിക്കുകയും ചെയ്തു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2020

| | | |
|---|---|---|
| 1 | 09.15 am | കാവുകണ്ടം ഇടവകയിൽ ഡീക്കൻ തോമസ് വാഴയിലിന്റെ പൗരോഹിത്യ പട്ട തിരുകർമ്മത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 05.00 pm | വാരിയാനിക്കാട് ഇടവകയിൽ വി. കുർബാന അർപ്പിച്ചു. |
| | 07.30 pm | മണിമല ഹോളി മാഗി ഫൊറോന പള്ളിയിൽ ബൈബിൾ കൺവൻഷനിൽ പങ്കെടുത്ത് വചനസന്ദേശം നല്കി. |
| 02 | 09.15 am | ജയ്ഗിരി ഇടവകയിൽ ഡീക്കൻ ആന്റണി വാഴക്കാലയിലച്ചന്റെ പൗരോഹിത്യപട്ട തിരുകർമ്മത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 02.30 pm | അൽഫോൻസാ കോളേജിൽ വച്ച് നടന്ന എസ്.എം.വൈ.എം. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | കോട്ടയത്ത് വച്ച് നടന്ന ട്രാഡാ മീറ്റിംഗിൽ പങ്കെടുത്തു. |
| 03 | 8 - 12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കുറവിലങ്ങാട് ഗേൾസ് എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നടത്തി. |
| 04 | 09.15 am | കടപ്ലാമറ്റം ഇടവകയിൽ ഡീക്കൻ ജോസഫ് കൂവള്ളൂരിന്റെ പൗരോഹിത്യം പട്ട തിരുകർമ്മത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 11.30 am | രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 04.00 pm | അയ്യമ്പാറ ഇടവകയിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 05 | 06.00 am | മൈനർ സെമിനാരിയിൽ റാസ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| | 12.00 noon | ഇലപ്പള്ളി ഇടവകയിൽ വൈദിക മന്ദിരത്തിന് തറക്കല്ലിട്ടു. |
| 06 | 10.00 am | കത്തീഡ്രൽ ഇടവകയിൽ ദനഹ തിരുനാളിനോടനുബന്ധിച്ചുള്ള റാസ കുർബാനയിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 03.30 pm | പൂഞ്ഞാർ ഇടവകയിൽ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്ത് ധ്യാനചിന്തകൾ പങ്കുവച്ചു. |
| 7-15 | | സീറോ മലബാർ സഭാസിനഡിൽ പങ്കെടുത്തു. |
| 11 | 05.30 pm | ചക്കാമ്പുഴ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 12 | 04.00 pm | ഇടമറുക് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| | 07.00 pm | മേരിലാന്റ് ഇടവകയിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 16 | 01.00 pm | കുറവിലങ്ങാട് ദേവമാതാ കോളേജ് മീറ്റിംഗിൽ പങ്കെടുത്തു. |
| 17 | 8-10 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 am | പാലാ സെന്റ് തോമസ് കോളേജിൽ ബ്ലഡ് ഡോണേഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ബഡ് ഡൊണേഷൻ ക്യാമ്പിൽ പങ്കെടുത്ത് രക്തം ദാനം ചെയ്തു. |
| | 02.00 pm | അരുവിത്തുറയിൽ സ്കൂൾ മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.30 pm | ചേന്നപ്പടി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കരുബാനയർപ്പിച്ചു. |
| 18 | 10.15 am | ഡോ. ബേബി ഓലിക്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 12.30 pm | ഭരണങ്ങാനം ഇടവകയിൽ മിഷൻ ലീഗിന്റെ ആദ്യകാല പ്രവർത്തകരുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.00 pm | മൂഴൂർ ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 19 | | മുത്തോലപുരം ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 20 | 11.00 am | ഭരണങ്ങാനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | ട്രാഡാ മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 21 | 06.15 am | ഐക്കൊമ്പ് ഇടവകയിൽ മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 12.00 noon | ചെമ്പിളാവ് ഇടവകയിൽ ജോസി താമരശ്ശേരി സി. എം.ഐ യുടെ ജൂബിലിയിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 22 | 06.15 am | മാര്യേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| | 11.00 am | മൂന്നിലവ് ഇടവകയിൽ മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 04.30 pm | കത്തീഡ്രൽ ഇടവകയിൽ മാമ്മോദീസ പരികർമ്മം ചെയ്തു. |
| 23 | 03.00 pm | ബി.എഡ്. കോളേജിൽ വച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു. |
| 24 | 8-9.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.00 am | ളാലം സെന്റ് മേരീസ് സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 12.45 pm | മാതൃജ്യോതിയുടെ ഗ്ലോബൽ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 25 | 09.00 am | ഇലഞ്ഞി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 27 | 02.00 pm | സെന്റ് തോമസ് സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 28 | 8.30-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 29 | 09.30 am | പാലായിൽ ഒരു ദന്താശുപത്രിയുടെ വെഞ്ചരിപ്പു നടത്തി. |
| | 12 noon | കൊച്ചിടപ്പാടി പൈകട ആതുരാലയത്തിൽ കാരുണ്യദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ട പരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 30 | 12.00 noon | ബി.എഡ്. കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 02.30 pm | മുത്തോലപുരം എച്ച്.എസ്.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| | 06.30 pm | ചേർപ്പുങ്കൽ ഇടവകയിൽ വെഞ്ചരിപ്പിൽ പങ്കെടുത്തു. |
| 31 | 8.30-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.30 pm | കടനാട് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

## FEBRUARY 2020

| | | | |
|---|---|---|---|
| 1 | Sat | 11.00 am | Kuravilangadu : Marriage |
| | | 05.30 pm | Kadanad: Blessing |
| 2 | Sun | 11.30 am | Mannackanad : Blessing |
| | | 02.30 pm | Pala, St. Marthas : Holy Qurbana |
| 3 | Mon | 10.00 am | Kanjirappally : Installation, Mar Jose Pulickal |
| | | pm | Kakkanad : Permanant Synod |
| 4 | Tue | 10-12 | Visitor's Time |
| | | 04.00 pm | Lourdes Mount : Blessing |
| 4-5 | | | Bishop's House : New Priest Day |
| 5 | | 11.00 am | Vellikulam : School Blessing |
| | | 04.30 pm | Kuravilangad : Syriac Mass |
| | | pm | Muvattupuzha : Bishop's Retreat |
| 6 | Thu | am | Muvattupuzha : Bishop's Retreat |
| | | 04.00 pm | Barananganam : Meeting |
| 7 | Fri | | Engaged |
| 8 | Sat | am | Engaged |
| | | 01.45 pm | Alphonsa College : Meeting |
| | | 02.30 pm | Pastoral Institute : Meeting |
| | | 05.00 pm | Karimpany : Blessing |
| 9 | Sun | am | Engaged |

| | | | |
|---|---|---|---|
| | | 04.00 pm | Kayyoor : Syriac Mass |
| 10 | Mon | 09.30 am | Vilakkumadam: Blessing |
| | | 10.30 am | Plassanal : Meeting |
| | | 03.00 pm | St. Thomas College : Meeting |
| | | 05.30 pm | Bharananganam : Meeting |
| 11 | Tue | 10-12 noon | Visitor's Time |
| | | 03.00 pm | Kuravilangad : Blessing |
| 12 | Wed | | Engaged |
| 12-20 | | | Banglore : CBCI Meeting |
| 21 | Fri | 10-12 noon | Visitor's Time |
| | | 06.00 pm | Bishop's House : Monthly Recollection |
| 22 | Sat | 02.30 pm | Bishop's House : Meeting |
| | | 05.00 pm | Teekoy : Blessing |
| 24 | Mon | 06.30 am | Cathedral : Holy Qurbana |
| 24-March 2 | | | Adilabad  Mission Visit |



## Auxiliary Bishop's Engagements

# Mar Jacob Muricken

## FEBRUARY 2020

| | | | |
|---|---|---|---|
| 01 | Sat | 9.00 am | Bharananganam : Baptism |
| | | 12.00 noon | Neeloor : Betrothal |
| | | 04.00 pm | St. Antony's Church Pothi : Qurbana |
| 02 | Sun | 12.00 noon | Muthalakodam : Marriage |
| | | 04.00 pm | Bharananganam : Betrothal |
| 03 | Mon | 10.00 am | Installation : Mar Jose Pulikal, Kanjirapally |
| | | 05.00 pm | Kuravilangadu : Qurbana Moonnu Noyambu |
| 04 | Tue | 8.30-12 noon | Visitor's Day |
| | | 03.00 pm | Cherpunkal Nursing College : Meeting |
| | | pm | Bishop's House : New Priest |
| 5 | Wed | 06.00 am | Bishop's House : Holy Qurbana with New Priest |
| 6 | Thu | | Muvattupuzha : Bishop's Retreat |
| 7 | Fri | 08.30 am | Changanachery : Meeting |
| | | 02.00 pm | Kuravilangadu Devamatha College : Meeting |
| 08 | Sat | 10.00 am | Cair Homes : Meeting |
| | | 11.00 am | Lalam Old : Marriage |
| | | 12.30 pm | Kalikavu : Betrothal |

| | | | |
|---|---|---|---|
| | | 03.00 pm | Kattampak PBS Convent : Chapel Consecration |
| | | 05.30 pm | Mattathipara : Qurbana |
| 09 | Sun | 10.00 am | Vadakkekara : Changanassery |
| 10 | Mon | 12.30 pm | Aruvithura HSS : Meeting |
| 11 | Tue | 8.30-12 noon | Visitor's Day |
| | | 04.00 pm | Bishop House : Meeting |
| 12-19 | | | CBCI : Meeting |
| 21 | Fri | 8.30-12 noon | Visitors Day |
| | | 03.00 pm | Thellakom : Meeting |
| | | 06.00 pm | Bishop's House :Monthly Recollection |
| 22 | Sat | 11.45 pm | Muttuchira : Betrothal |
| 24 | Mon | 10.30 am | Kothanalloor HSS : Meeting |
| 25 | Tue | 06.15 am | St. Martha Generalate : Qurbana |
| | | 8.30-12 noon | Visito'rs Day |
| 26 | Wed | 10-4.00 pm | Kuttikanam : Seminar |
| 27 | Thu | 9.30 | Kudakkachira HSS : Meeting |
| 28 | Fri | 8.30-12 noon | Visitor's Day |
| | | 04.30 pm | Parepally : Changanassery |
| 29 | Sat | 03.00 pm | Meeting |



## മാത്യു ജോസഫ് അമരത്തുപറമ്പിലിന് ദൈവാലയ ശുശ്രൂഷിക്കുള്ള ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്

പാലാ രൂപതയിലെ ദൈവാലയ ശുശ്രൂഷകർക്കായുള്ള 2019 ലെ ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡിന് മാത്യു ജോസഫ് അമരത്തു പറമ്പിൽ അർഹനായി. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. 2020 ജനുവരി 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അവാർഡ് സമ്മാനിക്കുന്നതാണ്.

നല്ലൊരു ആത്മീയഗുരുവും അജപാലകനും അറിപ്പെടുന്ന വചനപ്രഘോഷകനുമായിരുന്നു ബഹു. ജോൺ ലൂക്ക് തുരുത്തിപ്പള്ളി അച്ചൻ. ഉത്തമരായ ദൈവാലയ ശുശ്രൂഷികളെ പ്രോത്സാഹിപ്പിക്കാനായി അദ്ദേഹം ഏർപ്പെടുത്തിയതാണ് ഈ അവാർഡ്. 1990 സെപ്റ്റംബർ 14 -ന് റോമിൽ വെച്ച് നിര്യാതനായ ബഹു. ജോൺ ലൂക്ക് തുരുത്തിപ്പള്ളി അച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി നൽകപ്പെടുന്ന ഈ അവാർഡിന് അർഹനാകുന്ന 15-ാമത്തെ വ്യക്തിയാണ് ശ്രീ. മാത്യു അമരത്തുപറമ്പിൽ.

വയല സെന്റ് ജോർജ് ഇടവകയിൽ കഴിഞ്ഞ 29 വർഷമായി പ്രശംസീയമാം വിധം ശുശ്രൂഷ ചെയ്തു വരികയാണ് ശ്രീ. മാത്യു ജോസഫ്. 1961 ൽ ജനിച്ച ശ്രീ. മാത്യു ജോസഫ് കോട്ടയ്ക്കപ്പുറം തെക്കേതോട്ടത്തിൽ മേരിയെ വിവാഹം ചെയ്തു. അനു, അജി എന്നിവരാണ് മക്കൾ.

ഇടവകകളിൽ നിന്ന് ബഹു. വികാരിയച്ചന്മാർ വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ലഭിച്ച അപേക്ഷകൾ അവാർഡ് നിർണ്ണയ കമ്മിറ്റി പരിശോധിച്ച് പരിഗണനാർഹമായ അപേക്ഷ തെരഞ്ഞെടുക്കുകയും ചെയ്തു. ആ ഇടവകയിലെ കൈക്കാരന്മാർ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, മഠത്തിലെ മദർ സുപ്പീരിയർ എന്നിവരുടെ അഭിപ്രായങ്ങൾ രേഖാമൂലം സ്വീകരിക്കുകയും മുൻ വികാരിമാരിൽ പലരുടെയും വിലയിരുത്തുകൾ അറിയുകയും ചെയ്യുക അവാർഡ് നിർണ്ണയത്തിനുള്ള നടപടികളാണ്. ഈ നടപടികൾ പൂർത്തിയാക്കി അഭിവന്ദ്യ പിതാവിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിവന്ദ്യ പിതാവ് സ്വീകരിച്ച അന്തിമ തീരുമാനമനുസരിച്ചാണ് 2019-ലെ അവാർഡിന് ശ്രീ. മാത്യു ജോസഫ് അമരത്തുപറമ്പിൽ അർഹനായത്.



**കെ.സി.എസ്.എൽ സംസ്ഥാന  കലോത്സവ സമാപന സമ്മേളനം**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**




**അന്തർദേശീയ സീറോ മലബാർ മാതൃവേദി ജനറൽ ബോഡിയോഗത്തിന്റെയും ഇലക്ഷൻ ക്യാമ്പയിന്റെയും**
**സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് അധ്യക്ഷത വഹിക്കുന്നു**



**USA Nashville രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ Bishop Mark Spalding**
**ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചപ്പോൾ**

2020
FEBRUARY

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



സീറോ –മലബാർ സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന
28–ാമത് സൂനഹദോസിന്റെ ആദ്യ സെഷനിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാർ



72–ാമത് പാലാ രൂപത മിഷൻലീഗ് വാർഷികം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

Printed at St. Thomas Press, Palai and Published by Fr. John Edettu